# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 | ലക്കം - 6 | തുലാം - 1196 | നവംബർ 2020



## പ്രിയ ഗായകൻ എസ്. പി. ബാലസുബ്രഹ്മണ്യ അനുസ്മരണയോഗത്തിൽ നിന്ന്...














എഡിറ്റോറിയൽ

# സാമ്പത്തിക സംവരണം

ജാതിസംവരണം തുടങ്ങിയിട്ട് ഏതാണ്ട് 70 വർഷം ആയിരിക്കുന്നു. ഒരു ജനാധിപത്യരാജ്യമായ നമ്മുടെ നാട്ടിൽ ഈ സംവിധാനം ഇപ്പോഴും തുടരുകയാണ്. ഹിന്ദുക്കളുടെ ഇടയിലുണ്ടായിരുന്ന ജാതിവിവേചനംകൊണ്ട് സാമൂഹ്യമായും വിദ്യാഭ്യാസപരമായും അന്ന് പിന്നിലായിരുന്ന ഒരു ജനവിഭാഗത്തെ ഉയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ, പത്തു വർഷക്കാലത്തേക്ക് ഭരണഘടനാ ശില്പികൾ തുടങ്ങി വെച്ച ജാതി സംവരണം ഏഴ് പതിറ്റാണ്ടുകൾക്കുശേഷം ഇന്നും തുടരുന്നു എന്നുള്ളത് ഏറെ ചിന്തനീയമാണ്.

ഇത്തരുണത്തിൽ ചിന്തിക്കേണ്ടത് കഴിഞ്ഞ 70 വർഷമായി വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും തത്ഫലമായി സാമൂഹ്യതലത്തിലും മറ്റുള്ളവരുടെ പിന്നിലേക്ക് മാറ്റി നിർത്തപ്പെട്ട ഹതഭാഗ്യരായ ഒരു വിഭാഗത്തെക്കുറിച്ചാണ്. മുന്നോക്കം എന്ന പേരു നല്കി കഴിവുള്ളവനെ കഴിവില്ലാത്തവന്റെ പിന്നിലാക്കുന്നു. കഴിവില്ലാത്തവൻ ഈ അശാസ്ത്രീയ സംവരണം കൊണ്ട് വിദ്യാഭ്യാസവും ജോലിയും നേടി എടുക്കുമ്പോൾ അവനെക്കാൾ കഴിവും സാമർത്ഥ്യവുമുള്ളവർ പിന്തള്ളപ്പെടുകയും നിരാശരായി അവർ തെരുവിൽ അലയുകയും ചെയ്യുന്നു. ഈ അവസ്ഥക്കൊരല്പം ആശ്വാസം പകരുന്നതിനായി കേന്ദ്രസർക്കാർ സാമ്പത്തികമായി പിന്നോക്കാവസ്ഥ അനുഭവിക്കുന്ന മുന്നോക്കക്കാരിലെ പാവപ്പെട്ടവർക്ക് ജനറൽ ക്വോട്ടയിൽ 10% സീറ്റ് സംവരണം ചെയ്യുകയുണ്ടായി. 124-ാം ഭരണഘടനാ ഭേദഗതിയായി 2019 ജാനുവരിയിൽ പാർലമെന്റിൽ അവതരിപ്പിച്ച ബില്ല് ബഹുഭൂരിപക്ഷത്തോടെയാണ് പാസ്സാക്കി ബഹു : പ്രസിഡണ്ട് ഒപ്പിട്ട് നിയമമായത്. ഈ നിയമം 2019 ഫെബ്രുവരി മുതൽ നടപ്പാക്കാനായിരുന്നു കേന്ദ്രനിർദ്ദേശം. കേരളമൊഴികെയുള്ള മിക്ക സംസ്ഥാനങ്ങളും കഴിഞ്ഞ വർഷം തന്നെ കേന്ദ്രനിർദ്ദേശാനുസരണം 10% EWS ക്വാട്ടാ വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലും നല്കി കഴിഞ്ഞു. എന്നാൽ കേരളം ഇപ്പോഴാണ് ഈ നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചത്. സംസ്ഥാനസർക്കാരിന്റെ നിർദ്ദേശാനുസരണം കേരള പി. എസ്. സി യും ഇതിനനുസൃതമായി വിജ്ഞാപനം ഇറക്കി കഴിഞ്ഞു. എന്നാൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളിൽ മാറ്റം വരുത്തിയാണ് കേരളം നടപ്പിലാക്കിയത്. പ്രധാനമായും സാമ്പത്തിക പിന്നോക്കാവസ്ഥ നിശ്ചയിക്കാനുള്ള വരുമാനപരിധിയുടെ കാര്യത്തിൽ വലിയ അന്തരമാണുള്ളത്. കേന്ദ്രസർക്കാർ നിയമത്തിൽ എട്ടുലക്ഷം രൂപ കുടുംബവാർഷിക വരുമാനമാണ് പറഞ്ഞിരിക്കുന്നതെങ്കിൽ കേരളത്തിൽ അത് നേർപകുതി ആക്കി നാലുലക്ഷമാക്കി



തൊണ്ണൂറ്റിയഞ്ച് വർഷത്തെ സേവനപാരമ്പര്യം

# ഉള്ളടക്കം

വാല്യം 13 | ലക്കം 6 | നവംബർ 2020

എഡിറ്റോറിയൽ 3
സെക്രട്ടറിയുടെ പംക്തി 5
ബാലലോകം 7
രാഗപരിചയം 10
വാസ്തു 11
ക്ഷേത്രങ്ങളിലൂടെ 12
മഹാഭാരതം 17
ഹരിസുധാലഹരി 20
പാതഞ്ജലയോഗദർശനം 22
മുൻവിധികൾ 23
ശാസ്ത്രത്തിന്റെ ചരിത്രം - 7 26
ദുർഭഗ 28
മഞ്ഞുകണങ്ങൾ 32
നിമിത്തങ്ങളും ശകുനവും 36
ശ്രീ ഹനുമാൻ എന്റെ ഇഷ്ടകഥാപാത്രം 40
മൂല്യങ്ങളുടെ വിൽപത്രം 46
രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം 47
രാമായണം എന്ന പുരാണ ഇതിഹാസം ശാസ്ത്ര-
സത്യമായി യുഗയുഗാന്തരങ്ങൾപിന്നിടുമ്പോൾ 52
പകർച്ചവ്യാധി എന്ന മഹാവ്യാധി 55
വ്യക്തിപ്രഭാവം ശ്രീവിശ്വനാഥ ശർമ്മ 57
മാസഫലം 58
മാട്രിമോണിയൽ 59-66

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

ചുരുക്കി. അതുകൊണ്ട് കേന്ദ്രനിയമമനുസരിച്ച് സംവരണപരിധിക്കുള്ളിൽ വരേണ്ട ഒരു നല്ല വിഭാഗം ആളുകൾ പരിധിക്ക് പുറത്തായി. ഇത് തീർച്ചയായും തിരുത്തപ്പെടേണ്ടതാണ്. കേന്ദ്രനിയമം അതേപടി മുൻകാല പ്രാബല്യത്തോടെ ഇവിടെയും നടപ്പിലാക്കേണ്ടതാണ്. എന്തായാലും ഇത്രകാലവും ദുരിതം അനുഭവിച്ച ഒരു ജനവിഭാഗത്തിന് അല്പം ആശ്വാസം പകരുന്ന ഒരു നടപടി കേന്ദ്ര, കേരള സർക്കാരുകളുടെ ഭാഗത്തു നിന്നും ഉണ്ടായപ്പോൾ, അർഹവും അനർഹവുമായ ഒട്ടേറെ ആനുകൂല്യങ്ങൾ സർക്കാരിൽ നിന്ന് കൈപ്പറ്റി മറ്റ് മിക്ക സമുദായങ്ങളേയും പിന്നിലാക്കി സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറെ മുമ്പിലെത്തിയ ഒരു വിഭാഗം പ്രതിഷേധവുമായി രംഗത്തെത്തിയത് മനുഷ്യസ്നേഹവും സഹാനുഭൂതിയുമുള്ള സകലരേയും ഞെട്ടിച്ചു. കാരണം EWS സംവരണം ജനറൽ ക്വാട്ടയിൽ നിന്നുമാണ് എടുക്കുന്നത്. അത് സംവരണക്കാരെ ഒരു തരത്തിലും ബാധിക്കില്ല. തങ്ങൾക്ക് ഒരു നഷ്ടവും ഇല്ലെങ്കിലും മറ്റുള്ളവർക്ക് ഒന്നും കൊടുക്കുവാൻ പാടില്ല എന്ന അതിനീചചിന്ത. ഇനിയും ഈ പറയുന്നവരുടെ കാര്യമെടുത്താലോ? ന്യൂനപക്ഷത്തിന്റെ എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നു . ഒപ്പം സംവരണം ഉൾപ്പടെ പിന്നോക്ക വിഭാഗ ആനുകൂല്യങ്ങളും. സംവരണം ലഭിക്കാൻ യാതൊരു അർഹതയും ഇല്ലാത്ത ഇക്കൂട്ടർക്ക് അത് നല്കുന്നത് രാഷ്ട്രീയ പ്രീണനത്തിനു വേണ്ടി മാത്രമാണ്. ഇവർ അനുഭവിക്കുന്ന സംവരണാനുകൂല്യത്തിന്റെ തണലിൽ കോടീശ്വരന്മാരുടെ മക്കളും ഉന്നതസ്ഥാനീയരുടെ ബന്ധുമിത്രാദികളും വിദ്യാഭ്യാസത്തിലും ഉദ്യോഗലബ്യതയിലും നേട്ടങ്ങൾ കൊയ്യുന്നു. ഈ അനീതി അവസാനിപ്പിക്കണം. ഈ പോക്കുപോയാൽ സാമൂഹിക സന്തുലിതാവസ്ഥ ഏറെ അപകടത്തിലാകും. ഇപ്പോൾ തന്നെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ എല്ലാം മറ്റുള്ള എല്ലാവരെയും ഇവർ പിന്നിലാക്കി കഴിഞ്ഞിരിക്കുകയാണ്. ഇതു തുടരാൻ അനുവദിച്ചുകൂടാ. സംവരണം ഉൾപ്പടെ ഈ വിഭാഗത്തിനു നല്കുന്ന എല്ലാ ആനുകൂല്യങ്ങളും നിർത്തലാക്കി പൊതു സമൂഹം ഒരുപോലെ വളരുവാനും വികസിക്കുവാനുമുള്ള അവസരം ഒരുക്കണം. നീതിബോധമുള്ള ഒരു സർക്കാരിന്റെ കടമയാണത്. ഇവിടെ സർക്കാർ പരാജയപ്പെട്ടാൽ ജനങ്ങൾക്ക് ജനാധിപത്യത്തിലുള്ള വിശ്വാസം തന്നെ നഷ്ടപ്പെട്ടേക്കാം. അങ്ങനെ ഒരവസ്ഥ ഉണ്ടാകാതെ നോക്കുക എന്നുള്ളത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അത് സർക്കാരുകൾ പരിപൂർണ്ണമായും നിർവ്വഹിക്കും എന്നു വിശ്വസിക്കുന്നു.

ഇതിനിടയിൽ ഏറെ ദു:ഖകരമായ ഒരു സംഭവമുണ്ടായി. സഹോദരഭാവത്തോടെ തോളോട് തോൾ ചേർന്ന് ഒന്നായി നീങ്ങി ഹൈന്ദവഐക്യം ശക്തിപ്പെടുത്തേണ്ട ഈ അവസരത്തിൽ നമ്മുടെ തന്നെ ഒരു നേതാവ് സ്വാർത്ഥമതികളായ ചില മതാധിഷ്ഠിതശക്തികളിൽ നിന്നും ഉണ്ടായ വിഷം വമിക്കുന്ന വാക്കുകളെ പിന്തുണയ്ക്കുന്ന ഒരു പ്രസ്താവന കാണുവാനിടയായി. ബഹുമാന്യനായ ആ നേതാവിനോട് വിനയപുരസ്സരം ഒരു അപേക്ഷയുണ്ട്. അങ്ങയോട് ഈ നിർണ്ണായകമായ അവസ്ഥയിൽ അഭ്യർത്ഥിക്കുവാനുള്ളത് മറ്റെല്ലാ അഭിപ്രായഭിന്നതകളും മാറ്റിവെച്ചുകൊണ്ട് കാലത്തിന്റെ ആവശ്യമായ ഹിന്ദുഐക്യത്തിനുവേണ്ടി അങ്ങ് മുന്നിട്ടിറങ്ങണം. എല്ലാ ഹൈന്ദവനേതാക്കളും ഒരു മേശയുടെ ചുറ്റുമിരുന്ന് സംസാരിച്ച് അഭിപ്രായ വ്യത്യാസങ്ങൾ മുഴുവനും പറഞ്ഞ് തീർക്കണം.

പണ്ട് പാലോളി കമ്മറ്റിയിലൂടെ ഒരു വിഭാഗത്തിന് മാത്രമായി ഒട്ടേറെ ആനുകൂല്യങ്ങൾ നല്കി ആ വിഭാഗത്തെ പ്രീണിപ്പിച്ചവർ ഇപ്പോഴിതാ മറ്റൊരു വിഭാഗത്തിനുവേണ്ടി ഒരു കമ്മീഷനെ നിയമിച്ചിരിക്കുന്നു. എന്നാൽ, ചിന്തിക്കുക പട്ടിണി പാവങ്ങളായ, അവശതയനുഭവിക്കുന്ന ഒട്ടേറെ ആളുകളുണ്ടിവിടെ. അവരുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ അവസ്ഥ എങ്ങനെയാണ് എന്ന് അന്വേഷിക്കുവാൻ എന്തേ രാഷ്ട്രീയക്കാർക്ക് തോന്നാത്തത്. തോന്നില്ല കാരണം അവർക്ക് വേണ്ടത് Consolidated Vote Bank ആണ്. അതുകൊണ്ട് വിഘടിച്ചു നിൽക്കുന്ന നമ്മൾ ഒന്നാവാതെ നമുക്ക് ഉയർച്ച ഉണ്ടാവില്ല. ഒന്നാവുക, ഏത് വിധേനയും ഐക്യം സാധ്യമാക്കുക. അതിലൂടെ ഏകീകരണവും നേടിയെടുക്കുക. അതുമാത്രമാണ് ഈ സമൂഹത്തിന്റെ നിലനില്പിനുള്ള ഏക പോംവഴി. ഒന്നുകൂടി ഓർമ്മിപ്പിച്ചു കൊള്ളട്ടെ. അങ്ങയുടെയും നമ്മുടെയെല്ലാവരുടെയും വരും തലമുറ ഇവിടെ അഭിമാനത്തോടുകൂടി തലയുയർത്തി ജീവിക്കേണ്ടവരല്ലേ? മതാധിഷ്ഠിത രാഷ്ട്രങ്ങളിലെ നൂനപക്ഷങ്ങളുടെ അവസ്ഥ മറക്കാതിരിക്കുക. വേണ്ട, ഫ്രാൻസിലെയും, ഓസ്ട്രേയയിലെയും അവസ്ഥ ഒന്ന് ചിന്തിച്ചു നോക്കുക.വിഘടിച്ച് നിൽക്കുന്ന നമ്മുടെ സമൂഹത്തിന്റെ ഐക്യത്തിനും ഏകീകരണത്തിനും വേണ്ടി അങ്ങ് മുന്നിട്ടിറങ്ങണമെന്നും അതുവഴി ഈ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ഊട്ടി ഉറപ്പിക്കണമെന്നും വിനയപുരസ്സരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഈ വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപന തിരഞ്ഞെടുപ്പുകളിൽ നമ്മുടെ മുഴുവൻ ആളുകളും അവരവരുടെ സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും അത് നമ്മുടെ സംസ്കാരവും ആചാരാനുഷ്ഠാനങ്ങളും നിലനിർത്തുവാൻ പര്യാപ്തമാകുംവിധമായിരിക്കണമെന്നും ഓർമ്മപ്പെടുത്തുക്കൊള്ളുന്നു.

ഇനിയും, ഏറെ വൈകിയാണെങ്കിലും കാലങ്ങളായി അനീതിയുടെ കൈപ്പു നീരു കുടിച്ച് കഷ്ടപ്പെടുന്ന, ജാതി സംവരണം മൂലം വിദ്യാഭ്യാസ ഔദ്യോഗിക മേഖലകളിൽ നിന്ന് പിന്തള്ളപ്പെട്ട, സാമ്പത്തിക അധ:പതനവും സാമൂഹിക അരക്ഷിതാവസ്ഥയും അനുഭവിക്കുന്ന, മുന്നോക്കക്കാരെന്ന് പേരുള്ള യഥാർത്ഥ പിന്നോക്കകാർക്ക് ജനറൽ ക്വാട്ടയിൽ നിന്നാണെങ്കിലും 10% സാമ്പത്തിക സംവരണം അനുവദിക്കുകയും അത് നടപ്പിലാക്കുകയും അതുവഴി സാമ്പത്തിക സംവരണം എന്ന നീതിയുടെ പാതയിലേക്ക് കാലെടുത്തുവെയ്ക്കുകയും ചെയ്ത കേന്ദ്ര, കേരള സർക്കാരുകൾക്ക് അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ.







# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രീയ കരയോഗാംഗങ്ങളെ,

2020 ഡിസംബർ 10 ന് തദ്ദേശസ്വയംഭരണ വകുപ്പിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുകയാണ്. പ്രാദേശികമായി കൗൺസിലർമാരേയും വാർഡ് മെമ്പർമാരേയും തിരഞ്ഞെടുക്കുന്നത് കക്ഷി രാഷ്ട്രീയത്തിന്റെ ബലാബലത്തിലാണ്. 1957 ൽ ആദ്യത്തെ കേരള നിയമസഭ വന്നതിനുശേഷം നമ്മൾ എത്ര പ്രാവശ്യം മാറി മാറി ഓരോ കക്ഷികളേയും കൂട്ടുകക്ഷികളേയും അധികാരത്തിലേറ്റി. കാലാകാലങ്ങളിൽ ജാതിയും മതവ ും അവർണ്ണനും സവർണ്ണനും എന്നു തരം തിരിച്ച് നമ്മളെ ഓരോ പക്ഷങ്ങളിലും ചേരികളിലും ആയി രാഷ്ട്രീയ കക്ഷികൾ വേർതിരിച്ചു നിർത്തുകയായിരുന്നു.

എറണാകുളം കരയോഗത്തെ സംബന്ധിച്ച് ഒരു രാഷ്ട്രീയമുണ്ട്. രാഷ്ട്രത്തിന്റെ നിലനില്പാണ് ആ രാഷ്ട്രീയം. ഭാരതാംബയെ ശക്തിപ്പെടുത്തുകയാണ് അതിന്റെ ലക്ഷ്യം. ഭാരതീയ സംസ്കാരത്തിലും സനാതനധർമ്മത്തിലും ഹൈന്ദവീയതയിലും ഊന്നി നിന്നുകൊണ്ട്, ഹിന്ദു ഒരു മതമല്ലെന്നും സംസ്കാരവും ജീവിതരീതിയുമാണെന്നും അടിയുറച്ചു വിശ്വസിച്ചുകൊണ്ട്, നമ്മുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും നിലനിർത്തുന്നതിന് എല്ലാ മതവിഭാഗങ്ങളുമായി സൗഹാർദ്ദത്തിലൂടെ, സ്നേഹത്തോടെ ഒരുമിച്ച് സഹവർത്തിച്ച് ഹൈന്ദവ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വസങ്ങളും സംരക്ഷിക്കുകയും അതോടൊപ്പം അന്ധവിശ്വാസങ്ങൾക്കെതിരെ സന്ധിയില്ലാതെ പൊരുതുകയും ചെയ്യുക. ജീവകാരുണ്യവും സാമൂഹ്യക്ഷേമവും ഇതോടൊപ്പം തന്നെ സമുദായത്തിന്റെ നിലനില്പ്പിനുള്ള പ്രയത്നവും ചെയ്യുകയെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം.

ഡിസംബർ 10 ന് നടക്കുന്ന തിരഞ്ഞെടുപ്പു പ്രക്രിയയിൽ മുഴുവൻ സഹോദരി സഹോദരന്മാരും തങ്ങളുടെ മൗലിക അവകാശമായ വോട്ട് രേഖപ്പെടുത്തണമെന്നും കഴിഞ്ഞ കാലങ്ങളിലെ നമ്മുടെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമെതിരെ ഉണ്ടായ കടന്നു കയറ്റത്തെ ഓരോർമ്മകുറിപ്പായി മനസ്സിൽ സൂക്ഷിക്കണമെന്നും ഒരു രാഷ്ട്രീയ കക്ഷിയും അധികാരസ്ഥാനത്തുള്ളവരും നമ്മുടെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും നേരെ വിരൽ ചൂണ്ടുവാൻ ധൈര്യം കാണിക്കാതിരിക്കത്തക്കവിധം വേണം നമ്മുടെ സമ്മതിദാനാവകാശം വിനിയോഗിക്കുവാൻ എന്നും ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

കോവിഡിന്റെ പശശ്ചാത്തലത്തിൽ കരയോഗത്തിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ 7-8 മാസമായി കൊണ്ടുപോകുന്നത് നിങ്ങൾക്കേവർക്കും അറിയുന്നതുപോലെ പരിമിതിപ്പെടുത്തിക്കൊണ്ടാണ്. നമ്മളെ സംബന്ധിച്ചിടത്തോളം ജീവകാരുണ്യപ്രവർത്തനങ്ങളും സേവനങ്ങളും നല്കിക്കൊണ്ടിരിക്കുന്നത് കരയോഗത്തിന്റെ വിവിധ ഹാളുകളിൽ നിന്നുള്ള വരുമാനത്തിന്റെ സ്രോതസ്സു കൊണ്ടു തന്നെയാണ്. ആ വരുമാന സ്രോതസ്സ് ഇന്നത്തെ പശ്ചാത്തലത്തിൽ പൂർണ്ണമായും നിലച്ചിരിക്കുകയാണ് എന്നു തന്നെ പറയാം. എട്ടുമാസം കഴിഞ്ഞപ്പോഴും നമ്മുടെ പ്രതീക്ഷ ഇന്ന് തീരും നാളെ ഇതെല്ലാം ശരിയാകുമെന്നാണ്. പക്ഷേ കാലം നമുക്കു തരുന്ന മറുപടി നമ്മുടെ സംസ്ഥാനത്തോ അല്ലെങ്കിൽ നമ്മുടെ ജില്ലയിലോ മാത്രമല്ല ലോകമെമ്പാടും തന്നെ കോവിഡ് വളരെയധികം കൂടിക്കൊണ്ടിരിക്കുന്നതായിട്ടാണ്. ഈ പകർച്ച വ്യാധിയിൽ നിന്ന് മുതിർന്ന അംഗങ്ങളെയും കുട്ടികളെയും രക്ഷപ്പെടുത്തിയെടുക്കുക എന്നതാണ് ഏറെ ശ്രമകരമായ ജോലി. സാമൂഹ്യ അകലം പാലിച്ചും അത്യാവശ്യത്തിനുമാത്രം പുറത്തിറങ്ങിയും വേണം ഇതിനെ പ്രതിരോധിക്കാൻ. ശുചിത്വത്തോടെ കൈകഴുകിയും നമ്മളാലാവുന്നത്ര ഇതിനെതിരെയുള്ള പ്രതിരോധം സ്വയം നമ്മളോരുത്തരും ഏറ്റെടുക്കേണ്ടതുണ്ട്. അതുകൊണ്ട് കഴിഞ്ഞ രണ്ടു

മാസത്തെ പ്രവർത്തനങ്ങളെക്കുറിച്ചോ അടുത്ത ഒരു മാസത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചോ പ്രത്യേകിച്ച് ഒന്നും തന്നെ പറയാനില്ല. 100 പേർക്ക് വിവാഹങ്ങളിൽ പങ്കെടുക്കാമെന്ന് കേന്ദ്രഗവൺമെന്റിന്റെ ഒരു പ്രഖ്യാപനം വന്നിരുന്നുവെങ്കിലും അത് ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഇവിടെ വീണ്ടും 50 ആക്കിയിരിക്കുന്നു. അതുപോലെ മരണാനന്തര ചടങ്ങുകളും 20 ആക്കി ചുരുക്കിയിരിക്കുന്നു. സാമൂഹ്യമായ എല്ലാ ഇടപെടലുകളും അല്ലെങ്കിൽ കൂട്ടായ്മകളും പൂർണ്ണമായി ഒഴിവാക്കേണ്ട ഒരു സാഹചര്യമാണ് വന്നിട്ടുള്ളത്. ആയതുകൊണ്ടാണ് കഴിഞ്ഞമാസം നമ്മൾ നടത്തേണ്ടിയിരുന്ന നവരാത്രി ആഘോഷങ്ങളും അതിനോടനുബന്ധിച്ചുള്ള മത്സരങ്ങളും നവരാത്രി പരിപാടികളും എല്ലാം തന്നെ ഉപേക്ഷിക്കാൻ തീരുമാനിച്ചത്. യാതൊരു നിവൃത്തിയുമില്ലാതെ വന്ന സാഹചര്യത്തിൽ ഓൺലൈൻ ആയി കലാപരിപാടികൾ നടത്തുക എന്ന ഇന്നത്തെ കാലത്തിന്റെ പ്രത്യേക രീതിയിലുള്ള ആവിഷ്കാരം ഏതായാലും കരയോഗം നടത്തുന്ന മത്സരങ്ങൾക്ക് പ്രായോഗികമല്ലാത്തതുകൊണ്ട് നാം അത്തരം പരിപാടികൾ നടത്തേണ്ടതില്ല എന്നു തന്നെയാണ് തീരുമാനിച്ചത്. നിങ്ങളുടെ എല്ലാവരുടെയും ആരോഗ്യവും ക്ഷേമവും നിലനിർത്തുവാൻ വേണ്ടി പൂർണ്ണമായും കോവിഡ് പ്രോട്ടോകോൾ പാലിച്ച് പൂർണ്ണ ആരോഗ്യത്തോടെ ഇരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

**മറ്റൊരു വിഷയം നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. കരയോഗാംഗമായ ഒരാൾ, പേര് ഞാൻ ഇപ്പോൾ പ്രതിപാദിക്കുകയോ പരസ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. 2018 ൽ ടി.ഡി.എം ഹാളിൽ വിവാഹത്തിന് ഹാൾ ബുക്കു ചെയ്യുകയും 2018 ൽ നടത്താതെ 2019 ൽ വിണ്ടും നടത്തുവാൻ മാർച്ചിൽ വരികയും അതിനൊരവസരം നല്കുകയും ചെയ്തിട്ടും ഈ രണ്ട് അവസരങ്ങളും ഉപയോഗപ്പെടുത്താതെ മൂന്നാമതു വീണ്ടും വരികയും മൂന്നാമതു വന്നപ്പോൾ രണ്ടു പ്രാവശ്യം നടത്താതിരുന്നതുകൊണ്ട് ആ തുക മടക്കി നല്കാൻ സാധിക്കില്ലായെന്നും വീണ്ടും ബുക്കു ചെയ്യുവാൻ നിയമപ്രകാരമുള്ള തുക നല്കേണ്ടതാണെന്നും അറിയിച്ചു.** കരയോഗത്തിന്റെ നിലവിലുള്ളതും, അതുപോലെ തന്നെ കഴിഞ്ഞ ഇത്രയും കാലമായി കരയോഗം തുടർന്നു പോന്നിട്ടുള്ളതുമായ കീഴ്വഴക്കം അനുസരിച്ചും കരയോഗത്തിന്റെ നിലവിലുള്ള ചട്ടങ്ങളനുസരിച്ചും ആണ് കാര്യങ്ങൽ തീരുമാനിച്ചിട്ടുള്ളത്. വിദഗ്ദ്ധരായ വക്കീലന്മാർ ചാർട്ടേഡ് അക്കൗണ്ടന്റുമാർ തുടങ്ങി പ്രശസ്തരും പ്രഗത്ഭരുമായവരുമാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്. അവരുടെയെല്ലാം ഉപദേശപ്രകാരം ഭരണസമിതി എടുത്ത തീരുമാനം ടി.യാനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി.യാൻ എന്നിട്ടും അതിൽ നിന്നും വ്യത്യസ്തമായി കരയോഗാംഗങ്ങളുടെ ടെലിഫോൺ നമ്പർ സംഘടിപ്പിച്ച് കരയോഗം അംഗങ്ങളോടും കരയോഗം അംഗങ്ങളല്ലാത്തവരോടും ഫോണിലൂടെയും വാട്സ് ആപ്പിലൂടെയും കരയോഗത്തിനെതിരെ ദുഷ്പ്രചരണങ്ങൾ നടത്തി വരികയുമാണ്. അത് പല ആൾക്കാരുമായി നടത്തിയിട്ടുമുണ്ട്. നിങ്ങൾക്കും ചിലപ്പോൾ കിട്ടിക്കാണും. ഇയാൾ പറയുന്നതെല്ലാം സത്യവിരുദ്ധമാണ് എന്ന് പ്രത്യേകം അടിവരയിട്ടു പറയുന്നു. കാരണം അതിനുള്ള എല്ലാ രേഖകളും കരയോഗത്തിന്റെ കൈയ്യിലുണ്ട്. ഒരാൾ തുനിഞ്ഞിറങ്ങി നുണ പറഞ്ഞ് പ്രചരിപ്പിക്കുകയാണ്. ഏതോ ഒരു ഗൂഢാലോചനയുടെ പേരിൽ, ഏതോ ഒരു തർക്കത്തിന്റെ പേരിൽ, യാതൊരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് ചില വ്യക്തികളെ അപമാനിക്കുക എന്ന ലക്ഷ്യത്തോടെയും സ്ഥാപനത്തെ തന്നെ തകർക്കുക എന്ന ദുരുദ്ദേശത്തോടുംകൂടി ഒരു വ്യക്തി മുന്നിട്ടിറങ്ങിയിരിക്കുന്നു. കരയോഗത്തിൽ എടുക്കുന്ന എല്ലാ തീരുമാനങ്ങളും കരയോഗം ഭരണസമിതിയുടേതാണ്. ഒരു വ്യക്തിക്ക് കരയോഗത്തിൽ യാതൊരും പ്രസക്തിയുമില്ല. കരയോഗം ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ 100 % വും നടപ്പാക്കും. അതെന്തൊക്കെ തന്നെ സംഭവിച്ചാലും അതു നടപ്പിലാക്കിയിരിക്കും. അതിന്റെ മുകളിൽ തീരുമാനം എടുക്കാൻ അധികാരം ബഹുമാനപ്പെട്ട പൊതുയോഗത്തിനു മാത്രമേയുള്ളൂ. പൊതുയോഗം പറയുന്ന ഏതു തീരുമാനവും ശിരസ്സാ വഹിക്കുവാൻ ഭരണാധികാരികളും ഭരണസമിതിയും പൂർണ്ണമായും തയ്യാറുമാണ്. അതനുസരിക്കുവാൻ ഞങ്ങൾ ബാധ്യസ്ഥരുമാണെന്ന് പ്രത്യേകം പറഞ്ഞു കൊള്ളട്ടെ. നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ഏതായാലും എല്ലാ നിയമനടപടികളും തുടരുവാൻ തന്നെയാണ് ഭരണസമിതി തീരുമാനിച്ചിരിക്കുന്നത്. ടി. യാനെ സംബന്ധിച്ചും തുടർ നടപടികളെ സംബന്ധിച്ചും വരും ലക്കങ്ങളിൽ പൂർണ്ണ വിവരങ്ങൾ കരയോഗം അംഗങ്ങളെ അറിയിക്കുന്നതാണ്. കരയോഗത്തിന്റെ സാമൂഹ്യസേവന പരിപാടികൾ നടത്തുവാൻ കഴിയാത്ത ദു :ഖകരമായ സാഹചര്യമാണുള്ളത് എന്നു മനസ്സിലാക്കുക. എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു. നന്ദി നമസ്കാരം

ജനറൽ സെക്രട്ടറി







# ബാല ലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

പ്രിയപ്പെട്ട കൂട്ടുകാരെ,

ഇനി കുറച്ചു നാൾ നിങ്ങളോടൊപ്പം ഞാനാണ് കൂടുന്നത്. നിങ്ങളെന്നെ അറിയും. സൗഹൃദത്തിൽ കഥകളെഴുതാറുണ്ട് ഞാൻ. കൂട്ടുകാർക്ക് കഥകൾ ഇഷ്ടമല്ലേ? കഥ കേൾക്കാനും വായിക്കാനും താൽപര്യമല്ലേ? കുട്ടികൾ കഥകൾ കേട്ട് വളരണം. കഥ കേട്ടു വളർന്നാൽ, കഥയുള്ളവരാകും.

പ്രളയ ദുരന്തത്തിൽ നിന്ന് കരകേറിയ നമ്മളെ ചുറ്റിനും നിന്ന് ഉറ്റു നോക്കുകയാണ്. നിരവധി പ്രളയസമാനമായ പ്രശ്നങ്ങൾ. കലുഷിതമായ കാലഘട്ടത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. കൊറോണ പോലുള്ള മഹാമാരിക്കൊപ്പം ലഹരി പദാർത്ഥങ്ങളുടെ പിടിയിലമരുകയുമാണ് നാടും നഗരവും. അതുകൊണ്ടു തന്നെ നാമെപ്പോഴും കരുതിയിരിക്കണം. എല്ലാ കാര്യത്തിലും കൊച്ചുകൂട്ടുകാർക്ക് ശ്രദ്ധ വേണം.

പ്രശ്ന സങ്കീർണ്ണതകൾക്കിടയിലും, വെട്ടം മിന്നിച്ച് ആശ്വാസമായി നമുക്കൊപ്പം പൂനിലാസുഷിരങ്ങൾ പോലെ ചിലതുണ്ട്. ഇരുളിലും കൊളുത്തപ്പെടുന്ന മിനുങ്ങു വെട്ടങ്ങൾ.

ഇത് ഒക്ടോബർ മാസം. ഗാന്ധിജയന്തിയും നവരാത്രി മഹോത്സവും ഒത്തു വരുന്ന വിശേഷ മാസം.

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയെ കൊച്ചുകൂട്ടുകാർക്കറിയുമല്ലൊ. അമൂല്യങ്ങളായ ആദർശങ്ങളുടെ കാവലാളായിരുന്നു ഗാന്ധിഅപ്പൂപ്പൻ. സത്യം, ദയ, സഹാനുഭൂതി, സ്നേഹം, ധർമ്മം, നീതി, സഹിഷ്ണുത എന്നീ ആദർശങ്ങൾക്കൊപ്പം അഹിംസയും അദ്ദേഹം ഉയർത്തിപ്പിടിച്ച മഹത്തായ തത്വസംഹിതയായിരുന്നു. മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടുള്ള ഒരു ജീവിതയാത്രയായിരുന്നു അദ്ദേഹത്തിന്റേത്. 'മഹാത്മ' എന്ന് നാം എല്ലാ അർത്ഥത്തിലും മനസ്സിലാക്കിയിട്ടുള്ള ഗാന്ധിജിയാണ് നമ്മുടെ നാടിനെ ഐക്യകേരളമാക്കിയത്. ഒക്ടോബർ 2 -ന് നമുക്ക് അദ്ദേഹത്തെ സ്മരിക്കാം. അദ്ദേഹം ഊന്നൽ നൽകിയ മൂല്യങ്ങളെ നെഞ്ചേറ്റാം. കാരണം ഇന്നും കാലഹരണപ്പെട്ടിട്ടില്ലാത്ത മഹൽ വ്യക്തിത്വമാണ് മഹാത്മാഗാന്ധിജിയുടേത്.

എന്റെ സത്യാന്വേഷണ പരീക്ഷകൾ എന്ന ഗാന്ധിജിയുടെ കൃതി കൂട്ടുകാർ വായിച്ചിട്ടുണ്ടോ?വായിച്ചിട്ടില്ലെങ്കിൽ വാങ്ങി വായിക്കണം. എക്കാലവും സൂക്ഷിച്ചുവെക്കാനും,ആത്മപരിശോധനയ്ക്ക് ഇടക്കിടെ മറിച്ചു നോക്കാനും പറ്റിയ മഹത്കൃതിയാണത്.

നവരാത്രി മഹോത്സവവും ഒക്ടോബറിന്റെ സ്വന്തം. നവരാത്രികാലം എഴുത്തിനും വായനക്കും തുടക്കം കുറിക്കുന്ന പൂജാകാലം. ദേവീ ഉപാസനയോടെ നവദിനങ്ങൾ കഴിച്ച്, അഷ്ടമി ദിവസം പൂജവെച്ച്, നവമി നാളിൽ പൂജചെയ്ത് ദശമിക്ക് വിശേഷാൽ വിധികളോടെ ദേവിയെ സേവിച്ച് ശുഭമുഹൂർത്തത്തിൽ വിദ്യാരംഭം കുറിക്കുന്നു.

ദേവീക്ഷേത്രങ്ങളിൽ വിശേഷിച്ച് സരസ്വതീ ക്ഷേത്രങ്ങളിൽ പ്രത്യേകിച്ച് പൂജവെയ്പും വിദ്യാരംഭവുമൊക്കെ മോടിയോടെയുള്ള വിശേഷാൽ ചടങ്ങുകളാണ്.

മഹിഷാസുരനെ നിഗ്രഹിച്ച്, ദേവിദുർഗ്ഗ വിജയശ്രീ ലാളിതയായ ദിനമാണ് വിജയദശമി. ജീവിതവിജയത്തിനാധാരമായ സകല കലകളുടെയും, അഭ്യാസങ്ങളുടെയും ആരംഭദിനമത്രേ ഇത്. കുഞ്ഞുങ്ങൾ ആദ്യമായി അക്ഷരമധുരം നുകരുന്ന പുണ്യദിനം. വിദ്യാസമ്പന്നർപോലും ദേവീക്ഷേത്രാങ്കണങ്ങളിൽ ചെന്നിരുന്ന് മണലിൽ അക്ഷരമാല എഴുതി, കർമ്മരംഗത്ത് വീണ്ടും ഉത്സുകരാവുന്ന വിശേഷദിനം.

എല്ലാ പുരുഷാർത്ഥങ്ങളും, സാധിപ്പിക്കുന്നതാണ് വിദ്യ. 'വിദ്യയുള്ളവൻ വിനീതവാൻ' എന്ന് കേട്ടിട്ടില്ലേ? വിനയം സർവവിജയങ്ങൾക്കും വഴികാട്ടിയാണ്. പ്രിയപ്പെട്ട കൂട്ടുകാർ വിനയമുള്ളവരായി വളർന്നുവരണം.

മൂല്യങ്ങളെല്ലാം കളഞ്ഞുപോയ, കൈമോശം വന്ന കാലമാണ് ഇത്. മാഞ്ഞുപോയ അവയെല്ലാം

നാം എഴുതി തെളിക്കേണ്ടതുണ്ട്, തിരിച്ചു പിടിക്കേണ്ടതുണ്ട്. നിങ്ങൾ, കൊച്ചുകൂട്ടുകാർക്കാണ് പ്രധാനമായും അതിന്റെ ഉത്തരവാദിത്വം. കാരണം ഇനിയങ്ങോട്ട് നിങ്ങളാണ് കാലത്തിന് കൈമുദ്ര ചാർത്തേണ്ടത്.

വിജയദശമി കാലം എഴുത്തിനിരുത്തേണ്ട കാലം. എഴുത്തിനിരിക്കേണ്ട കാലം. അരിമണികളിലെഴുതിയാലും മണൽത്തരികളിലെഴുതിയാലും, എഴുത്തിനിരുത്തേണ്ടത് നാം സ്വന്തം ഹൃദയത്തെയാണ്. പരസ്പര സാഹോദര്യത്തിന്റെ ആദ്യാക്ഷരം കുറിക്കേണ്ടത് നമ്മുടെ ഹൃദയാകാശത്തിലാണ്. അരുളുള്ളവനാണ് ജീവി എന്ന വചനം അവിടെ സ്പന്ദിച്ചുകൊണ്ടേയിരിക്കണം. നാക്കിനെ നെഞ്ചുതൊടുന്ന വാക്കിനാലും, മിഴികളെ കുളിർമ്മയുള്ള കാഴ്ചയാലും, ത്വക്കിനെ ഹൃദ്യമായ സ്പർശനത്താലും എല്ലാ പുലർവേളകളിലും എഴുത്തിനിരുത്തണം. ചിന്തയെ നേരുള്ള വിചാരധാരകൊണ്ടും കർമ്മത്തെ വർണ്ണാഭമായ കരുണകൊണ്ടും പരനെ അപരനാക്കുന്ന മനനംകൊണ്ടും സ്മൃതികളെ ശ്രുതികളാകുന്ന ധ്യാനംകൊണ്ടും നാം നമ്മെ എഴുതിക്കൊണ്ടേയിരിക്കണം.

എഴുത്തുപോലെ തന്നെ പ്രാധാന്യം, കൂട്ടുകാരേ വായനയ്ക്കുമുണ്ട്. വായന എന്നത് വെറും പുസ്തക വായന മാത്രമല്ല. കണ്ണും കാതും മനസ്സും ബുദ്ധിയും ഇനിയും ചെന്നെത്താത്ത ഇടങ്ങളിലേക്ക് സൂക്ഷ്മമാകുമ്പോഴാണ് വായന യഥാർത്ഥത്തിൽ ആരംഭിക്കുന്നത്.

ഒരിക്കൽ ഒരു കുട്ടിയുടെ അമ്മ എന്നോടു ചോദിച്ചു.

‘മക്കളിൽ വായനാശീലം വളർത്തിയെടുക്കാൻ എന്തു ചെയ്യണം’?

ഞാൻ പറഞ്ഞു.

‘നിങ്ങൾ വായിച്ചു തുടങ്ങിയാൽ മതി.’

യഥാർത്ഥത്തിൽ വായനാശീലം വളർത്തുകയല്ല ആദ്യം വേണ്ടത്. നല്ല മനുഷ്യനാകാൻ അന്തരീക്ഷമൊരുക്കുകയാണ് വേണ്ടത്. അതിനുള്ള പ്രധാന ഘടകങ്ങളിൽ ഒന്നു മാത്രമാണ് വായന എന്ന് കുട്ടികളെ ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ടത്

വായന ജീവിതത്തിൽ പ്രതിഫലിക്കാത്തിടത്തോളം, കൂട്ടുകാരേ അത് നിരർത്ഥകം തന്നെയാണ്. മാത്രമല്ല അഹങ്കാരത്തിനുമേൽ അമിതഭാരം കയറ്റി വെച്ചതുപോലെ ദയനീയവുമാണ്. കുറച്ചു കൂടി മെച്ചപ്പെട്ട മനുഷ്യനാകാനാണ് എല്ലാ വായനയും. എത്ര തെളിഞ്ഞാലും തെളിഞ്ഞു തെളിഞ്ഞു വരേണ്ട ഇടങ്ങൾ ഇനിയും ഏറെയുണ്ടെന്ന് വായന മനസ്സിലാക്കി തരും.

വീട്ടുമുറ്റത്ത് ആരുടേയും കണ്ണിൽ പെടാതെ നിൽക്കുന്ന ഒരു കുഞ്ഞുചെടിയെ നാം കണ്ടു തുടങ്ങുമ്പോൾ വഴിയരികെ, വിഷണ്ണനായി നിൽക്കുന്ന വയോവൃദ്ധനെ തൊട്ടു തുടങ്ങുമ്പോൾ, യാത്രയിലും ജോലിസ്ഥലത്തും തൊട്ടു തൊട്ടിരിക്കുന്നവരുടെ കണ്ണിൽ നിഴലിക്കുന്ന സങ്കടം നമ്മുടെ ഹൃദയത്തെ സ്പർശിച്ചു തുടങ്ങുമ്പോൾ, വഴിയോരത്തെ മാവു പൂത്തതും, ആകാശത്ത് നക്ഷത്രങ്ങൾ വിരിഞ്ഞതും, മരച്ചില്ലകൾക്കിടയിലൂടെ നിലാവ് അരിച്ചെത്തുന്നതും അനുഭവിച്ചു തുടങ്ങുമ്പോൾ നമുക്ക് പറയാം നാം വായിച്ചു തുടങ്ങിയെന്ന്.

എന്തിൽ നിന്നും വായിച്ചെടുക്കാവുന്ന പലതുമുണ്ടെന്ന് എന്റെ കൂട്ടുകാർ തിരിച്ചറിയണം. വായന വ്രതംപോലെ കൊണ്ടു നടക്കണം. പുസ്തകങ്ങൾ നല്ല കൂട്ടുകാരെന്നപ്പോലെ കൂടെ കൂട്ടണം. ഓർക്കുക മുന്നോട്ടു നടക്കുന്തോറും തെളിഞ്ഞു വരുന്ന ആകാശങ്ങളുണ്ടെന്ന് വായന നിങ്ങളോടു വ്യക്തതയോടെ പറഞ്ഞു തരും.

എഴുത്തിന്റെയും വായനയുടെയും സുവർണ്ണകാലം കൂട്ടുകാരിലേക്കു വന്നെത്തട്ടെയെന്ന് ആശംസിക്കുന്നു. ഒപ്പം നഷ്ടമായ മൂല്യങ്ങൾ തിരിച്ചു പിടിക്കാനും സംരക്ഷിക്കാനും നിങ്ങൾക്കാവട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# സേട്ടുപാപ്പയുടെ പൊൻകൊതി

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

പൊന്നിനോടും പണത്തിനോടും അമിതമായ ആസക്തിയുള്ള ആളായിരുന്നു സേട്ടുപാപ്പ. പാപ്പയുടെ ജീവിതലക്ഷ്യം തന്നെ ധാരാളം പൊന്നും പണവും സമ്പാദിക്കുക എന്നതായിരുന്നു. പല രീതിയിലൂടെയും കണക്കില്ലാത്ത സമ്പാദ്യത്തിന്റെ ഉടമയായി പാപ്പ. എന്നിട്ടും തൃപ്തി





വരാതെ ധനസമ്പാദനത്തിനുള്ള എളുപ്പവഴികൾ സേട്ടുപാപ്പ തിരഞ്ഞു കൊണ്ടേയിരുന്നു.

കച്ചവടാവശ്യങ്ങൾക്കായി ചില നാടുകൾ ചുറ്റി വരികയായിരുന്ന അയാൾ യാത്രാമധ്യേ, ഒരിക്കൽ ഒരു ദിവ്യനെ പരിചയപ്പെടാൻ ഇടയായി.

അദ്ദേഹത്തോട് പാപ്പന്റെ ആഗ്രഹം പറഞ്ഞു.

കണക്കില്ലാതെ പൊന്നു സമ്പാദിക്കാൻ കഴിയണം. അതിനെന്തെങ്കിലും വഴിയുണ്ടോ യോഗിവര്യാ!

ദിവ്യൻ നിസ്സാരമെന്ന മട്ടിൽ ചിരിച്ചു. – എളുപ്പമല്ലേ!

എങ്ങനെ? – സേട്ടുവിന് മാർഗ്ഗമറിയാൻ ധൃതിയായി.

തൊടുന്നതെന്തും സ്വർണ്ണമാക്കണം – ദിവ്യൻ വഴി പറഞ്ഞു.

ഒഹ്. അതെങ്ങനെ? തൊട്ടാൽ വല്ലതും സ്വർണ്ണമാവുമോ?

ആവും. ഞാനൊരു വരം തരാം- ദിവ്യൻ പറഞ്ഞു. പറഞ്ഞതുപോലെ അദ്ദേഹം സേട്ടുവിന് വരവും കൊടുത്തു.

നിങ്ങളുടെ വിരലുകൾ കൊണ്ട് എന്ത് തൊട്ടാലും അത് പൊന്നാവും .

വരം കിട്ടിയതും സേട്ടുപാപ്പ അതൊന്ന് പരീക്ഷിച്ചറിയാൻ തീരുമാനിച്ചു. അപ്പോൾ ദിവ്യൻ പറഞ്ഞു.

വരട്ടെ. പരീക്ഷണമൊക്കെ വീട്ടിൽ ചെന്നിട്ടു മതി.

സേട്ടു പാപ്പ സമ്മതിച്ചു.

വരം പരീക്ഷിച്ചറിയാനുള്ള വ്യഗ്രതയോടെ പാപ്പ സ്വന്തം വസതിയിലേക്ക് പാഞ്ഞു. ഉദ്യാനത്തിലേക്ക് കടന്ന് ചെന്ന അയാൾ പൂക്കളെയും പൂമൊട്ടുകളേയുമൊക്കെ തന്റെ വിരലുകളാൽ തൊട്ടു. അത്ഭുതം തന്നെ! പൂക്കളും പൂമൊട്ടുകളുമൊക്കെ തനിപൊന്ന്! അയാൾക്ക് തന്റെ സന്തോഷം പറഞ്ഞറിയിക്കാൻ ആവുമായിരുന്നില്ല.

പക്ഷേ, പാപ്പയുടെ സന്തോഷം അധികം നീണ്ടുനിന്നില്ല. അയാൾ തൊടുന്നതെല്ലാം പൊന്നായിക്കൊണ്ടിരുന്നു. കഴിക്കാനെടുത്ത ഭക്ഷണം, കിടക്കാനുള്ള കട്ടിൽ, ഇരിക്കാനുള്ള കസേര- സർവ്വം സ്വർണ്ണമയം.

അയാളെ കണ്ട് ഓടി അടുത്തു വന്ന മകളെ അയാൾ ഒന്നെടുത്തതും അവളും പൊന്നായി മാറി. സേട്ടു പാപ്പയ്ക്ക് കരച്ചിൽ വന്നു. അയാൾ ഉറക്കെ ഉറക്കെ നിലവിളിച്ചു.

ഉച്ചത്തിലായ അയാളുടെ നിലവിളി കേട്ടിട്ടെന്നോണം ആ ദിവ്യയോഗി അവിടെ പ്രത്യക്ഷപ്പെട്ടു.

ദിവ്യനായ അദ്ദേഹത്തിനോട്, സേട്ടുപാപ്പ കരഞ്ഞു പറഞ്ഞു.

എന്റെ അത്യാർത്തി ഞാൻ മനസ്സിലാക്കുന്നു.

എനിക്കിനി പൊന്നു വേണ്ട. എന്റെ പൊന്നുമോളു മതി. അങ്ങ് ദയവു ചെയ്ത് എല്ലാം പഴയപടി ആക്കി തരണം.

ദിവ്യൻ അപ്രകാരം തന്നെ ചെയ്തു. പാപ്പയ്ക്ക് സന്തോഷമായി.

ആവശ്യത്തിലധികം എന്തുണ്ടായാലും അത് പ്രയോജനപ്പെടില്ലെന്നും അതുകൊണ്ട് വലിയ മനോവിഷമങ്ങൾ വന്നു ചേരുമെന്നതും നേരാണ്.

*(മിനിക്കഥ)*

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

# തലക്കനത്താൽ

അയാൾക്ക് എന്തൊരു തലക്കനമാണ്. ഞാൻ പുതുതായി ആരംഭിക്കുന്ന ഒരു കുഞ്ഞു മാസികയിലേക്ക് എന്തെങ്കിലും എഴുതിത്തരണമെന്ന് അപേക്ഷിച്ചപ്പോൾ അയാൾ പറയുകയാണ് – പാൽപ്പായസം ആരെങ്കിലും തുപ്പൽക്കോളാമ്പിയിൽ വിളമ്പുമോ – എന്ന്. എന്റെ മുഖത്തു തുപ്പിയതു പോലെയല്ലേ അത്? സാരമില്ല. തലക്കനത്താൽ അയാൾ തലകുത്തി വീഴാതിരിക്കില്ല ഒരിക്കൽ. അന്ന് തുപ്പൽക്കോളാമ്പിയിലായാലും കഞ്ഞി കുടിക്കാൻ അയാൾ മടിക്കുകയില്ല.

രാഗപരിചയം

# ഹംസനാദം

ഡോ. ജയലക്ഷ്മി നന്ദകുമാർ

ആകർഷകവും വിസ്മയകരവുമായ സവിശേഷത ഉള്ള ഒരു ലഘുരാഗമാണ് ഹംസനാദം. ശ്രോതാക്കളെ തന്റെ സ്വതസിദ്ധമായ മൃദുത്വ ഭാവം കൊണ്ട് ഉല്ലാസഭരിതമായ ഭാവത്തിലേക്ക് എത്തിക്കാനുള്ള കഴിവ് എടുത്തു പറയേണ്ടതാണ്. വിഷാദരോഗങ്ങളിൽ നിന്നും ആശ്വാസം തരുന്ന രാഗം കൂടിയാണെന്നു പറയാം.

ആരോഹണം : സ രി മ പ നി സ

അവരോഹണം : സ നി പ മ രി സ

59- ാമത്തെ മേളകർത്താരാഗമായ ധർമ്മവതിയുടെ ജന്യരാഗമാണ് ഹംസനാദം. ഇത് ഒരു ഔഡവ രാഗമാണ്. വേകുന്നേരങ്ങളിൽ ആലപിച്ചാൽ അതീവ ഹൃദ്യമാകുന്ന രാഗം കൂടിയാണിത്. ഗാന്ധാരം, ധൈവതം എന്നീ സ്വരങ്ങൾ വർജ്ജ്യമാണ്.

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു:ശ്രുതി ഋഷഭം, പ്രതിമദ്ധ്യമം, പഞ്ചമം, കാകളി നിഷാദം.

ഹംസനാദത്തിന്റെ മറ്റൊരു പതിപ്പ് ഉണ്ടെങ്കിലും മുകളിൽ വിവരിച്ച രീതി ആണ് കർണ്ണാടക സംഗീതത്തിൽ ഉപയോഗിച്ചു വരുന്നത്. 60 -ാമത്തെ മേളകർത്താ രാഗമായ നീതിമതിയിൽ ജന്യവും ആരോഹണത്തിൽ സ രി മ പ ധ നി സ അവരോഹണത്തിൽ സ നി ധ നി പ മ രി സ എന്ന വക്രമായും വരുന്ന ഷാഡവ - വക്രഷാഡവ രാഗമാണ് അത്. ഷഡ്ശ്രുതിധൈവതം അഥവാ കൈശികി നിഷാദവും മറ്റൊരു പതിപ്പായ ഹംസനാദത്തിൽ വരുന്നു.

ഇപ്പോൾ നിലവിലുള്ള ഹംസനാദം പ്രചാരത്തിൽ കൊണ്ടുവന്നത് ത്യാഗരാജസ്വാമിയാണെന്നു വ്ശ്വസിക്കപ്പെടുന്നു. അധികം കൃതികൾ ഈ രാഗത്തിൽ ഇല്ലെങ്കിലും രാഗം, താനം, പല്ലവി, വിരുത്തം, രാഗമാലികാ സ്വരം എന്നിവക്ക് കൂടുതലായും ഹംസനാദം ഉപയോഗിക്കുന്നു.

സരസ്വതീ ദേവി ജ്ഞാനത്തിന്റെയും സകലകലകളുടെയും ദേവതയാണെന്നു നമുക്കറിയാം. ദേവിയുടെ വാഹനം ആണ് ഹംസം. ശ്വേതനിറമുള്ള ഹംസം ദിവ്യതയുടെയും പവിത്രതയുടെയും പര്യായമാണ്. പുരാണ ശാസ്ത്രപരമായി, ഹംസത്തിന് പാലിൽ നിന്നു വെള്ളത്തെ വേർതിരിക്കാനുള്ള കഴിവുണ്ടെന്നു പറയപ്പെടുന്നു. അതുപോലെ മനുഷ്യരും, നല്ലതിനെ വേർതിരിച്ചറിഞ്ഞ് കാമക്രോധ ലോഭ മോഹ മദ മാത്സര്യാദികളെ ബഹിഷ്ക്കരിക്കണമെന്ന് ത്യാഗരാജസ്വാമി ഹംസനാദരാഗത്തിലുള്ള 'ബണ്ടുരിതി കൊലു' എന്ന കൃതിയിൽ പറയുന്നു. (തുണ്ഡ വിണ്ഡി വാനി മൊദലൈന മദാദുല ഗൊട്ടി നേല ഗുല ജേയു നിജ).

നല്ലതിനെ വേർതിരിച്ചറിയാനുള്ള കഴിവോടെ, ശരിയായ ഭക്തിയോടെ ആലപിക്കുമ്പോളും കേൾക്കുമ്പോളും രാഗദേവതയായ ഹംസനാദം നമ്മളിലും അനുഗ്രഹം ചൊരിയട്ടെ.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | |
|---|---|---|---|---|
| 1. ബണ്ടുരിതി കൊലു | - | ആദി | - | തൃഗരാജസ്വാമി |
| 2. ശിവനാർ മനം | - | ഖണ്ഡചാപ്പ് | - | അരുണഗിരിനാഥൻ |
| 3. കൃപാ നിധേ | - | മിശ്രചാപ്പ് | - | മുത്തയ്യാ ഭാഗവതർ |
| 4. നീയേ പരമുഖം | - | ആദി | - | പാപനാശം ശിവൻ |
| 5. കല്യാണ രാമാ | - | ആദി | - | ഊത്തുക്കാട് വെങ്കട സുബ്ബയ്യർ |

## ചലചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. വാതിൽ പഴുതിലൂടെൻ മുന്നിൽ | - | ഇടനാഴിയിൽ ഒരു കാലൊച്ച |
| 2. എന്തമ്മേ ചുണ്ടത്ത് | - | കുലം |
| 3. ആരോ വിരൽ മീട്ടി | - | പ്രണയവർണ്ണങ്ങൾ |
| 4. രാവിൻ വീണാനാദം | - | സിന്ദൂരരേഖ |
| 5. തെൻട്രൽ വന്ത് എന്നൈ തൊട്ടും | - | തെൻട്രലെ എന്നൈ തൊട് |
| 6. പൂവാസം | - | അൻപേ ശിവം |





# വാസ്തു

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)




ഞാൻ കഴിഞ്ഞയാഴ്ച ഒരു വീട്ടിൽ പോകാനിടയായി. വീടിന്റെ ദർശനം തെക്കോട്ടാണ്. വീട്ടിലേക്ക് കയറുന്നതിനായി തെക്കുവശത്തുള്ള വരാന്തയുടെ കിഴക്കുവശത്ത് കിഴക്കോട്ട് ഇറങ്ങാനും പടിഞ്ഞാറോട്ട് ഇറങ്ങുന്നതിനും ചവിട്ടു പടികൾ കൊടുത്തിട്ടുണ്ട്. പണിക്കു വന്ന കോൺട്രാക്ടർ തെക്കോട്ടിറങ്ങുന്നത് ദോഷമാണെന്നു പറഞ്ഞാണ് ഇങ്ങനെ ചവിട്ടുപടി ഇട്ടത്.

അടുക്കള വടക്ക് പടിഞ്ഞാറാണ് അടുക്കളയിൽ നിന്നും പുറത്തേക്കിറങ്ങുന്ന വാതിൽ അടുക്കളയുടെ തെക്കുപടിഞ്ഞാറാണ്. യാതൊരു കാരണവശാലും ഒരു മുറിയുടെയും തെക്കുപടിഞ്ഞാറു ഭാഗത്ത് (കന്നിമൂല) വാതിൽ വരാൻ പാടില്ല. വീടിന്റെ പ്രധാന വാതിൽ വീടിന്റെ മദ്ധ്യത്തിൽ നിന്നും രണ്ടടി കിഴക്കോട്ടു മാറിയാണ്. വീട്ടിലേക്ക് കയറുന്നതിനും, ഇറങ്ങുന്നതിനുമുള്ള വാതിൽ പ്രധാന വാതിലിനുനേരെ തെക്കോട്ടുതന്നെ ഇറങ്ങണം. കിഴക്കോട്ടു ചവിട്ടുപടിയിടുമ്പോൾ വീടിന്റെ കിഴക്കു തെക്കു വരും. കിഴക്കുതെക്ക് ചവിട്ടുപടി നല്ലതല്ല. വീടിന്റെ തെക്കു വരാന്തയിൽ നിന്നും പടിഞ്ഞാട്ട് പടിഞ്ഞാറോട്ട് ഇറങ്ങണമെങ്കിൽ പടിഞ്ഞാറു ഭാഗത്ത് വടക്കു വശത്തായിരിക്കണം ചവിട്ടുപടി. കിഴക്കോട്ട് ഇറങ്ങണമെങ്കിൽ കിഴക്കു മദ്ധ്യത്തിലൊ, മദ്ധ്യത്തിനു വടക്കോ ആകാം. പല പ്രാവശ്യം പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് റോഡു തെക്കാണെങ്കിൽ പ്രധാന വാതിലും, ചവിട്ടുപടിയും തെക്കോട്ടു തന്നെ വേണം. കേരളത്തിൽ പല സ്ഥലത്തും തെക്കോട്ടു നല്ലതല്ല എന്ന ധാരണയുണ്ട്. ഉത്തരേന്ത്യയിലും, തമിഴ്നാട്ടിലും തെക്കോട്ടു മുഖമുള്ള വീടാണ് ഐശ്വര്യമായി കണക്കാക്കുന്നത്. ലോകപ്രശസ്തമായ പല കെട്ടിടങ്ങളും തെക്കോട്ടാണ് മുഖം. അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ വൈറ്റ്ഹൗസ് തെക്കോട്ടു മുഖമായാണ് നിർമ്മിച്ചിരിക്കുന്നത്.

IT ഭീമൻ ബിൽഗേറ്റ്സ് ലോകപ്രശസ്തിയിലേക്ക് എത്തിയതും, വലിയ കോടീശ്വരനായതും തെക്കോട്ടു മുഖമുള്ള വീട്ടിൽ താമസിച്ചതുകൊണ്ടാണ്. കേരളത്തിൽ തന്നെ ഒട്ടേറെ പ്രമുഖർ തെക്കോട്ടു ദർശനമായി വീടുകളിൽ സമാധാനമായി ജീവിക്കുന്നു. ഇത്തരം അന്ധവിശ്വാസങ്ങൾക്ക് വഴിപ്പെടാതെ സമാധാനമായി ജീവിക്കുക.

ക്ഷേത്രങ്ങളിലൂടെ - തുടർച്ച



# അനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ആർഷസംസ്കാരത്തിന്റെ പവിത്രതയ്ക്ക് മാറ്റുകൂട്ടുന്ന അനേകം ചരിത്രസ്മൃതികളുറങ്ങുന്ന നാടാണ് കേരളം. ക്ഷേത്രങ്ങളുടെ നാടായ കേരളം ചെറുതും വലുതുമായ ആയിരക്കണക്കിനു ക്ഷേത്രങ്ങളെക്കൊണ്ടു നിറഞ്ഞതാണ്. ഓരോ ക്ഷേത്രത്തിനും അതാതിന്റേതായ പ്രത്യേകതകളും പ്രാധാന്യങ്ങളും ഉണ്ട്. മിക്ക ക്ഷേത്രങ്ങളുടെയും സമീപത്തായി ചെറുതും വലുതുമായ ക്ഷേത്രക്കുളങ്ങളും കുളങ്ങളിൽ ധാരാളം മത്സ്യങ്ങളേയും കാണാറുണ്ട്. ക്ഷേത്രക്കുളങ്ങളിലെ മത്സ്യങ്ങൾക്ക് വഴിപാടായി മീനൂട്ട് നടത്താറുണ്ട്. എന്നാൽ മുതലയ്ക്ക് ഭക്ഷണമായി നിവേദ്യം നല്കുന്ന ഒരു അപൂർവ്വക്ഷേത്രം. ഇവിടെ ക്ഷേത്രത്തിനു സമീപത്തല്ല കുളം, കുളത്തിനു നടുവിലാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കുളം എന്നതിലുപരി ക്ഷീരസാഗരസമാനമായ ഒരു തടാകം, തടാകത്തിൽ ധാരാളം മത്സ്യങ്ങളും എട്ടടിയോളം നീളമുള്ള ഒരു മുതലയും ഉണ്ട്. ലോകത്തിലെ ഏകസസ്യാഹാരിയായ മുതലയാണിത്. ഇങ്ങനെയുള്ള അത്ഭുതകരമായ ചില പ്രത്യേകതളുള്ള ഒരു ക്ഷത്രമാണ് അനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രം. ഇത് കേരളത്തിലെ ഏക സരോവരക്ഷേത്രമാണ്. അനന്തപുരം പത്മനാഭസ്വാമിക്ഷേത്രം എന്നു കേൾക്കുമ്പോൾ തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രം എന്ന് മിക്കവരും





ധരിച്ചേക്കാം. എന്നാൽ അങ്ങനെയല്ല തിരുവനന്തപുരത്ത് ശ്രീപത്മനാഭസ്വാമിക്ഷേത്രം സ്ഥാപിതമാകുന്നതിനുമുമ്പ് അനന്തപത്മനാഭസ്വാമി കേരളത്തിന്റെ മണ്ണിൽ തന്നെ വാണരുളിയിരുന്ന ഒരു ക്ഷേത്രമുണ്ട്. ഈ ക്ഷേത്രത്തെപ്പറ്റി നമ്മിൽ പലർക്കും അറിവില്ല എന്നത് ഒരു സത്യാവസ്ഥയാണ്. ഈ ക്ഷേത്രം തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ മൂലക്ഷേത്രമായി കാസർകോഡു ജില്ലയിൽ ഇന്നും സ്ഥിതി ചെയ്യുന്നു. ഒരുപാട് ആത്മീയ ചരിത്രങ്ങളുടെ പൊരുളറിയാത്ത നിഗൂഢകഥകളുറങ്ങുന്ന ഒരു പുണ്യപുരാതനക്ഷേത്രമാണ് അനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രം. കാസർകോഡ് ടൗണിൽ നിന്നും കുമ്പള ബദിയടുക്കവഴി സഞ്ചരിച്ചാൽ നായ്ക്കാപ്പ എന്ന സ്ഥലത്തെത്താം. അവിടെനിന്നും 1. കി. മി. സഞ്ചരിച്ചാൽ ക്ഷേത്രത്തിലെത്താം.

കേരളത്തിന്റെ വടക്കെ അറ്റത്തുള്ളതും ഏറ്റവും ഒടുവിൽ നിലവിൽ വന്നതുമായ കാസർകോഡു ജില്ലയ്ക്ക് ഒരു പിടിവിശേഷണങ്ങൾ സ്വന്തമായുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രാദേശികഭാഷകൾ സംസാരിക്കുന്ന ജില്ലയാണ് കാസർകോഡ്. ദൈവങ്ങളുടെ നാടെന്നും നദികളുടെ നാടെന്നും സപ്തഭാഷാസംഗമഭൂമി എന്നും കാസർകോഡിനെ വിശേഷിപ്പിക്കുന്നു. കേരളത്തിൽ ബ്യാരിഭാഷ സംസാരിക്കുന്ന ഏകജില്ലയാണിത്. കേരളത്തിലെ ആദ്യ ജൈവജില്ലയും ഏറ്റവും കൂടുതൽ നദികളൊഴുകുന്ന ജില്ലയുമാണ് കാസർഗോഡ്. യക്ഷഗാനമെന്ന കലാരൂപത്തിന്റെ ജന്മനാടാണിത്. പാർത്ഥിവസുബ്ബയ്യയാണ് ഈ കലാരൂപത്തിന്റെ ഉപജ്ഞാതാവ്. കുമ്പളരാജവംശത്തിന്റെ ആസ്ഥാനമായ മായിപ്പാടി കൊട്ടാരവും കേരളത്തിലെ ഏറ്റവും വലിയ കോട്ടയായ ബേക്കൽ കോട്ടയും കാഞ്ഞങ്ങാട്ടുകോട്ട, ചന്ദ്രഗിരികോട്ട തുടങ്ങി പല ചരിത്രസ്മാരകങ്ങളും സ്ഥിതി ചെയ്യുന്ന ജില്ലയാണിത്. ഇതിനെല്ലാമുപരിയായി ലോകത്തിലെ സസ്യാഹാരിയായ ഏക മുതലയുള്ള തടാകക്ഷേത്രം ഇവിടെയാണു സ്ഥിതി ചെയ്യുന്നത്. കാസർകോഡ് എന്നാൽ കാഞ്ഞിരമരങ്ങളുടെ കൂട്ടം എന്നും അർത്ഥം കല്പിക്കുന്നുണ്ട്. കാസർകോഡ് ശിലായുഗം മുതൽ തന്നെ മനുഷ്യവാസം ഉണ്ടായിരുന്ന സ്ഥലമാണ്.

കാസർകോഡു ജില്ലയിലെ അനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രം 3000 ത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രമാണ്. അഗസ്ത്യമഹർഷി തപസ്സനുഷ്ഠിച്ചിരുന്ന സ്ഥലമാണ് അനന്തപുരം. മഹർഷി തന്റെ തപോഭൂമിയിൽ സ്ഥാപിച്ച മഹാവിഷ്ണുക്ഷേത്രമാണ് അനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രം. അഗസ്ത്യമഹർഷി യാഗം നടത്തിയിരുന്ന യാഗശാലയിലെ യജ്ഞകുണ്ഡങ്ങൾ ക്ഷേത്രത്തടാകത്തിലെ ജലത്തിനടിയിൽ ഇന്നും ഉണ്ട് എന്നും പറയപ്പെടുന്നു. പേരുപോലെത്തന്നെ കഠിനമായ നിർമ്മാണ രീതികളിലുള്ള കടുശർക്കരയോഗത്തിൽ നിർമ്മിച്ച വിഗ്രഹങ്ങളാണ് അനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ആരാധനാ വിഗ്രഹങ്ങൾ. അഗസ്ത്യമഹർഷിക്കു ശേഷം വില്വമംഗലംസ്വാമിയാരാണ് ഈ ക്ഷേത്രകാര്യങ്ങൾ നടത്തിയിരുന്നത്. തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മൂലസ്ഥാനമാണ് അനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രം. തിരുവാതാംകൂർ രാജകുടുംബാംഗങ്ങൾ വർഷത്തിലൊരിക്കൽ അനന്തപുരം ക്ഷേത്രത്തിൽ ദർശനം നടത്തി വഴിപാടുകളും നടത്തുന്ന പതിവ് ഇന്നും തുടരുന്നുണ്ട്.

അനന്തപുരം ക്ഷേത്രത്തിൽ വില്വമംഗലം സ്വാമിയാർ പൂജാദികാര്യങ്ങൾ നടത്തിയിരുന്ന കാലത്ത് ഒരു കൊച്ചു ബാലൻ സ്വാമിയാരെ സഹായിക്കാനായി നിത്യവും അവിടെ എത്തുമായിരുന്നു. പൂജകൾക്കു വേണ്ട സാധനങ്ങളും നിവേദ്യങ്ങളും ഒരുക്കുന്നതിനും എല്ലാം അദ്ദേഹത്തെ സഹായിച്ചുകൊണ്ട് അദ്ദേഹത്തിനൊപ്പം കൂടിയിരുന്നു ഈ ബാലൻ. ഈ ഉണ്ണി ആരെന്നോ ഏതെന്നോ ഒന്നും അദ്ദേഹത്തിനറിയില്ലായിരുന്നിട്ടും ഉണ്ണി സ്വാമിയാർക്ക് എല്ലാ സഹായവും ചെയ്തു കൊടുത്തിരുന്നു എങ്കിലും ഇടയ്ക്ക് അല്പം കുസൃതികളും ഒപ്പിക്കാറുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം പൂജകൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഉണ്ണി എന്തോ വികൃതി കാട്ടി. സ്വാമിയാർക്കു ദേഷ്യം വന്നു. അദ്ദേഹം ഉണ്ണിയെ പുറംകൈകൊണ്ടു തട്ടി. ഉണ്ണി അവിടെ വീണു. സ്വാമിയാർ തന്നെ പുറംകൈകൊണ്ടു തള്ളിയത് ഉണ്ണിക്ക് തീരെ ഇഷ്ടപ്പെട്ടില്ല. പെട്ടെന്നു താൻ ചെയ്തതു തെറ്റായിപ്പോയി എന്നോർത്ത് ഉണ്ണി വീണ സ്ഥലത്തെത്തിയ സ്വാമിയുടെ മുന്നിൽ നിന്നും ഉണ്ണി അപ്രത്യക്ഷനാകുകയും ഇനി എന്നെ കാണണമെങ്കിൽ അനന്തൻ കാട്ടിൽ വരണം എന്നൊരശരീരി കേൾക്കുകയും ചെയ്തു. അപ്പോഴാണ് തന്നെ സഹായിക്കാൻ കൂടിയിരുന്ന ഉണ്ണി സാക്ഷാൽ ഉണ്ണികൃഷ്ണനായിരുന്നു എന്ന് അദ്ദേഹത്തിനു മനസ്സിലായത്. ഉണ്ണി അപ്രത്യക്ഷമായ സ്ഥലത്ത് പെട്ടെന്ന് ഒരു ഗുഹ പ്രത്യക്ഷപ്പെടുകയും ആ ഗുഹയിൽ ഒരു

പ്രകാശം കാണപ്പെടുകയും ചെയ്തു. അദ്ദേഹം ഓടി പ്രകാശത്തിനടുത്തെത്തുമ്പോഴേക്കും പ്രകാശം അകന്നകന്നുപൊയ്ക്കൊണ്ടിരുന്നു. സ്വാമിയാർ ഗുഹയിലൂടെ പ്രകാശത്തെ പിൻതുടർന്ന് ഒരു കടൽ തീരത്തെത്തുകയും പ്രകാശം അപ്രത്യക്ഷമാകുകയും ചെയ്തു. അവിടെ കാടു പിടിച്ചു കിടക്കുന്ന സ്ഥലവും ഗുഹാഭാഗത്ത് പാറയിൽ രണ്ടു കാൽപ്പാടുകളും മാത്രമാണ് അദ്ദേഹത്തിനു കാണുവാൻ കഴിഞ്ഞത്. അനന്തേശ്വരം ക്ഷേത്രത്തിൽ നിന്നും ഏകദേശം അഞ്ച് കിലോമീറ്റർ ദൂരത്തായി മെഗ്രാൽ എന്ന സ്ഥലത്തിനടുത്ത് നാങ്കുഴി എന്ന സ്ഥലത്ത് കടൽ തീരത്തായി കാടു പിടിച്ചു കിടക്കുന്ന സ്ഥലവും ഗുഹാഭാഗവും ഗുഹാഭാഗത്ത് പാറയിൽ രണ്ടു കാല്പാദങ്ങളും ഉണ്ട് എന്നു പറയപ്പെടുന്നു. ഈ സ്ഥലത്തേയ്ക്ക് പൊതുജനങ്ങൾക്ക് പ്രവേശനം നിരോധച്ചിരിക്കുന്നു. ഇന്ന് ഈ സ്ഥലം പുരാവസ്തു വകുപ്പിന്റെ കീഴിലാണ്. ഇവിടെ ജനവാസവും ഇല്ല. ഉണ്ണി ക്ഷേത്രത്തിൽ നിന്നും അപ്രത്യക്ഷമായ സ്ഥലത്ത് രൂപപ്പെട്ട ഗുഹ ഇന്ന് വില്വമംഗലം ഗുഹ എന്നറിയപ്പെടുന്നു. ഈ ഗുഹയുടെ തുടക്കഭാഗത്ത് 3 അടി മാത്രം ആഴമുള്ള ഒരു കിണർ രൂപപ്പെടുകയും ചെയ്തു. ഈ കിണറ്റിലെ ജലം വറ്റാറില്ല. ഇതിലെ ജലമാണ് ഭഗവാന്റെ അഭിഷേകത്തിനും മറ്റു ക്ഷേത്രാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്.

തനിക്കു പറ്റിയ തെറ്റിനെ ഓർത്ത് പശ്ചാത്തപിച്ച വില്വമംഗലം സ്വാമിയാർ ഭഗവാനെ കാണുവാൻ വേണ്ടി അനന്തൻകാടന്വേഷിച്ച് യാത്ര ആരംഭിച്ചു. അനന്തൻകാട് എവിടെയെന്നോ ഏതു ദിക്കിലെന്നോ ഒന്നും അദ്ദേഹത്തിന് അറിവില്ലായിരുന്നു. ഉണ്ണിക്കണ്ണനെ പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം അനന്തൻകാടന്വേഷിച്ച് തെക്കു ദിക്കിലേക്ക് യാത്ര തുടങ്ങി. യാത്രാമദ്ധ്യേ ക്ഷീണം കൊണ്ടു തളർന്ന അദ്ദേഹം ഒരു സന്ധ്യാസമയത്ത് ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിച്ചു. ഈ സമയം സമീപത്തുള്ള ഒരു കുടിലിൽ നിന്നും നിർത്താതെ കരയുന്ന കുഞ്ഞിനോട് കുഞ്ഞിന്റെ അമ്മ ഇനിയും നീ കരഞ്ഞാൽ നിന്നെ ഞാൻ അനന്തൻ കാട്ടിലെറിയും എന്ന് പറയുന്നത് അദ്ദേഹം കേൾക്കാനിടയായി. സ്വാമിയാർ പെട്ടെന്നു തന്നെ ആ കുടിലിലേക്കെത്തി അവരോട് അനന്തൻ കാടിനെപ്പറ്റി ചോദിച്ചറിഞ്ഞു. അവിടെ നിന്നും വെളിച്ചത്തിനായി ഒരു തിരി കത്തിച്ച് കാറ്റിൽ അണയാതിരിക്കുവാൻ ഒരു ചിരട്ടയെ മറയാക്കി അതുമായി അദ്ദേഹം അനന്തൻ കാടു ലക്ഷ്യമാക്കി നടന്നു.

അനന്തൻ കാട്ടിലെത്തിയ സ്വാമിയാർക്കു മുന്നിൽ ഒരു ഇലിപ്പമരം രണ്ടായി പിളർന്നു വീഴുന്നതായും ഒരു അത്ഭുത പ്രകാശത്തിൽ അനന്തശായിയായ പത്മനാഭസ്വാമി പെരുമാളുടെ ദിവ്യരൂപം ദൃശ്യമാവുകയും ചെയ്തു. തിരുവല്ലത്ത് ശിരസ്സും തിരുവനന്തപുരത്ത് ശരീരവും തൃപ്പാദപുരത്ത് പാദങ്ങളുമായി ഏകദേശം 18 മൈലോളം നീളത്തിലാണ് ഭഗവാൻ ശയിച്ചിരുന്നത്. ഇതു കണ്ട സ്വാമിയാർ വിശ്വരൂപം ചുരുക്കി കാട്ടിത്തരേണമേ എന്ന് ഭഗവാനോടപേക്ഷിച്ചു. അദ്ദേഹത്തിന്റെ അപേക്ഷ അനുസരിച്ച് ഭഗവാൻ തന്റെ ദൈർഘ്യം ചുരുക്കി സ്വാമിയാർക്ക് ദർശനം നൽകി. അങ്ങനെ അനന്തനെ പള്ളിമെത്തയാക്കി പള്ളികൊള്ളുന്ന ശ്രീപത്മനാഭസ്വാമിയുടെ രൂപത്തിൽ താൻ പുറം കൈകൊണ്ടു തട്ടിയതിൽ പിണങ്ങിപ്പോയ പൊന്നുണ്ണിക്കണ്ണനെ പ്രസന്നവദനനായി സ്വാമിയാർക്കു വീണ്ടും ദർശിക്കുവാൻ സാധിച്ചു. സ്വാമിയാർക്ക് അനന്തശായിയായി ഭഗവാൻ ദർശനം നൽകിയ അനന്തൻകാട് എന്ന സ്ഥലത്ത് പിന്നീട് രാജാവ് ക്ഷേത്രം പണി കഴിപ്പിച്ചു. ഇതാണ് തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രോത്ഭവത്തെപ്പറ്റി ഏറ്റവും കൂടുതൽ പ്രചാരമുള്ളതും വിശ്വസനീയവുമായ ഐതിഹ്യം. സ്വാമിയാരുടെ മുന്നിൽ പ്രത്യക്ഷനായ ഭഗവാന് നിവേദ്യമായി സമർപ്പിക്കുവാൻ അദ്ദേഹത്തിന്റെ കയ്യിൽ ഒന്നും ഉണ്ടായിരുന്നില്ല. തൊട്ടടുത്ത് ഒരു മാവിൽ നിറയെ മാങ്ങ നില്ക്കുന്നത് അദ്ദേഹം കാണുകയും ഒരു മാങ്ങ എടുത്ത് തന്റെ കയ്യിലുണ്ടായിരുന്ന ചിരട്ടയിൽ വച്ച് ഭഗവാന് നിവേദിക്കുകയും ചെയ്തു. ഇന്നും തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിയുടെ ആദ്യനിവേദ്യം ചിരട്ടയിൽ വച്ചു സമർപ്പിക്കുന്ന മാങ്ങ തന്നെയാണ്. വില്വമംഗലം സ്വാമി തന്റെ ഭഗവാനെ വീണ്ടും ദർശിച്ചതിന്റെ സന്തോഷത്തിൽ ഏറെക്കാലം ഭഗവാനോടൊപ്പം തിരുവനന്തപുരത്തു തന്നെ കഴിഞ്ഞിരുന്നു എന്നും വിശ്വസിക്കുന്നു. തിരുവനന്തപുരം പണ്ടു കാലത്ത് സ്യാനന്ദപുരം എന്നാണറിയപ്പെട്ടിരുന്നത്. കാസർകോഡ് അനന്തപുരത്ത് ഭഗവാന്റെ ഇരിപ്പിടമെങ്കിൽ സ്യാനന്ദപുരം ഭഗവാന്റെ ശയ്യയാണ്. അനന്തശായിയായി ഭഗവാൻ ശ്രീമാഹാവിഷ്ണു സ്യാനന്ദപുരത്തു കുടികൊണ്ടതിനു ശേഷമാണ് സ്യാനന്ദപുരം തിരുഅനന്തപുരമായി പരിണമിച്ചത്.

അനന്തപുരം ക്ഷേത്രപരിസരങ്ങളെല്ലാം ചെങ്കൽപ്പാറകളാണ് . ഈ ചെങ്കൽപ്പാറകൾ പ്രകൃതി തന്നെ നിർമ്മിച്ച കോട്ടയായി ക്ഷേത്രത്തെ സംരക്ഷിക്കുന്നു. ഈ പ്രദേശത്ത് ജനവാസം കുറവാണ്. വിശാലമായി കാണപ്പെടുന്ന ഈ സ്ഥലത്ത് ക്ഷേത്രത്തിലേക്കുള്ള പ്രവേശനകവാടം കാണാം. അവിടെ നിന്നും താഴേക്ക് പടിക്കെട്ടുകളിറങ്ങിച്ചെല്ലുമ്പോൾ 4 അടിയോളം ഉയരവും ചെങ്കല്ലിൽ തീർത്ത ബലിക്കല്ലു കാണാം. ബലിക്കല്ലിനെ വന്ദിച്ച് വീണ്ടും പടികളിറങ്ങുമ്പോൾ ഇരുവശങ്ങളിലുമായി ഹനുമാൻ സ്വാമിയുടെയും ഗരുഡഭഗവാന്റെയും കരിങ്കൽ പ്രതിമകൾ കാണാം. വീണ്ടും മുന്നോട്ടു നടന്ന് വലിയമ്പലത്തിലെത്താം. വലിയമ്പലവും ശ്രീകോവിലും തമ്മിൽ ഒരു കരിങ്കൽ പാലംകൊണ്ടു ബന്ധിപ്പിച്ചിരിക്കുന്നു. ഈ ക്ഷേത്രം കാണുമ്പോൾ തടാകത്തിൽ നിന്നും പൊന്തി വന്നതാണോ എന്നു തോന്നും. പാലത്തിനടിയിലൂടെ വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ ശ്രീകോവിലിനു ചുറ്റും വെള്ളം നിറഞ്ഞു കിടക്കുന്നു. എന്നാൽ എത്ര വലിയ മഴക്കാലത്തും ഈ കുളത്തിലെ ജലനിരപ്പുയരാറില്ല. വേനലായാലും മഴയായാലും ഈ കുളത്തിലെ ജലനിരപ്പിന് ഒരു മാറ്റവും ഇല്ല എന്നതും ഒരപൂർവ്വതയാണ്. പാലത്തിലൂടെ നമസ്കാര മണ്ഡപത്തിനടുത്തെത്തി ഇടതുവശം ചേർന്ന് മുഖമണ്ഡപത്തിനടുത്തെത്തിയാൽ ശ്രീകോവിലിൽ അനന്തനെ ഇരിപ്പിടമായിരിക്കുന്ന മഹാവിഷ്ണു ഭഗവാനെ ദർശിക്കാം.രണ്ട് നിലകളുള്ളതും ചുവർചിത്രങ്ങളാലും ദാരുശില്പങ്ങളാലും അലംകൃതമായ ഈ ശ്രീകോവിലിൽ ഭഗവാനോടൊപ്പം ഭൂദേവി, ശ്രീദേവി, ഹനുമാൻ, ഗരുഡൻ, ചാമരം വീശുന്ന നാഗകന്യകമാർ എന്നിങ്ങനെ ഏഴ് വിഗ്രഹങ്ങളാണുള്ളത്. വിഗ്രഹങ്ങളെല്ലാം കടുശർക്കര യോഗത്തിൽ നിർമ്മിച്ചവയാണ്. മുഖമണ്ഡപത്തിന്റെ മേൽക്കൂര. ഇതിനെ ശംഖ്, ചക്രം, അഭയ, വരദ എന്നീ മുദ്രകൾ കൊത്തിയ കരിങ്കൽ തൂണുകൾ ഈ മേൽക്കൂരയെ താങ്ങി നിർത്തുന്നു. മുഖമണ്ഡപത്തിൽ വച്ചാണ് ഭഗവാന്റെ അഭിഷേകം നടക്കുന്നത്. അഭിഷേക തീർത്ഥം കുളത്തിലേക്കാണ് ഒഴുകുന്നത്. അതിനാൽ കുളത്തിലെ മുഴുവൻ ജലവും തീർത്ഥമായി കരുതുന്നു. ശ്രീകോവിലിന്റെ തെക്കു ഭാഗത്തായി കുളത്തിൽ തന്നെയാണ് തിടപ്പള്ളിയും കാണപ്പെടുന്നത്. വാസ്തുവിദ്യാപ്രകാരം നിർമ്മിച്ചിരിക്കുന്ന ഈ ക്ഷേത്രത്തിലെ വിഗ്രഹങ്ങൾ 64 ഔഷധങ്ങൾ ഉൾപ്പടെ 108 സാധനങ്ങൾ ചേർത്ത് കടുശർക്കരയോഗത്തിലാണ് നിർമ്മിച്ചിരിക്കുന്നത്.

ശ്രീകോവിലിനു മുന്നിൽ ദ്വാരപാലകരായി ജയവിജയന്മാരെയാണ് കാണുന്നത്. ശ്രീകോവിലിനു പുറത്തും കടുശർക്കരയോഗത്തിൽ തീർത്ത നാലു വിഗ്രഹങ്ങൾ കാണാം. തെക്കു ദർശനമായി സങ്കർഷണൻ, പടിഞ്ഞാറു ദർശനമായി അനിരുദ്ധൻ, വടക്കുഭാഗത്തേക്കായി പ്രദ്യുമ്നൻ കിഴക്കു ഭാഗത്ത് സാക്ഷാൽ ശ്രീവാസുദേവൻ. തടിയിൽ തീർത്ത നവഗ്രഹവിഗ്രഹങ്ങളാൽ അലംകൃതമാണ്. മുഖമണ്ഡപത്തിന്റെ മേൽക്കൂര ശ്രീകോവിൽ ചുമരുകൾ ചുവർച്ചിത്രങ്ങളാൽ അലംകൃതമാണ്. ദശാവതാര കഥകൾ ആവിഷ്ക്കരിച്ചിരിക്കുന്ന ഇവിടുത്തെ ദാരുശില്പങ്ങൾ അജന്ത എല്ലോറ ശില്പസമാനമാണ്. ശ്രീകോവിലിനു ചുറ്റിലും വെള്ളമായതിനാൽ ഇവിടെ പ്രദക്ഷിണം സാദ്ധ്യമല്ല. ദേവനെ പ്രദക്ഷിണം ചെയ്യണമെങ്കിൽ രണ്ടര ഏക്കർ വിസ്തൃതമയ തടാകം ചുറ്റി വരണം. ഈ തടാകത്തിൽ നിന്നും തിരുവനന്തപുരം ശ്രീപത്മനാഭക്ഷേത്രം വരെ നീളുന്ന ഗുഹാമാർഗ്ഗമുണ്ടെന്നും വിശ്വസിക്കുന്നു. ശ്രീകോവിലിലെ ദേവദർശനം കഴിഞ്ഞു പുറത്തേക്കിറങ്ങിയാൽ തെക്കു കിഴക്കു ഭാഗത്ത് വേദാവതി പ്രതിഷ്ഠയുള്ള മറ്റൊരു ശ്രീകോവിലാണ് കാണുന്നത്. അവിടെ നിന്നും മുന്നോട്ടു പോകുമ്പോൾ ഒരു വനപ്രതീതിയിൽ തന്നെ വനശാസ്താപ്രതിഷ്ഠയും അതിനടുത്തായി മഹിഷമർദ്ദിനിയുടെ ചെറിയ ശ്രീകോവിലും രക്തേശ്വരി പ്രതിഷ്ഠയുള്ള ശ്രീകോവിലും കാണാം. അവിടെ നിന്നും വലത്തോട്ടു തിരിഞ്ഞാൽ ബബിയ എന്ന മുതല പകൽസമയം കിടക്കുന്ന കുളം കാണാം. പുറത്തെ കുളം എന്നാണിതറിയപ്പെടുന്നത്. അവിടെ നിന്നും തിരിച്ചു നടന്നാൽ തെക്കു പടിഞ്ഞാറു മൂലയിൽ ഗോശാലകൃഷ്ണ പ്രതിഷ്ഠ കാണാം. ക്ഷേത്രത്തടാകത്തിന്റെ പടിഞ്ഞാറു ഭാഗത്തുകൂടി വലംവയ്ക്കുമ്പോൾ താമരക്കുളം കാണാം. ഈ താമരക്കുളത്തിൽ എന്നും ഏതു വേനലിലും പൂക്കൾ കാണും. ഈ താമരപൂക്കൾ മാത്രമാണ് ഇവിടെ പൂജയ്ക്ക് എടുക്കുന്നത്. വീണ്ടും മുന്നോട്ടു നടക്കുമ്പോൾ വടക്കു കിഴക്കു ഭാഗത്ത് ഗണപതിയുടെ ശ്രീകോവിലും അതിനപ്പുറത്ത് മറ്റൊരു ശ്രീകോവിലിൽ ക്ഷേത്രപാലകരേയും കാണാം. ഈ ശ്രീകോവിലിലെ ബബരിയ, ഉള്ളാഹുളു എന്നീ ക്ഷേത്രപാലകരേയും വന്ദിച്ച് ക്ഷേത്രപ്രദക്ഷിണം പൂർത്തിയാക്കാം. ഈ ക്ഷേത്രത്തിന്റെ ചുറ്റു മതിലുകൾ ഒരപൂർവ്വ കാഴ്ചയാണ്. ഇതിന്റെ പണി സർപ്പക്കെട്ട് എന്നാണറിയപ്പെടുന്നത്. 1000 ത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ളതും ഇഴജന്തുക്കൾക്ക്

പോലും കടക്കാൻ പറ്റാത്തതും ചെങ്കല്ലിൽ തീർത്തിരിക്കുന്നതുമായ ഈ മതിൽക്കെട്ടിന് ഇന്നും കാര്യമായ കേടുപാടുകളൊന്നും ഇല്ല. പണ്ടുകാലത്ത് മഹാക്ഷേത്രങ്ങളുടെ അടയാളമായിരുന്നു ഇത്തരം മതിൽക്കെട്ടുകൾ.

ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കു മുൻപ് ഈ ക്ഷേത്രപരിസരങ്ങളെല്ലാം ബ്രിട്ടീഷ് പട്ടാളക്കാർക്കൊരുക്കിയ വാസസ്ഥലങ്ങളായിരുന്നു. അക്കാലത്ത് അവർ ക്ഷേത്രത്തിനും ക്ഷേത്രവിഗ്രഹങ്ങൾക്കും സാരമായ നാശനഷ്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. 1200 ലേറെ വർഷങ്ങളുടെ പഴക്കമുള്ള വിഗ്രഹങ്ങളാണ് അന്ന് നശിപ്പിക്കപ്പെട്ടത്. 1972 ൽ പുനരുദ്ധാരണം നടത്തുകയും, 1976 ൽ പഞ്ചലോഹവിഗ്രഹങ്ങൾ സ്ഥാപിക്കുകയും പഴയ വിഗ്രഹങ്ങളെ ജലാധിവാസം നടത്തുകയും ചെയ്തു. ഗരുഡന്റെയും ഹനുമാനന്റെയും കരിങ്കൽ വിഗ്രഹങ്ങൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ക്ഷേത്രത്തിൽ പല അശുഭലക്ഷണങ്ങൾ കാണുകയും 1976 ൽ ദേവപ്രശ്നം നടത്തുകയും പഞ്ചലോഹ വിഗ്രഹങ്ങളിൽ ദേവചൈതന്യത്തെ ആവാഹിക്കാൻ അനുവാദമുണ്ടോ എന്ന് ആരായുകയും ചെയ്തു. ഈ വിഗ്രഹങ്ങൾ എല്ലാം പാടേ മാറ്റണമെന്നും കടുശർക്കര യോഗത്തിലുള്ള വിഗ്രഹങ്ങൾ തന്നെ വേണമെന്നും പ്രശ്നത്തിൽ തെളിഞ്ഞു. 2001 ൽ അതിനുള്ള ശ്രമങ്ങൾ തുടങ്ങുകയും 2008 ൽ പണി പൂർത്തിയാക്കുകയും ചെയ്തു. അതിനു ശേഷം ക്ഷേത്രം പഴയ ഐശ്വര്യം വീണ്ടെടുത്തുകൊണ്ടിരിക്കുന്നു.

ഈ ക്ഷേത്രത്തിൽ കൊടിമരമില്ല കൊടിയേറ്റുമില്ല. കുംഭമാസത്തിൽ ഒരു ദിവസത്തെ ഉത്സവം നടക്കുന്നു. ഈ സരോവര ക്ഷേത്രത്തിൽ ഒരു മുതലയുണ്ട്. ഭഗവാനുമായി ബന്ധപ്പെട്ട ഒരു ദൈവീകശക്തി ഈ മുതലയ്ക്കുണ്ട് എന്നു വിശ്വസിക്കുന്നു. ഇതിനെ ബബിയ എന്നാണ് വിളിക്കുന്നത്. ഇത് ആണോ പെണ്ണോ എന്നു പോലും ആർക്കും അറിയില്ല. 1945 കാലത്ത് ഈ ക്ഷേത്രത്തിലൊരു മുതലയുണ്ടായിരുന്നു. അത് മനുഷ്യനുമായി ഇണങ്ങിയിരുന്നു. പേരു വിളിച്ചാൽ അത് ഓടി വരുമായിരുന്നു. ബബിയ എന്നാണ് അതിനേയും വിളിച്ചിരുന്നത്. ബ്രിട്ടീഷു പട്ടാളക്കാർ ആ മുതലയെ പേരു വിളിച്ചു വരുത്തുകയും വെടിവെച്ചു കൊല്ലുകയും ചെയ്തു. വെടിവെച്ച പട്ടാളക്കാരനെ അടുത്തു നിന്ന ആൽമരത്തിൽ നിന്നും ഒരു വിഷജീവി ചാടി വീണ് ആക്രമിക്കുകയും അയാൾ അപ്പോൾ തന്നെ മരിക്കുകയും ചെയ്തു. ഈ സംഭവത്തിന്റെ അടുത്ത നാളിൽ ഒരു കുഞ്ഞു മുതല ഈ കുളത്തിൽ പ്രത്യക്ഷപ്പെട്ടു. ഇത് എവിടെനിന്ന് എങ്ങനെ വന്നു എന്നൊന്നും ആർക്കും അറിയില്ല. ആ മുതലയാണ് ഇന്ന് 8 അടിയോളം നീളമുള്ള ഈ മുതല. ഇതിനെയും ബബിയ എന്നു തന്നെയാണ് വിളിക്കുന്നത്. ഇത് സസ്യാഹാരിയാണ്. ആരെയും ഉപദ്രവിക്കാറില്ല. രാത്രികാലങ്ങളിൽ തടാകത്തിലെ മീനുകൾക്കൊപ്പം ഭഗവാന്റെ ശ്രീകോവിലിനടുത്തായി അത് കാവൽ കിടക്കുന്നു. ഭഗവാന്റെ നിവേദ്യമാണ് ഇതിന്റെ ആഹാരം. പകൽ സമയം ഈ തടാകത്തിൽ നിന്നും 20 പടിക്കെട്ടുകൾ കടന്ന് ഗെയ്റ്റും കടന്ന് 100 മീറ്റർ ദൂരം ചെങ്കൽപ്പാതയിലൂടെ നടന്ന് വനശാസ്താ ക്ഷേത്രത്തിനടുത്തുള്ള പുറത്തെ കുളത്തിൽപോയി വിശ്രമിക്കുന്നു. ഇതിന് മൂന്നു നേരവും ഭഗവാന്റെ നിവേദ്യം ഭക്ഷണമായി നൽകുന്നു. മുതലക്കുള്ള നിവേദ്യമാണ് ഈ ക്ഷേത്രത്തിലെ ഏറ്റവും പ്രധാന വഴിപാട്. തന്റെ പൂർവ്വികന്റെ അനുഭവം ഓർമ്മയുള്ളതുകൊണ്ടാകാം ഈ മുതല ആരുമായി ഇണങ്ങിയിട്ടില്ല. ഈ മുതലയെപ്പറ്റി സോഷ്യൽ മീഡിയയിൽ ചില പ്രചരണങ്ങൾ കാണാറുണ്ട്. ഇത് നമ്മുടെ സംസ്കാരത്തെ ഇകഴ്ത്തിക്കാട്ടുവാനുള്ള ഒരു കള്ളപ്രചരണം മാത്രമാണ്. ഈ അടുത്ത ദിവസങ്ങളിൽ ഈ മുതലയെ നേരിൽ കണ്ടതിനാൽ പറയുന്നു ബബിയ സുഖമായിരിക്കുന്നു. ഇത് ഒരു സാധാരണ മുതലയല്ല, മുതലയുടെ രൂപധാരിയായ ഏതോ ദേവപാർഷദൻ തന്നെ.

പരശുരാമ പ്രതിഷ്ഠിതമായ കേരളം സാക്ഷാൽ ആദിശേഷനായ അനന്ത ഭഗവാൻ കനിഞ്ഞനുഗ്രഹിച്ചു തന്ന പുണ്യഭൂമിയാണ്. തെക്കും വടക്കും അതിർത്തിസ്ഥാനങ്ങളിലായി മഹാവിഷ്ണു ഭഗവാന്റെ സാന്നിദ്ധ്യത്താൽ പവിത്രമാക്കപ്പെട്ട ഈ പുണ്യഭൂമി ഭഗവാന്റെ വരദാനം തന്നെ. പാലാഴിയിൽ പള്ളികൊള്ളുന്ന അനന്തപത്മനാഭസ്വാമി ഭൂലോകവാസികളുടെ നന്മക്കായി കുടികൊള്ളുന്നതും കാസർകോഡിന്റെ പൊൻകിരീടവുമായ ഈ പുണ്യക്ഷേത്രത്തിരുനടയിലെത്തി ഭഗവാനെ വന്ദിക്കുവാനും അത്ഭുത കാഴ്ചകൾ കാണുവാൻ സാധിക്കുക എന്നത് ഒരു മഹാഭാഗ്യം തന്നെയാണ്. ഈ മണ്ണിൽ തന്നെ മനുഷ്യജന്മം ലഭിച്ചത് നമ്മുടെ സുകൃതം. അനന്തതല്പത്തിലിരിക്കുന്ന മഹാവിഷ്ണുഭഗവാന്റെ തൃപ്പാദങ്ങളിൽ ഈ അക്ഷരക്കൂട്ടത്തെ പത്മദളങ്ങളായി സമർപ്പിച്ചുകൊള്ളട്ടെ.







# മഹാഭാരതം ഖാണ്ഡവ ദഹനം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ദ്വേഷ്യം മൂത്ത ഭീമൻ ഇങ്ങനെ ശപഥം ചെയ്തപ്പോൾ അയാളുടെ സർവ്വ ശ്രോതസ്സുകളിൽ നിന്നും അഗ്നിജ്വാല പുറപ്പെട്ടു. ഇതുകണ്ട വിദുരർ പറഞ്ഞു, എല്ലാവരും ഭീമനിൽ നിന്നും രക്ഷനേടാനുള്ള മാർഗ്ഗം കണ്ടുപിടിക്കൂ. ഇതെല്ലാം ഭഗവാൻ നേരത്തെ തന്നെ ഉറപ്പിച്ചതാണ്. ഈ കള്ളച്ചൂതും സ്ത്രീയുടെ വേദനയും ധർമ്മത്തിനു നിരക്കാത്തതായി. ധർമ്മത്തിന്റെ അധഃപതനം സഭയേയും ബാധിച്ചു. യുധിഷ്ഠിരൻ സ്വയം പണയവസ്തുവാകുന്നതിനു മുൻപായിരുന്നെങ്കിൽ പണയം സാധുവാകുമായിരുന്നു. ഒരു അടിമയിൽ നിന്നുള്ള പണയവസ്തു സ്വപ്നത്തിൽ കിട്ടുന്ന പണയവസ്തുപോലെയാണ്. ശകുനിയുടെ വാക്കുകളാൽ എല്ലാവരും ധർമ്മത്തിൽ നിന്നും വ്യതിചലിച്ചു. വീണ്ടും ദുര്യോധനൻ പറഞ്ഞു, പാണ്ഡവർ യുധിഷ്ഠിരനെ തള്ളിപ്പറഞ്ഞാൽ പാഞ്ചാലിയെ സ്വതന്ത്രയാക്കാം. അർജ്ജുനൻ ധൃതരാഷ്ട്രർ ചൂതിനു മുൻപെങ്ങനെയോ അതുപോലെയെന്നു പറഞ്ഞു.

ഇങ്ങനെ ധർമ്മത്തിന്റെ ഓരോ വശങ്ങളും അവിടെ ചർച്ചക്കു വിധേയമായി. അവിടെ ഭയങ്കരമായ ദുശ്ശകുനങ്ങൾ കാണുവാൻ തുടങ്ങി. അത് വൈശമ്പായൻ വിവരിക്കുന്നതിങ്ങനെയാണ്.

തതോ രാജ്ഞോ ധൃതരാഷ്ട്രസ്യ ഗേഹേ
ഗോമായുരുച്ചൈവ്യഹിരദഗ്നിഹോത്രി
തം രാസഭാഃ പ്രത്യഭാഷന്ത രാജൻ
സമന്തതഃ പക്ഷിണാശ്ചൈവ രൌദ്രാഃ

ധൃതരാഷ്ട്രരുടെ ഹോമസ്ഥലത്ത് കുറുക്കന്മാർ ഓലിയിട്ടു. കഴുതകൾ കരഞ്ഞു. കഴുകന്മാർ ചുറ്റും പറന്നു. ആകെപ്പാടെ ഘോരശബ്ദം.

ഇതെല്ലാംകേട്ട് ധൃതരാഷ്ട്രരും മറ്റും ഭയന്നു. ഭീഷ്മരും ഗാന്ധാരിയും ദ്രോണരും കൃപരുമെല്ലാം ഉറക്കെ സമാധാനം സമാധാനം എന്നു പറഞ്ഞു. ഈ അപശകുനങ്ങളെല്ലാം ഗാന്ധാരിയും വിദുരരും രാജാവിനെ അറിയിച്ചു. ഉടൻതന്നെ ധൃതരാഷ്ട്രർ കുബുദ്ധിയായ ദുര്യോധനനു നാശമടുത്തുവെന്നും പാണ്ഡവർ വിവാഹം ചെയ്തുകൊണ്ടുവന്ന ദ്രൗപദിയോടുള്ള പെരുമാറ്റം തെറ്റാണെന്നും പറഞ്ഞു. വിജ്ഞാനിയും ബുദ്ധിമാനുമായ ധൃതരാഷ്ട്രർ തന്റെ കുലത്തിന്റെ നാശം അടുത്തുവെന്നു മനസ്സിലാക്കി പാഞ്ചാലിയെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. പാഞ്ചാലിക്കു വേണ്ട വരം നൽകാമെന്നു പറഞ്ഞു ദ്രൗപദിയെ പുകഴ്ത്തി. വരം രാജാവു തരികയാണെങ്കിൽ അത് ധർമ്മപുത്രരുടെ ദാസ്യത്വം മാറ്റുകയാണ് ആദ്യം. പ്രതിവിന്ധ്യനേപ്പോലുള്ള എന്റെ മക്കൾക്ക് ദാസന്റെ മക്കൾ എന്നതു മാറ്റണം. ധൃതരാഷ്ട്രർ ആ വരം നൽകി. രണ്ടാമത്തെ വരം ചോദിക്കുവാൻ പറഞ്ഞു. സകല ആയുധങ്ങളോടുംകൂടി പാണ്ഡവരെല്ലാം മോചിതരാകണമെന്നു പറഞ്ഞു. നിന്റെ ഇഷ്ടംപോലെയാകട്ടെയെന്ന് ധൃതരാഷ്ട്രർ പറഞ്ഞു. മൂന്നാമത്തെ വരംകൂടി ചോദിക്കുവാൻ പറഞ്ഞപ്പോൾ ദ്രൗപദി ഇങ്ങനെ പറഞ്ഞു:

ലോഭോ ധർമ്മസ്യ നാശായ ഭഗവാൻ നാഹമുത്സഹേ
അനർഹാ വരമാദാതും തൃതീയം രാജസത്തമ

ലോഭം ധർമ്മത്തെ നശിപ്പിക്കും. മൂന്നാമത്തെ വരം വാങ്ങാൻ ഞാനയോഗ്യയാണ്. ഞാനതു ചോദിക്കുന്നില്ല.

എന്നിട്ടിങ്ങനെ പറഞ്ഞു: ശാസ്ത്രമനുസരിച്ച് വൈശ്യന് ഒരു വരം, ക്ഷത്രിയ സ്ത്രീകൾക്ക് രണ്ടു വരം, രാജാവിന് മൂന്നു വരം, ബ്രാഹ്മണന് നൂറു വരം. അതുകൊണ്ട് താൻ നിയമം ലംഘിക്കുന്നില്ലയെന്നും ദാസ്യത്തിൽ നിന്നും മാറിയാൽ സർവ്വ ഐശ്വര്യങ്ങളോടുകൂടി അവരെല്ലാം നേടും.

ഇതു കണ്ട കർണ്ണൻ പറഞ്ഞു, ഇതുപോലുള്ള സുന്ദരികളായ സ്ത്രീകൾ ഇത്രയും മഹത്തരമായ കാര്യങ്ങൾ ചെയ്തതായറിവില്ല. ക്രൂദ്ധരായ കൗരവ പാണ്ഡവർക്ക് ശാന്തിയേകിയത് ദ്രൗപദിയാണ്.

അപ്ലവേള മ്ഭസി മഗ്നാനാമപ്രതിഷ്ഠേ നിമജ്ജതാം

പാഞ്ചാലീ പാണ്ഡുപുത്രാണാം നൗരേഷാ പാരഗാഭവത്

പാണ്ഡുപുത്രന്മാർ ഇളകിമറിഞ്ഞ കടലിൽ തോണിയില്ലാതെ മുങ്ങിത്താണപ്പോൾ പാഞ്ചാലി അവർക്ക് തോണി നൽകി സുരക്ഷിതരായി കരക്കടുപ്പിച്ചു. ഇതുകേട്ട ഭീമൻ പുരുഷന് 3 തേജസ്സുണ്ടെന്ന് ദേവലൻ പറഞ്ഞിട്ടുള്ളത് ഉദ്ധരിച്ചു. അപത്യം, കർമ്മം, വിദ്യ. ഈ മൂന്നിലുമാണ് പ്രജാസൃഷ്ടി എന്നിങ്ങനെ കോപാകുലനായി പലതും പറഞ്ഞു.

ഇതുകേട്ട അർജ്ജുനൻ നീചന്മാരുടെ വാക്കുകൾ കേട്ടില്ലായെന്നു നടിക്കണമെന്നു പറഞ്ഞു. ഈ ദുഷ്ടന്മാരെ ഒന്നടങ്കം ഇപ്പോൾതന്നെ നശിപ്പിക്കണമെന്ന ആഗ്രഹത്താൽ അനുവാദം ചോദിച്ചു. ഇവിടെ ഭീമനും സഹോദരനും ഇങ്ങനെയൊക്കെ പറഞ്ഞ് സിംഹം ചെറിയ മൃഗങ്ങളെ നോക്കുന്നതുപോലെ നോക്കിയെന്നാണ് പറഞ്ഞിരിക്കുന്നത്. അർജ്ജുനൻ ഭീമനെ സമാധാനിപ്പിച്ചു. ഭീമന്റെ മുഖം പ്രളയകാലാന്തകന്റെ മുഖംപോലെ ജ്വലിച്ചു. അവിടെ യുധിഷ്ഠിരൻ ഭീമനെ തടഞ്ഞു. യുധിഷ്ഠിരൻ ധൃതരാഷ്ട്രരുടെ സമീപമെത്തി ഇങ്ങനെ പറഞ്ഞു, അല്ലയോ രാജാവേ ഞങ്ങളിനി എന്തു ചെയ്യണം. സമാധാനത്തോടുകൂടി പോയി നിങ്ങളുടെ രാജ്യം ഭരിക്കുവാൻ ധൃതരാഷ്ട്രർ പറഞ്ഞു. ദുര്യോധനന്റെ ക്രൂരപ്രവർത്തികളെ ഓർമ്മിക്കേണ്ട. ധർമ്മപുത്രർ ധർമ്മിഷ്ടനാണെന്നും ബുദ്ധിമാൻമാരായ പാണ്ഡവർ ധർമ്മം മാത്രമേ പ്രവർത്തിച്ചുള്ളൂവെന്നും പറഞ്ഞു. സജ്ജനങ്ങളാണെന്നും സഭയിൽ ധർമ്മത്തിൽ നിന്നും വ്യതിചലിച്ചില്ലായെന്നും പറഞ്ഞു. കുരുടനായ തന്നേയും ഗാന്ധാരിയേയും കുറിച്ചു മാത്രം ചിന്തിക്കുക. വെറും കാഴ്ചക്കുവേണ്ടിയാണ് ചൂതു നടത്തിയത്. പുത്രന്മാരുടെ ശക്തി കാണാനും ബന്ധുമിത്രാദികളെ കാണാനും വേണ്ടി നടത്തിയതാണ് ചൂതുകളി. ധർമ്മപുത്രരിൽ ധർമ്മവും ഭീമനിൽ പരാക്രമവും അർജ്ജുനനിൽ ധൈര്യവും നകുലസഹദേവന്മാരിൽ ഗുരുശുശ്രൂഷയും ശ്രദ്ധയും കാണുന്നുവെന്നും ഇന്ദ്രപ്രസ്ഥത്തിൽ പോയി സുഖമായി വാഴാനും ധൃതരാഷ്ട്രർ പറഞ്ഞു. ഇതുകേട്ട് ധൃതരാഷ്ട്രർ സഹോദരങ്ങളോടും പാഞ്ചാലിയോടുംകൂടി ഇന്ദ്രപ്രസ്ഥത്തിലേക്കു പോയി. ഇവിടെ ജനമേജയൻ വൈശമ്പായനോട് ചോദിക്കുന്ന ചോദ്യമിതാണ്. പാണ്ഡവരെ സ്വതന്ത്രമാക്കി പോകുവാനനുവദിച്ചപ്പോൾ ധൃതരാഷ്ട്രപുത്രന്മാരുടെ മനോഗതം എന്തായിരുന്നു? വൈശമ്പായൻ ഇവിടെ നടത്തുന്നത് അവിടത്തെ വിവരണമാണ്. ദുശ്ശാസനൻ ദുര്യോധനന്റെ സമീപമെത്തി പറഞ്ഞു, നാം വളരെ പ്രയാസപ്പെട്ട് നേടിയ ധനമെല്ലാം ആ വൃദ്ധൻ നശിപ്പിച്ചു. അത് തിരികെയെടുക്കണം. ദുര്യോധനനും കർണ്ണനും ശകുനിയും എല്ലാവരും കൂടി ചെന്ന് ധൃതരാഷ്ട്രരെ കണ്ടു. സൗമ്യതയോടു കൂടി രാജാവിനോടിങ്ങനെ പറഞ്ഞു, രാജാവു ചെയ്തതു ശരിയല്ല. ബ്രഹസ്പതി ശുക്രനോടു പറഞ്ഞതങ്ങു കേട്ടിട്ടില്ലേ. ശത്രുക്കൾ വധിക്കപ്പെടേണ്ടതാണ്. ചൂതുകളിയിൽ നേടിയ പണം കൊണ്ട് മറ്റു രാജാക്കന്മാരെ സ്വാധീനിച്ച് പാണ്ഡവരെ ജയിക്കാം. വിഷം അധികരിച്ച് പത്തി വിരിച്ചു വരുന്ന സർപ്പത്തെ ആരും കഴുത്തിലണിയാറില്ല. പാണ്ഡവന്മാർ കോപാകുലരായി വിഷം ചീറ്റുന്ന സർപ്പത്തേപ്പോലെയാണ് ഇവിടെനിന്നും പോയത്. അവർക്കുണ്ടായ മുറിവുകൾ ഒരിക്കലും മറക്കാവുന്നതല്ല. ദ്രൗപദിയോടു ചെയ്ത ദ്രോഹം ആർക്കുംതന്നെ ക്ഷമിക്കാവുന്നതല്ല.

ധർമ്മപുത്രരും പരിവാരങ്ങളും ഇന്ദ്രപ്രസ്ഥത്തിലേക്കു തിരികെ പോയതുകൊണ്ട് ദുര്യോധനനും കർണ്ണനും മറ്റും ചേർന്ന് പാണ്ഡവരുട പകയേക്കുറിച്ച് ധൃതരാഷ്ട്രരോടു പറഞ്ഞു. ഇനിയും യുധിഷ്ഠിരനെ ചൂതിനു വിളിക്കണം. ചൂതിൽ പരാജയപ്പെടുമ്പോൾ തോൽക്കുന്നവർ 12 വർഷം വനവാസവും 13ാമത്തെ വർഷം അജ്ഞാതവാസവും ചെയ്യണം. ആളെ തിരിച്ചറിഞ്ഞാൽ വീണ്ടും 12 വർഷം വനവാസം. ഇത്തരം ഒരു കരാറിൽ കളിച്ചാൽ തീർച്ചയായും ചൂതുകളിയിൽ സമർത്ഥനായ ശകുനി അവരെ തോൽപ്പിക്കും. 13 വർഷം ഇത്തരം വാസം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ അവർ അശക്തരായിരിക്കും. നമുക്ക് ശക്തരാകാനും ശ്രമിക്കാം. ഇതെല്ലാം കേട്ട ധൃതരാഷ്ട്രർ പാണ്ഡവരെ തിരിച്ചുകൊണ്ടു വരാൻ ആജ്ഞ കൊടുത്തു. ധൃതരാഷ്ട്രരുടെ ഈ വർത്തമാനം കേട്ട് എല്ലാവരും വേദനിച്ചു. അന്ധമായ പുത്രസ്നേഹം മൂലം വരാൻ പോകുന്ന വിപത്തെന്താണെന്നു ബോദ്ധ്യപ്പെടുത്താൻ ദ്രോണരും മറ്റും ശ്രമിച്ചു. വികർണ്ണൻ തുടങ്ങിയവർ ഇതിനേക്കുറിച്ച് ഉപദേശിച്ചു. പക്ഷെ ധൃതരാഷ്ട്രർ ഉറച്ചുനിന്നു. ഇതൊക്കെ അവഗണിച്ച് ധൃതരാഷ്ട്രർ പാണ്ഡവരെ ചൂതിനു വിളിച്ചു.

വേണ്ട അനുഗ്രഹമെല്ലാം കൊടുത്ത് സംതൃപ്തരായി പാണ്ഡവരെ പറഞ്ഞയച്ചു വീണ്ടും ചൂതിനു വിളിച്ചതറിഞ്ഞ് ഗാന്ധാരി ദുഃഖിതയായി ഇങ്ങനെ പറഞ്ഞു, ദുര്യോധനൻ ജയിച്ചപ്പോൾ കുറുക്കനേപ്പോലെ ഓരിയിട്ടപ്പോൽ വിദുരർ പറഞ്ഞതാണ് ഇവനെ നശിപ്പിച്ചില്ലെങ്കിൽ കൗരവ വംശത്തിന്റെ നാശമായിരിക്കും ഫലം എന്ന്. സ്വന്തം പുത്രന്മാരോടുള്ള അന്ധമായ സ്നേഹംമൂലം ദുഷ്ടത ചെയ്യരുതെന്നും അവരുടെ ഇഷ്ടങ്ങൾക്കു നിന്നാൽ അവിടുന്നുതന്നെ ആപത്തിൽപെടുമെന്നും. ഒരു ചിറ കെട്ടി നിർത്തിയതിനെ പെട്ടെന്നു പൊട്ടിച്ചു വിടരുത്, ശാന്തരായ പാണ്ഡവരെ ഇനിയും പ്രകോപിപ്പിക്കരുത്, ശാസ്ത്രമനുസരിച്ച് അറിവില്ലാത്തവർക്ക് നന്മ പറഞ്ഞുകൊടുക്കണം. പ്രായമായ അങ്ങ് കുട്ടികളേപ്പോലെയാണ്. സന്മാർഗ്ഗം തെറ്റി നടക്കുന്ന ഈ കൗരവരുടെ കുലദ്രോഹിയെ അനുസരിക്കാതിരിക്കൂ. ശമവും ധർമ്മവും നയവും ചേർന്ന് ബുദ്ധിക്ക് ഭ്രമം സംഭവിക്കരുതെന്നും ദുഷ്പ്രവർത്തി കൊണ്ടു നേടുന്നത് നിലനിൽക്കില്ലെന്നും നല്ല മാർഗ്ഗത്തിലൂടെയുള്ള ശ്രേയസ്സ് അവർക്ക് അനുഭവയോഗ്യമാകാൻ വേണ്ടതു ചെയ്യുകയെന്നും പറഞ്ഞു. ഇങ്ങനെയൊക്കെ പറഞ്ഞ ഗാന്ധാരിയോട് ഒട്ടും കൂസലില്ലാതെ രാജാവു പറഞ്ഞു, വരാനുള്ളതു വരും. നന്നാവാനുള്ളതാണെങ്കിർ കുലം നന്നാവും. നശിക്കാനാണെങ്കിൽ നശിക്കും. താനിതിൽ നിന്നും പിന്തിരിയില്ല. ഇപ്പോൾ തന്റെ പുത്രന്മാരുടെ ആഗ്രഹംപോലെ കാര്യങ്ങളെല്ലാം നടക്കും. അതുകൊണ്ട് പാണ്ഡവന്മാർ തിരിച്ചുവന്ന് വീണ്ടും ചൂതാട്ടം നടത്തട്ടെ. ധൃതരാഷ്ട്രർ പ്രതികാമിയെ വിളിച്ച് യുധിഷ്ഠിരന്റെ അടുത്തേക്കയച്ചു. ധൃതരാഷ്ട്രർ നേരിട്ടു വിളിച്ചുവെന്നു പറയാനാണ് പറഞ്ഞത്. യുധിഷ്ഠിരൻ ഇതെല്ലാം വിധിയാണെന്നു പറഞ്ഞ് വിധിക്കു വിടുന്നു. നാശമുണ്ടാകുമെന്ന് ഉറപ്പിച്ചു.

യുധിഷ്ഠിരൻ മടങ്ങി. ഇതു ചതിയാണെന്നറിഞ്ഞിട്ടും യുപിഷ്ഠിരൻ കളിക്കാനൊരുങ്ങി. ശകുനി വ്യവസ്ഥകളെല്ലാം വിവരിച്ചു. ഇതെല്ലാം കണ്ട് അവിടെയുണ്ടായിരുന്നവർ പാണ്ഡവർക്ക് അപകടം അറിയില്ല, ധൃതരാഷ്ട്രർക്കു പറഞ്ഞുകൊടുക്കരുതോ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉന്നയിച്ചു. വൈശമ്പായൻ പറയുന്നത് ഇതൊക്കെ കേട്ടിട്ടും യുധിഷ്ഠിരൻ കളിക്കാനൊരുമ്പെട്ടു. യുധിഷ്ഠിരൻ പറഞ്ഞു:

കഥം വൈ മാദ്വിധോ രാജാ സ്വധർമ്മമനുപാലയൻ
ആഹൂതോ വിനിവർത്തേത ദീവ്യാമി ശകുനേ ത്വയാ

അല്ലയോ ശകുനി എന്നെപ്പോലെയുള്ള ധർമ്മത്തെ പരിപാലിക്കുന്ന ഒരു രാജാവ്, എന്നെ ചൂതിനു വിളിച്ചാൽ ഞാൻ എങ്ങനെ പാന്മാറും. ഞാൻ നിന്നോടു വീണ്ടും കളിക്കുകയാണ്.

കരാറൊക്കെ പറഞ്ഞു സമ്മതിച്ചു. കളി തുടങ്ങി. ശകുനിയുടെ ജയവും ആരംഭിച്ചു, യുധിഷ്ഠിരന്റെ പരാജവും. അവസാനം ചൂതിൽ തോറ്റ പാണ്ഡവർ രാജകീയ വസ്ത്രങ്ങളുപേക്ഷിച്ചു. വസ്ത്രം മാറ്റി മാൻതോലുമുടുത്ത് ദീക്ഷ ധരിച്ചു. ഇതുകണ്ട ദുശ്ശാസനൻ പറഞ്ഞു: പാണ്ഡവർ പരാജയപ്പെട്ടവരാണ്. കുറേക്കലത്തേക്ക് അവർ വനവാസത്തിലാണ്. മാൻ തോലുടുക്കട്ടെ.

മഹാപ്രാജ്ഞഃ സൌമകിര്യജ്ഞസേനഃ
കന്യാം പാഞ്ചാലീം പാണ്ഡവേഭ്യഃ പ്രദായ
അകാർഷിദ് വൈ സുക്രതം നേഹ കിംചിത്
ക്ലീബാഃ പാർത്ഥാഃ പതയോ യാജ്ഞസേന്യാഃ

മഹാപ്രാജ്ഞനും സോമകവംശജനുമായ ദ്രുപദൻ വിഡ്ഡിത്തമാണ് ചെയ്തത്. ദ്രൗപദിയുടെ ഭർത്താക്കന്മാർ ഷണ്ഡന്മാരാണ്.

ഒരു പടികൂടി കടന്ന് നിന്റെ ഭർത്താക്കന്മാർ വനവാസത്തിലാണ്, ഇവിടെയുള്ള ആരെയെങ്കിലും ഭർത്താവായി സ്വീകരിക്കൂയെന്നു പറഞ്ഞു.

യഥാഫലാഃ ഷണ്ഡതിലാ യഥാ ചർമമയാ മൃഗാഃ
തഥൈവ പാണ്ഡവാഃ സർവേ യഥാ കാകയവാ അപി

പാണ്ഡവരെല്ലാം വെറും പതിരെള്ളുകളാണ്, വെറും ചർമ്മചരായാമൃഗങ്ങളാണ്. വെറും ഉമികളാണ്. അതുകൊണ്ടു നീ പതിരെള്ളിനെ കളയൂ എന്നൊക്കെ കളിയാക്കി. ഇവിടെ ഇതിനു മറുപടിയായി ഭീമൻ വീണ്ടും പ്രതിജ്ഞയെടുക്കുകയാണ്:

ക്രൂര പാപജനൈർജുഷ്ഠമക്രതാർത്ഥം പ്രഭാഷസേ
ഗാന്ധാരവിധ്യയാ ഹി ത്വം രാജമദ്ധ്യേ വികത്യസേ

ക്രൂരന്മാരായ പാപികളെ. പാപിയായ നീ വാക്കുകൾകൊണ്ട് അഭ്യാസം കാണിക്കുന്നു.ശകുനി (ഗാന്ധാര രാജാവ് ) മൂലം നിങ്ങൾ കാര്യം നേടി. വാക്കുകൾകൊണ്ട് ഞങ്ങളുടെ ഹൃദയത്തെ മുറിവേൽപ്പിക്കുന്നു. നിന്റെ ശരീരം ഞാൻ യുദ്ധത്തിൽ പിളർക്കും എന്നും മറ്റും ഭീമൻ ഉറക്കെ പറഞ്ഞു. വീണ്ടും ദുശ്ശാസനന്റെ ക്രൂരമായ വാക്കും ദുര്യോധനന്റെ പെരുമാറ്റവും ഭീമന്റെ പ്രതിജ്ഞക്ക് ആക്കം കൂട്ടി. ദുര്യോധനനെ വധിക്കുമ്പോൾ ഞാനിതിനു മറുപടി പറയാമെന്നും ഭീമൻ പറഞ്ഞു. ദുശ്ശാസനന്റെ മാറുപിളർന്ന് രക്തം കുടിക്കുമെന്ന ശപഥവും ഒന്നുകൂടി ഉറപ്പിച്ചു. 13 വർഷം കഴിഞ്ഞ് 14 ാം വർഷം എന്താണ് സംഭവിക്കുന്നതെന്ന് കാണാമെന്ന് അർജ്ജുനൻ പറഞ്ഞു. അർജ്ജുനൻ താൻ കർണ്ണനെ യുദ്ധത്തിൽ കൊല്ലുമെന്നും അങ്ങനെ സംഭവിച്ചില്ലെങ്കിൽ ഹിമാലയത്തിനു സ്ഥാനഭ്രംശം ഉണ്ടായേക്കാം. സൂര്യനു ചൂടില്ലാതായേക്കാം. അതുപോലെ ചന്ദ്രന് തണുപ്പില്ലാതായേക്കാം. ഇത്രയും പറഞ്ഞപ്പോൾ സഹദേവൻ പറഞ്ഞു, തോറ്റെന്നു നീ വിശ്വസിക്കുന്നവർ തോറ്റിട്ടില്ല. ചൂതല്ല, യുദ്ധത്തിലെ ബാണങ്ങളാണ് ഇനി ശകുനിക്കു കാണേണ്ടി വരിക. യുദ്ധത്തിൽ ശകുനിയെ വധിക്കുമെന്നും സഹദേവൻ പറഞ്ഞു.

ദ്രൗപദിയെ വേദനിപ്പിച്ചവരേയും തന്റെ മുൻപിൽ വന്നുപെടുന്നവരെയെല്ലാം താൻ കൊല്ലുമെന്ന് നകുലനും പറഞ്ഞു. വൈശമ്പായൻ പറയുന്നത് ഇപ്രകാരം ശപഥങ്ങളെല്ലാം ചെയ്തതിനു ശേഷം അവർ ധൃതരാഷ്ട്രസമീപമെത്തി.

(തുടരും)

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോൺ : 9895981809

**ശ്ലോകം 53**

അവ്യക്തം ഗഗനം സദാ വിഷയമായ്ത്തീരുന്നു നീലാഭമായ്
അവ്യക്തൻ പരനാം ഭവാനുമസിതാകാരേണ ഭാസിപ്പവൻ

സുവ്യക്തം സഗുണത്വമിങ്ങിനെ ഗുണാതീതത്വമാകുന്നതാം

ദിവ്യം താവക യോഗശക്തിയെയറിഞ്ഞോനില്ല മായാഭ്രമം

**ശ്ലോകാർത്ഥം :**

മനസ്സിലാക്കാൻ പറ്റാത്ത ആകാശം എപ്പോഴും നീലനിറത്തിൽ അറിയപ്പെടുന്നു. എല്ലാത്തിനും അപ്പുറത്തുള്ള, മനസ്സിലാക്കാൻ പറ്റാത്ത അവിടുന്നും നീലനിറത്തിൽ ശോഭിക്കുന്നു. ഏറ്റവും വ്യക്തമായ സഗുണത്വം ഇങ്ങനെ ഗുണങ്ങളില്ലാത്ത അവസ്ഥയാകുന്ന, അവിടുത്തെ, ഭൂമിക്കും പുറത്തുള്ള, എല്ലാം ഒന്നാക്കുന്ന ശക്തിയെ അറിഞ്ഞവന് മായ കൊണ്ടുള്ള ഭ്രമം ഉണ്ടാവില്ല.

**വ്യാഖ്യാ :**

നീല നിറം അവ്യക്തതയുടെ, അഗാധതയുടെ പ്രതീകമാണ്. അതുകൊണ്ട് അവ്യക്തമായ ഗഗനം നീലനിറമായി അറിയുന്നു. എല്ലാത്തിനും അപ്പുറത്തുള്ളവൻ, എല്ലാത്തിനും അതീതനും പരനുമായ ഭവാനും നീലനിറത്തിൽ ശോഭിക്കുന്നു. വിടുത്തെ നിലനിറം അവിടുത്തെ അവ്യക്തതയെ പ്രതിനിധാനം ചെയ്യുന്നു. അതു നിർഗുണത്വമാണ്. രൂപ, ഭാവ, രസ, ഗുണങ്ങൾ ഒന്നുമില്ലാത്ത, അറിയാൻ കഴിടാത്ത അവസ്ഥ നിർഗുണത്വം. മനുഷ്യന് വസ്തുക്കളെ അറിയാൻ കഴിയില്ല. ഗുണങ്ങളെ മാത്രമേ അറിയാൻ കഴിയൂ. ഒന്നോ അതിലധികമോ ഗുണങ്ങൾ ഒരേ അളവിൽ പല സ്ഥലങ്ങളിൽ കാണുമ്പോൾ അതെല്ലാം ഒരേ വസ്തുവാണെന്ന് മനുഷ്യൻ അനുമാനിക്കുന്നു. എന്നാൽ ഭവാൻ സഗുണനാണ്. ചതുർബാഹുകമായ രൂപം, നീലവസ്ത്രം, പങ്കജാദ്യായുധങ്ങൾ, വരദാദി ഭാവങ്ങൾ എന്നിങ്ങിനെ ബഹുവിധ ഗുണങ്ങളാൽ ഭാസിക്കുന്നവൻ, തെളിയുന്നവനാണവിടുന്ന് . അങ്ങനെ അങ്ങയുടെ സഗുണത്വം സുവ്യക്തമത്രേ. ഇങ്ങനെ സുവ്യക്തമായ സഗുണത്വവും അവ്യക്തമായ നിർഗ്ഗുണത്വവും അങ്ങയിൽ ഒന്നു ചേരുന്നു. ഇങ്ങനെയുള്ള അവിടുത്തെ ദിവ്യമായ, അഭൗമമായ , ദേവനെ സംബന്ധിച്ച യോഗത്തെ സഗുണ നിർഗ്ഗുണ യോഗത്തെ, യോഗശക്തിയെ അറിഞ്ഞവന് മായ കൊണ്ടുള്ള ഭ്രമം അസ്തമിക്കുന്നു. നിർഗ്ഗുണത്തെ സഗുണമായി കാണുന്നതു തന്നെയാണല്ലോ മായ. ശ്ലോകത്തിൽ, 'അവ്യക്തൻ പരനാം ഭവാനുമസിതാകാരേണ...' എന്ന് ചേർത്തെടുത്തതുകൊണ്ടാണ്. എന്നാൽ അവ്യക്തൻ പരനാണ്. ഭവാനുമസിതാകാരേണ ഭാസിപ്പവൻ എന്ന് മുറിച്ചാൽ അവ്യക്തൻ പരനാണ് എന്നും ഭവാനും നീലനിറമാണ് എന്ന രസകരമായ മറ്റൊർത്ഥം കിട്ടും. ഭവാൻ ഹരി സഗുണനാണെന്നത് പ്രസിദ്ധമാണല്ലോ. അങ്ങനെയുള്ള ഹരി നീലനിറമുള്ളവനാണ്. അതിനാൽ അവിടുന്ന് അവ്യക്തനുമാണ്. എന്നാൽ അവ്യക്തൻ പരനാണ്. അതുകൊണ്ട് അവിടുന്ന് പരനാണ്. നിർഗ്ഗുണനാണ്.

**ശ്ലോകം 54**

പാരാവാരജലത്തെ നീലനിറമായ്ക്കണ്ടിട്ടു മുങ്ങുന്നവൻ

നീരം വർണ്ണവിഹീനമെന്നറികിലും ദേഹം നനഞ്ഞീടുമേ

സാരാംശം നിരുപിക്കിലസ്സകളമാം രൂപത്തിനും നിഷ്കളാ -

കാരത്തിന്നുമൊരന്തരം ചെറുതുമില്ലീശാ ഫലപ്രാപ്തിയിൽ

**ശ്ലോകാർത്ഥം :**

കടലിലെ വെള്ളം നീലനിറമായി കണ്ടുകൊണ്ട് മുങ്ങുന്നവൻ, അത് നിറമില്ലാത്തതാണെന്നറിഞ്ഞാലും ദേഹം നനയും. ചുരുക്കത്തിൽ അർത്ഥം വിചാരിച്ചു നോക്കിയാൽ, ആശ്വര, പല അംശങ്ങളുള്ളതായി കാണുന്ന രൂപത്തിനും അംശങ്ങളില്ലാത്ത ആകാരത്തിനും ഫലം നേടുന്ന കാര്യത്തിൽ, ചെറിയ വ്യത്യാസം പോലുമില്ല.

**വ്യാഖ്യാ :**

ബ്രഹ്മത്തിനെ സകളവും നിഷ്കളവുമായി വിചാരിക്കപ്പെടുന്നുണ്ട്. സർവ്വംഖല്വിദം ബ്രഹ്മ എന്ന വാക്യം എല്ലാം ബ്രഹ്മമാണെന്നു പറയുന്നു. നിഷ്കള പദത്തിന് നിർഗതാ കലാ: അംശാ വാസ്തവികാ യസ്യാ : എന്ന് സൗഭാഗ്യഭാസ്കരം. അതായത് അംശങ്ങൾ നഷ്ടപ്പെട്ട് ഒന്നായി മാറിയത്. ഈ സകളം തന്നെയാണ് മുൻപ് സഗുണം എന്നും വ്യക്തം എന്നും വിവരിക്കപ്പെട്ടത്. അതുപോലെ നിഷ്കളം തന്നെ നിർഗ്ഗുണംസ വ്യക്തം . സാഗരത്തിന് നിലനിറമില്ലെന്നും അത് വർണ്ണരഹിതമാണെന്നും അജ്ഞനറിയില്ല. അതൊരു ജ്ഞാനമാണ്. ഈ ശ്ലോകത്തിൽ, ആ ജ്ഞാനം ഉണ്ടായാലും ഇല്ലെങ്കിലും, സാഗരം നീലയാണെന്ന് വിചാരിച്ചായാലും നിറമില്ലെന്നറിഞ്ഞായാലും, അതിൽ മുങ്ങിയാൽ ശരീരം നനയും എന്നു സൂചിപ്പിക്കുന്നു. അതായത്, ഫലം സമ്പാദിക്കുന്നതിൽ, ഈ ജ്ഞാനം പ്രസക്തമല്ല. ഫലം കർമ്മത്തിൽ നിന്നാണുളവാകുന്നത് എന്നിരിക്കെ, ഏതു കർമ്മവും സകളസങ്കല്പത്തോടെയായാലും നിഷ്കള സങ്കല്പത്തോടെയായാലും ഫലം തരുന്നത് കർമ്മമനുസരിച്ചായിരിക്കും. നീലയാണെന്നു തോന്നുന്ന സാഗരത്തിലും, മുങ്ങിയാലേ ദേഹം നനയൂ മുങ്ങിയില്ലെങ്കിൽ നനയില്ല. അതുപോലെ കർമ്മം ചെയ്താലേ ഫലം നേടാനാവൂ. അല്ലാതെ പറ്റില്ല എന്നും വ്യംഗ്യം. ഫലപ്രാപ്തി എന്ന പ്രയോഗം ശ്രദ്ധേയമാണ്. കൊടുക്കുന്നതിൽ എന്നല്ല കിട്ടുന്നതിൽ എന്ന പദമാണത്. കർമ്മത്തിന്റെ ഫലം ആരും തരുന്നതല്ല. കർമ്മഫലം സ്വഭാവേന വന്നു ചേരുന്നതാണ്.

ഇവിടെ ഫലപപ്രാപ്തിയിൽ എന്ന വാക്കിന് ഫലം നേടുന്ന വിഷയത്തിൽ എന്നതിൽ നിന്ന് വ്യത്യസ്തമായി ഫലം നേടിക്കഴിഞ്ഞ അവസ്ഥയിൽ എന്നും വ്യാഖ്യാനിക്കാം. അങ്ങിനെ ചിന്തിക്കുമ്പോൾ ഈ സകള നിഷ്കള വ്യത്യാസം ഫലം നേടിയ അവസ്ഥയിൽ ഇല്ലാതായിത്തീരുന്നു എന്നർത്ഥം.

**ശ്ലോകം : 55**

പണ്ടപ്പാണ്ഡ്യനരേന്ദ്രനാം ഗജവരൻ നക്രത്തിനാൽ ഗ്രസ്തനായ് -

ക്കൊണ്ടാർത്തൻ സ്തുതിചെയ്തു നിഷ്കളപരബ്രഹ്മത്തെയെന്നാകിലും

തണ്ടാർ സംഭവനല്ല ഹേ മധുരിപോ തണ്ടാർ ശരാരാതിയ -

ല്ലുണ്ടായ് വന്ന വിപത്തു പോക്കുവതിനായ്ച്ചെന്നോൻ ഭവാനല്ലയോ

**വ്യാഖ്യാ :**

'യേ യഥാ മാം പ്രപദ്യന്തേതാംസ്തഥൈവ ഭജാമ്യഹം' എന്ന് ഗീത സർവ്വദേവനമസ്കാരം കേശവം പ്രതി ഗച്ഛതി എന്നും ഓരോ ഭക്തന്മാരും വ്യത്യസ്തരൂപത്തിൽ ധ്യാനിക്കുമ്പോൾ പല നാമങ്ങളിലും അതതു മൂർത്തിയായി അവരുടെ ഹൃദയത്തിൽ അവിടുന്നു വിലസുന്നു. മറ്റു ദേവതകളെ ഉപാസിക്കുന്നവർ പോലും ഫലത്തിൽ അവിടുത്തെയാണ് ഉപാസിക്കുന്നത്. അതുകൊണ്ടവർക്കും അങ്ങ് യുക്തംപോലെ വാഞ്ഛിതങ്ങൾ നൽകുന്നു. ഇവിടെയും എല്ലാ മൂർത്തികളും ഒന്നാണെന്ന തത്വം വിശദമാക്കുന്നു.

**ശ്ലോകം : 56**

ത്വല്പാദാർച്ചിതചിത്തനായ് വിഹിതമാം കർമ്മങ്ങളെച്ചെയ്തു

സദ്കല്പത്താലുളവാം സുഖാസുഖമൊരേമട്ടായി ഭാവിപ്പവൻ

കല്പാന്തപ്രളയെത്തെയും സകുതുകം വീക്ഷിച്ചഹോ സർവ്വലോ-

കോല്പത്തിക്കൊരു സാക്ഷിയായ് മരുവിടും വൈകുണ്ഠലോകേ ഹരേ

വിഷ്ണുലോകത്തിൽ

**ശ്ലോകാർത്ഥം :**

അല്ലയോ ഹരീ അവിടുത്തെ പാദത്തിൽ അർച്ചിക്കപ്പെട്ട ചിത്തത്തോടു കൂടിയവനായി സ്വധർമ്മത്തിനനുസരിച്ച കർമ്മങ്ങളെ ചെയ്തു. സങ്കല്പം കൊണ്ടുണ്ടാകുന്ന സുഖവും അസുഖവും ഒരുപോലെ അനുഭവിക്കുന്നവൻ, അത്ഭുതം ! കല്പത്തിന്റെ അവസാനത്തിലെ പ്രളയത്തിനെയും കൗതുകത്തോടെ നോക്കിക്കണ്ട്, എല്ലാ ലോകങ്ങളുടെയും സൃഷ്ടിക്ക് ഒരു സാക്ഷിയായി വിഷ്ണുലോകത്തിൽ താമസിക്കും.

**വ്യാഖ്യാ :** ചിത്തം അവിടുത്തെ പാദങ്ങളിൽ അർപ്പിക്കുക. സ്വധർമ്മമനുസരിച്ചുള്ള കർമ്മങ്ങൾ ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന സുഖങ്ങളും ദു:ഖങ്ങളും യഥാർത്ഥത്തിലുള്ളതല്ല, അത് വേറും സങ്കല്പജന്യങ്ങളാണ് എന്ന് കണക്കാക്കി രണ്ടിനെയും ഒരുപോലെ കണക്കാക്കുന്നവൻ, വിഷ്ണുലോകമായ വൈകുണ്ഠം പ്രാപിച്ച്, അവിടിരുന്ന് കല്പകാലത്തിന്റെ അവസാനത്തെ സർവ്വസംഹാരകമായ പ്രളയത്തെയും, തുടർന്ന് സർവ്വലോകങ്ങളും വീണ്ടും സൃഷ്ടിക്കപ്പെടുന്നതിനെയുമെല്ലാം, കൗതുകത്തോടെ കാണും, അല്ലയോ ഹരീ ഇതാണ് സത്യം. പ്രളയത്തിലും വൈകുണ്ഠം നശിക്കുന്നില്ലെന്നതു ശ്രദ്ധിക്കുക. സാധകൻ സ്വയം ശക്തിയായി മാറും. കാരണം 'പ്രളയസാക്ഷിണി' സുന്ദരിയാണല്ലോ.

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

സൂത്രം : - 44

ഏതയൈവ സവിചാരാ നിർവിചാരാ ച സൂക്ഷ്മവിഷയാ വ്യാഖ്യാതാ.

ഇവ കൊണ്ടു തന്നെ സവിചാരമെന്നും നിർവിചാരമെന്നുമുള്ള (സമാപത്തികളെ) സൂക്ഷ്മ വിഷയകമായി പറയാം.

കഴിഞ്ഞ രണ്ടു സൂത്രങ്ങളിൽ സവിതർക്കം നിർവിതർക്കം എന്നിങ്ങനെ രണ്ടു സമാപത്തികളെപ്പറ്റി പറഞ്ഞു. ശബ്ദം, രൂപം, ജ്ഞാനം എന്നിവയിലൂടെ സ്ഥൂല വിഷയങ്ങളുടെ ധ്യാനമാണ് സവിതർക്കം. ശബ്ദ ജ്ഞാനങ്ങൾ സ്മൃതി പരിശുദ്ധിയിലൂടെ ഇല്ലാതായാൽ, രൂപം മാത്രം ലയസ്ഥാനമായാൽ നിർവിതർക്കവും ഇവിടെ അതിനു സമാന്തരമായി (ഏതയാ ഏവ) സൂക്ഷ്മ വിഷയങ്ങളിലുള്ള സംയമമാണ് സവിചാര നിർവിചാര സമാപത്തികൾ. അവിടെ സ്ഥൂലഭൂതം, ഇവിടെ സൂക്ഷ്മഭൂതം. അതാണ് വ്യത്യാസം.

അതായത് കുടം വസ്ത്രം മുതലായവ സ്ഥൂല രൂപമാണെങ്കിൽ ഭൂമി തന്മാത്രയാണ് സൂക്ഷ്മ രൂപം.

ഭൂമിയുടെ തന്മാത്രയിൽ (ഗന്ധമാണ് ഭൂമിയുടെ തന്മാത്ര) പകുതി ഭാഗം ഭൂമിഭൂതവും ബാക്കി പാതി മറ്റു ഭൂതങ്ങളുടെ അതായത് ജലം, അഗ്നി, വായു, ആകാശം ഇവയുടെ (രസം, രൂപം, സ്പർശം, ശബ്ദം എന്നിവയുമായിരിക്കും. ഇതുപോലെ ജലത്തിന്റെ തന്മാത്രയിൽ പകുതി രസവും, നാലിൽ ഒന്നു വീതം ഗന്ധം, രൂപം, സ്പർശം, ശബ്ദം എന്നിവയുമായിരിക്കും. ഇതുപോലെ തന്നെ അഗ്നി, വായു, ആകാശം എന്നിവയെയും അറിയണം. (ഇതിനെ പഞ്ചീകരണമെന്ന സാങ്കേതിക പദമാണ് വേദാന്തത്തിൽ ഉപയോഗിക്കുന്നത്)

ഈ സൂക്ഷ്മ തന്മാത്രകളാണ് സവിചാര - നിർവിചാര സമാപത്തകളിൽ ധ്യാനത്തിനു വിഷയമാകുന്നത്. ഇതിൽ ദേശം (ഇന്ന സ്ഥലത്ത് ദേശത്ത് ഉള്ളത്) കാലം (ഭൂതം വർത്തമാനം, ഭാവി), നിമിത്തം (രൂപാദികൾ) ഇവയെ വേർതിരിച്ച് അറിഞ്ഞു കൊണ്ടുള്ള ധ്യാനമാണ് സവിചാര സമാപത്തി, സ്മൃതി പരിശുദ്ധിയുണ്ടാവുമ്പോൾ എല്ലാ സ്ഥലത്തും എല്ലാ കാലത്തും എല്ലാറ്റിലും വ്യാപൃതമായി തന്മാത്രാസ്വരൂപം പോലും ഇല്ലാതെയായതുപെലെ തത്വത്തിൽ നിലകൊള്ളുന്ന സ്ഥിതിയാണ് നിർവിചാരം.

സ്വാമി ഹരിബ്രഹ്മേന്ദ്രാനന്ദ ഇത് മനസ്സിലാക്കിതരാൻ വിളക്കിന്റെ ഉദാഹരണം കാട്ടിത്തരുന്നു. ദീപത്തിൽ പ്രകാശമെന്നതു നിമിത്തവും ദീപമിരിക്കുന്നത് സ്ഥാനവും ഞാൻ ദീപത്തെ കാണുന്നു എന്നത് ബോധവും. ഇവ ഉൾക്കൊണ്ടാണ് പ്രകാശ തന്മാത്രകളിൽ മനസ്സിനെ ഏകാഗ്രമാക്കുക. ഇതാണ് സവിചാരത്തിന്റെ രൂപം. ഇവിടെ കാര്യകാരണ ഭാവത്തിന്റെ വിചാരമുണ്ട്. ഇതുതന്നെ കാല വിശേഷവും ദേശവിശേഷവും ഉപാധി വിശേഷവുമില്ലാതെ സർവ്വത്ര വ്യാപിച്ചു നിൽക്കുന്ന സൂക്ഷ്മ പരമാണുക്കളെ മാത്രം കേന്ദ്രീകരിക്കുമ്പോൾ അതു വിർവിചാരമായി. ഇവിടെ കാര്യ -കാരണ ഭാവം നിലനില്ക്കില്ല. ഇതാണ് സ്വരൂപ ശൂന്യമെന്നപോലെ എന്നു പറഞ്ഞത്.

സവിചാരത്തെ സവികല്പമെന്നും നിർവിചാരത്തെ നിർവികല്പമെന്നും സാങ്കേതികമായി പറയും. ഇവയെല്ലാം പക്ഷെ സംപ്രജ്ഞാത സമാധിയുടെ പരിധിയിൽ പെടും. അതായത് സംസാര ബീജം നശിക്കുന്നില്ല. അസംപ്രജ്ഞാത സമാധിയിൽ മാത്രമേ ശുദ്ധപരമാത്മസ്വരൂപത്തിൽ അവസ്ഥിതിയുണ്ടാകു.

സമാധിയുടെ സൂക്ഷ്മ തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോഴുണ്ടാകുന്ന വിഷമങ്ങളാണ് ഇവിടെ അറിയേണ്ടത്. സമാധിയുടെ താഴത്തെ തലമാകുന്ന സവിതർക്ക നിർവിതർക്കങ്ങൾ തന്നെ വിഷമമാണ്. കാരണം നമ്മൾ നാമ - രൂപങ്ങളുടെ ലോകത്താണ് ജീവിക്കുന്നത്. കുടം, വടം മുതലായ ബാഹ്യരൂപങ്ങളെ അറിയാൻ നമുക്ക് ഇന്ദ്രിയങ്ങൾ സഹായത്തിനുണ്ട്. എന്നാൽ ഉന്നത തലങ്ങളിൽ ഓരോ ഇന്ദ്രിയവും വേർതിരിഞ്ഞല്ല, മറിച്ച് എല്ലാ ഇന്ദ്രിയങ്ങളും ഒന്നു ചേർന്ന ഒരു കേന്ദ്രമായാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ അവിടെ നാനാത്വങ്ങളും വൈവിധ്യങ്ങളും അവസാനിക്കുന്നു. എല്ലാറ്റിനും ലയമുണ്ടായതുപോലെ തെന്നുന്നു. ഇനിയും മുന്നോട്ടു പോകാനുണ്ട്.





# മുൻവിധികൾ

യു.എസ്. രവീന്ദ്രൻ . ഫോൺ : 9496120978

രേണു നഴ്സറിയിൽ നിന്നും തലേ ദിവസം വാങ്ങിയിരുന്ന വെണ്ട തൈകൾ അടുക്കള തോട്ടത്തിൽ നട്ടുകൊണ്ടിരിക്കുകയായിരുന്നു. രേണുവിനെ അന്വേഷിച്ച് എല്ലാമുറികളിലും നോക്കി കാണാതായപ്പോൾ സോമൻ അടുക്കളത്തോട്ടത്തിലെത്തി വെണ്ട തൈകൾ നടുന്നതു കണ്ട് സന്തോഷിച്ചു. സോമൻ പറഞ്ഞു രേണു വെണ്ടതൈകൾക്ക് സൂര്യപ്രകാശം വേണം വലിയ ചെടികളുടെ തണലിൽ നട്ടാൽ സൂര്യപ്രകാശം കിട്ടുകയില്ല. വളർന്നു വരാൻ താമസമുണ്ടാകും. ജോലി നിർത്തി ഒരു നിമിഷം നേരെ നോക്കിക്കൊണ്ട് നിന്നു എന്നിട്ട് രേണു പറഞ്ഞു ചേട്ടാ, ഈ കാര്യത്തിൽ വേറൊരാളുടെ അഭിപ്രായം എനിക്കാവശ്യമില്ല. അടുക്കളയോട് ബന്ധപ്പെട്ട കാര്യങ്ങൾ എനിക്ക് വിട്ടേക്കൂ. പെട്ടെന്ന് ഇങ്ങനെയുള്ള പ്രതികരണം കണ്ട് സോമൻ പറഞ്ഞു ശരി ശരി ചെറിയ ഒരറിവു പറഞ്ഞുവെന്നേയുള്ളു ഇഷ്ടം പോലെ ചെയ്തോളൂ.

നല്ല ഉദ്ദേശ്യത്തോടെ സോമൻ പറഞ്ഞത്, രേണു കുഞ്ഞായിരുന്നപ്പോൾ അച്ഛൻ പറയാറുള്ള കാർക്കശ്യ സ്വഭാവമുള്ള നിർദ്ദേശങ്ങൾ പോലെ രേണുവിനു തോന്നിയിട്ടുണ്ടാകും. രേണുവിന്റെ അച്ഛൻ ഒരു മിലിട്ടറി ഓഫീസറായിരുന്നു. വീട്ടിൽ പുരുഷമേധാവിത്വത്തിന്റെ ശ്വാസം മുട്ടലിലാണ് രേണു ജീവിച്ചുവന്നത്. അടിച്ചമർത്തപ്പെട്ട സ്വതന്ത്ര ചിന്തകൾ ഒരെതിർപ്പുരൂപത്തിൽ മനസ്സിൽ ഉറങ്ങി കിടന്നിരുന്നത്കൊണ്ടാണ് സോമന്റെ അഭിപ്രായം രേണുവിന് ഒരഭിമാനപ്രശ്നമായി തോന്നിയത്.

രാജശ്രീ ഓഫീസിൽ നിന്നും വന്നപ്പോൾ അവരുടെ വാർഷികാവധി ആഘോഷിക്കുന്നതിനെപ്പറ്റി ഭർത്താവുമായി ആലോചിക്കാൻ പലപല ടൂർ പാക്കേജുകൾക്കുള്ള ബ്രൌഷേഴ്സ് കൊണ്ടാണ് വന്നത്. വേണുവേട്ടാ ഈ തവണത്തെ വാർഷികാവധി ദിവസങ്ങൾ ചെലവാക്കാൻ പല പാക്കേജുകളുമുണ്ട്, സെലക്ട് ചെയ്തോളൂ. എന്നു പറഞ്ഞ് ബ്രൌഷേഴ്സ് എല്ലാം വേണുവിനെ ഏൽപ്പിച്ചു. എല്ലാം മറിച്ച് നോക്കി വേണു രാജശ്രീയോട് പറഞ്ഞു. രാജശ്രീ തന്നെ തീരുമാനിക്കൂ, ഏതായാലും എനിക്ക് വിരോധമില്ല. ഈ കാര്യത്തിൽ തിരുമാനം എടുക്കാൻ തന്നെ ഏൽപ്പിച്ച സ്ഥിതിക്ക് രാജശ്രീ തന്നെ കാര്യങ്ങളെല്ലാം തീരുമാനിച്ച് ഒരുക്കി. കുട്ടിക്കാലം തൊട്ടേ വേണു മൂത്ത സഹോദരുമാരുടെ ഉപദേശങ്ങൾക്കും നിർദ്ദേശങ്ങൾക്കും വഴങ്ങിയാണ് ശീലിച്ചിട്ടുള്ളത്. ടൂറിന്റെ കാര്യത്തിൽ ഒരഭിപ്രായം പറഞ്ഞാൽ രാജശ്രീക്ക് ഇഷ്ടപ്പെടുമോ എന്ന സംശയിച്ചാണ് വേണു സ്വയമായിട്ട് ഒന്നും തീരുമാനിച്ച് പറയാത്തത്. ടൂറിന്റെ ഭാഗമായി ആദ്യത്തെ ദിവസം കടൽപ്പുറത്തെത്തിയപ്പോൾ വേണു പറഞ്ഞു. ഹൊ എന്തൊരു തിരക്ക് എന്തെങ്കിലും കളിക്കാൻ ഒരു സൗകര്യവുമില്ലല്ലോ, പവലിയനിൽ നിന്നും വരുന്ന പാട്ടുകൾ എത്ര ഉറക്കെയാണ്, കാതടഞ്ഞ് പോകുന്നല്ലോ. തുടരെ തുടരെയുള്ള കമന്റുകൾ വേണുവിൽ നിന്ന് വന്നുകൊണ്ടിരുന്നപ്പോൾ രാജശ്രീ അസ്വസ്ഥയായി. മനസ്സിൽ വിചാരിച്ചു. വേണുവേട്ടൻ എപ്പോഴും കുറ്റങ്ങൾ മാത്രമേ കാണുന്നുള്ളു വളർന്ന് വന്നപ്പോൾ മൂത്തസഹോദരിമാർ നിയന്ത്രിച്ചിരുന്നതുപോലെ രാജശ്രീയും തന്നെ നിയന്ത്രിക്കുവാൻ ശ്രമിക്കുകയാണെന്ന് വേണുവിന് തോന്നിയിട്ടുണ്ടാകും. എന്റെ താല്പര്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കാതെ രാജശ്രീ സ്വന്തം ഇഷ്ടം പോലെ കാര്യങ്ങൾ ചെയ്യുകയാണ്. രാജശ്രീ ടൂർ ബുക്ക് ചെയ്തപ്പോൾ ദാഭാര്യയും ഇപ്പോൾ അത് ആവർത്തിക്കുന്നു. സ്വന്തം ഇഷ്ടം പോലെ എന്റെ കാര്യം പഴയപോലെ തന്നെ. അങ്ങനെ വേണുവിന് മനസ്സിൽ തോന്നിയിട്ടുണ്ടാകും.മേൽ പറഞ്ഞ സംഭവങ്ങൾ മുൻവിധി എന്ന സ്വഭാവ വിശേഷങ്ങളെ ഉദാഹരിക്കാൻ വേണ്ടി വിവരിച്ചതാണ്.

മുൻവിധികൾ പലപ്പോഴും ബന്ധങ്ങളെ ഉലയ്ക്കുന്നു.തകരുന്നതിന് വേഗത കൂട്ടുന്നു, മനസ്സിനകത്ത് ഇങ്ങനെയുള്ള വികാരവിചാരങ്ങൾ അടിഞ്ഞു കൂടിയിട്ടുണ്ടെന്നും അത് സ്വഭാവത്തെ സ്വാധീനിക്കുന്നുണ്ടെന്നും ഒരു പക്ഷെ ആരും മനസ്സിലാക്കിയിട്ടുണ്ടാകുകയില്ല. ചുറ്റുപാട് അതാതുസമയങ്ങളിൽ നടക്കുന്ന കാര്യങ്ങൾക്കനുസൃതമായിട്ടാണ് നമ്മുടെ വികാരങ്ങൾ ഉടലെടുക്കുന്നതെന്നും അതനുസരി

ച്ചാണ് പ്രതികരിക്കുന്നതെന്നുമാണ് എല്ലാവരും ധരിച്ചു വച്ചിരിക്കുന്നത്. എന്നാൽ ഈ പ്രതികരണങ്ങൾ മനസ്സിനകത്തെ ചില മുൻവിധികളുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന് ശ്രദ്ധിക്കാറില്ല. ചില മുൻവിധികൾ മനസ്സിനകത്ത് രൂപപ്പെടുന്നത് കാര്യങ്ങളെ അമിതപ്രാധാന്യത്തോടെ പൊതുവൽക്കരിക്കുക / സാമാന്യവൽക്കരിക്കുക മൂലമാണ്. ഭാര്യയ്ക്കോ ഭർത്താവിനോ എപ്പോഴെങ്കിലും ദ്വേഷ്യം വരികയാണെങ്കിൽ ഉടനെ മനസ്സിൽ പങ്കാളി എഴുതിയിടും. അല്ലെങ്കിലും അയാൾ /അവൾ അങ്ങനെയാണ്. എന്നോട് സ്നേഹമൊന്നുമില്ല. അഭിനയം മാത്രം. ഈ മുൻവിധിയുടെ അടിസ്ഥാനത്തിൽ പ്രതികരണമുണ്ടാകുന്നു. നിങ്ങൾ എപ്പോഴും അങ്ങിനെയാണ്. സ്വന്തം കാര്യം മാത്രം മതി. എന്നു പ്രതികരിക്കുന്നു. അങ്ങിനെ ഒരു പ്രത്യേക സംഭവത്തെ സാമാന്യ വൽക്കരിക്കുന്നു. പങ്കാളികൾ അവഗണിക്കുകയാണെങ്കിൽ രണ്ടുപേർക്കും ഒരിക്കലും ബഹുമാനം ലഭിക്കുന്നില്ല. നിങ്ങൾക്ക് എപ്പോഴെങ്കിലും ഇങ്ങനെ തോന്നിയ അവസരങ്ങൾ ഉണ്ടായിട്ടുണ്ടോ ഇവളെ കൊണ്ട് ഒരു രക്ഷയുമില്ല, ഒരു വല്ലാത്ത കുരിശാണ്. അയാൾ തന്നിഷ്ടക്കാരനാണ്, എന്റെ അഭിപ്രായങ്ങൾക്ക് ഒരു വിലയുമില്ല. അയാൾ ഒന്നു പറയും വേറൊന്നു ചെയ്യും. വാക്കിന് ഒരു വുലയുമില്ല. അവൾ ഒരു കുഴിമടിച്ചിയാണ്. അയാൾക്ക് ഒരു ഉത്തരവാദിത്വവുമില്ല. ഇങ്ങനെ മനസ്സിൽ രേഖപ്പെടുത്തിയ മുൻവിധികൾ ബന്ധങ്ങൾക്കിടയിൽ അലോസരത ഉണ്ടാക്കുന്നു.

അവനവന്റെ ഉള്ളിലെ മുൻ വിധികളെ പറ്റി ബോധവാന്മാരായതുകൊണ്ടു മാത്രം ബന്ധങ്ങൾ മെച്ചപ്പടണമെന്നില്ല. മറ്റുള്ളവരെ അംഗീകരിക്കുക എന്ന സൂത്രത്തിനും സ്വന്തം വികാരവിചാരങ്ങളെ നിലയ്ക്കു നിർത്താൻ കഴിയും. ഈ സാമർത്ഥ്യം പഠിച്ചെടുക്കേണ്ടതു തന്നെയാണ്. നമ്മൾക്ക് മറ്റുള്ളവരുടെ വികാരവിചാരങ്ങളെയും ഉദ്ദേശ്യങ്ങളെയും തിട്ടപ്പെടുത്തുന്നതിൽ കൃത്യത കുറവാണ്. സംസാരിക്കുന്ന സ്വരത്തിന്റെ ഉച്ചനീചത്വം, സംസാരിക്കുമ്പോഴുള്ള ആംഗ്യങ്ങൾ, മുഖഭാഗം എന്നിവകൊണ്ടാണ് സംസാരത്തിന്റെ സാരാംശം മനസ്സിലാകുന്നത്. ആ സംസാരം വിപരീതാർത്ഥത്തിലും ആയേക്കാം. അതിനെ നമ്മുടെ മാനസികാവസ്ഥയ്ക്കനുസരിച്ച് വ്യാഖ്യാനിച്ചെടുക്കുന്നു. ജീവിതപങ്കാളികൾ യാഥാർത്ഥ്യ ബോധമില്ലാത്ത പല പ്രതീക്ഷകളും വച്ച് പുലർത്തുന്നതിൽ അർത്ഥമില്ലെന്നും തന്റെ മുൻവിധികളെല്ലാം ന്യായീകരിക്കത്തക്കതല്ലെന്നും, അത് തനിക്കുതന്നെ വിനയാണെന്നും, ഇതുമൂലം ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടുമെന്നുള്ള പരമാർത്ഥം മനസ്സിലാക്കണം.

രാജു ഒരു ദിവസം വൈകുന്നേരം രമയെ ഫോണിൽ വിളിച്ചു പറഞ്ഞു ഞാൻ ഇന്ന് കുറച്ചു വൈകും കേട്ടോ. രമയ്ക്ക് ദ്വേഷ്യം വന്നു. അന്ന് വൈകുന്നേരം ഭക്ഷണമുണ്ടാക്കിയില്ല. രാജു നേരം വൈകും എന്ന അവസ്ഥയെ രമ എടുത്തതിങ്ങനെയാണ്. ഈ മനുഷ്യന് വീട്ടിൽ വരാൻ തന്നെ താല്പര്യമില്ല. മനസ്സിലുള്ള മുൻവിധി ദ്വേഷ്യത്തിൽ കൊണ്ടെത്തിച്ചു. രമ ഭക്ഷണമുണ്ടാക്കിയില്ല. രാജു രാത്രി വീട്ടിൽ വന്നപ്പോൾ ഭക്ഷണമുണ്ടാക്കിയതായി കണ്ടില്ല. മനസ്സിൽ തോന്നി അല്ലെങ്കിലും അവൾ ഇങ്ങനെയാണ്. എന്നെപ്പറ്റി ഒരു ശ്രദ്ധയുമില്ല. രാജു ദു:ഖിതനായി രാജുവിന്റെയും രമയുടേയും മുൻവിധികളാണ് പ്രത്യേകിച്ച് ഒരു കാരണവുമില്ലാതെ രണ്ടുപേരേയും ഈ അവസ്ഥയിൽ കൊണ്ടെത്തിച്ചത്. നമ്മുടെ പ്രതികരണം ഒരു വൈകാരിക വ്യാകൃതി (distortion) കൊണ്ടുണ്ടായതാണോ? ചിന്തിച്ചു നോക്കാം. ഒരു പ്രത്യേക സന്ദർഭത്തെ തെറ്റായി വ്യാഖ്യാനിച്ചെടുത്തതുകൊണ്ടാണോ ഞാൻ അങ്ങിനെ പ്രതികരിച്ചത്.

എന്റെ ഈ വ്യാഖ്യാനത്തിന് ഉപോൽബലമായി എനിക്ക് എന്ത് തെളിവുണ്ട്? നമ്മളെ തന്നെ ഒന്നു വിശകലനം ചെയ്യുകയാണെങ്കിൽ മനസ്സിൽ അടിഞ്ഞുകൂടിക്കിടക്കുന്ന മുൻ വിധികളെ കണ്ടെത്താൻ സാധിക്കും. വിചാരങ്ങൾ പെട്ടെന്ന് മാഞ്ഞു എന്നാൽ വികാരങ്ങൾ മനസ്സിനകത്ത് അനേകം സന്ദേശങ്ങൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കും. സന്തോഷം, ദ്വേഷ്യം, ദു:ഖം നീരസം തുടങ്ങിയ വികാരങ്ങൾ നിലനിന്നു കൊണ്ടേയിരിക്കും. മനസ്സിൽക്കൂടി കടന്നു പോകുന്ന വികാരങ്ങളെ ഒന്നു സ്വയം വിശകലനം ചെയ്യുകയാണെങ്കിൽ വികാരാധീനനാകുന്നതിന് മുമ്പ് ഒരു നിയന്ത്രണം കൈവരുന്നു. പ്രതികരണങ്ങൾക്ക് ഒരു മിതത്വം പാലിക്കാം. മുകളിൽ പരാമർശിച്ച രാജുവിന്റെയും രമയുടേയും അവസ്ഥകൾ പരിശോധിക്കാം. രാജു വൈകുമെന്ന് പറഞ്ഞപ്പോൾ ഉടനെ രമയ്ക്ക് മനസ്സിൽ തോന്നിയത് ഇങ്ങനെയാണ്. ഇത് ശരിയല്ല. ഞാനും ജോലി ചെയ്യുന്നുണ്ട്. കൃത്യസമയത്ത് ജോലിക്കു പോകുന്നു. കൃത്യസമയത്ത് മടങ്ങിവരുന്നു. ഒന്നു മറിച്ച് ചിന്തിച്ചെങ്കിൽ എന്ന് വിചാരിക്കുക. രാജുവേട്ടന്റെ ജോലി വ്യത്യസ്തമാണ്. കസ്റ്റമേഴ്സ് വൈകിയും വരുന്നവരാണ് അവരേയും തൃപ്തിപ്പെടുത്തേണ്ട കടമ രാജുവേട്ടനുണ്ടല്ലോ ഒരു മുൻ വിധിയുണ്ടായിരുന്നത് അല്ലെങ്കിലും തോന്നിയ സമയത്താണ് കേറി വരാറുള്ളത് എന്നാണ്. വീകാരധീനയാക്കുന്നതിന് മുൻപ് ഇങ്ങനെകൂടി ഒന്നു വിചാരിച്ചിരുന്നെങ്കിൽ അനാവശ്യ ടെൻഷൻ ഒഴിവാക്കാമായിരുന്നു. വൈകുമെന്ന കാര്യം എന്നെ നേരത്തെ അറിയിക്കുവാൻ രാജുവേട്ടൻ ഒരു സൗമനസ്യം കാണിച്ചുവല്ലോ. അത് എന്നോടുള്ള ഒരു പരിഗണന മൂലമല്ലേ.

രമയ്ക്ക് വേറെ ചില പ്രശ്നങ്ങൾ കൂടി ഉണ്ടായിരുന്നു. രാജുവിന്റെ അമ്മ കൂടെകൂടെ ഫോൺ ചെയ്യും. അവരുടെ വിശേഷങ്ങൾ അറിയുവാൻ. രാജുവിനെ വേണ്ട പോലെ ശ്രദ്ധിക്കന്നുണ്ടോ എന്നറിയുവാൻ കൂടിയാണത്രേ അമ്മായി അമ്മ വിളിക്കാറുള്ളത് എന്നാണത്രേ രമയുടെ മനസ്സിലിരിപ്പ്. എന്നാൽ ഇതൊരു പ്രശ്നമാക്കണ്ട എന്നു കരുതി രമ രാജുവിനോട് ഇക്കാര്യം പറയാറില്ല. എന്നാൽ ക്ഷമകെട്ട് ഒരു ദിവസം രമയ്ക്ക് രാജുവിനോട് പറയയേണ്ടി വന്നു. ചേട്ടന്റെ അമ്മയ്ക്ക് ഞാൻ ചേട്ടനെ വേണ്ടവിധം പരിചരിക്കുന്നുണ്ടോ എന്ന് സംശയമുണ്ടെന്ന് തോന്നുന്നു. ദിവസത്തിൽ കുറഞ്ഞത് അഞ്ചു പ്രാവശ്യമെങ്കിലും വിളിക്കും. അമ്മയുടെയും ഭാര്യയുടെയും ഇടയിൽ കിടന്ന് എന്തു ചെയ്യും, രണ്ടു പേരും എന്റെ സ്വന്തമാണ്. എങ്കിലും ഒരു ദിവസം രാജു അമ്മയോട് പറഞ്ഞു. അമ്മേ ദിവസവും വൈകുന്നേരം മാത്രം ഒരു പ്രാവശ്യം വിളിച്ചാൽ മതി. രമ ഓഫിസിലും വീട്ടിലും ജോലിചെയ്യുന്നതിനിടയിൽ കൂടുതൽ പ്രാവശ്യം വിളിച്ചാൽ ഫോൺ എടുക്കാൻ പറ്റിയെന്നു വരില്ല. വീട്ടിലാണെങ്കിൽ ഫോൺ വിളിക്കിടയിൽ ഗ്യാസ് ഓഫ് ചെയ്യാനോ, വാട്ടർ ടാപ്പ് അടയ്ക്കാനോ ഒക്കെ മറന്നു പോകും. രാത്രി എട്ടു മണിക്ക് എല്ലാ ദിവസവും വിളിച്ചാൽ അന്നത്തെ വിശേഷങ്ങൾ പരസ്പരം പങ്കു വെയ്ക്കാം. ഒരു വലിയ പ്രശ്നം പരിഹരിച്ചതിൽ രമയ്ക്ക് സന്തോഷമായി. നെഗറ്റീവ് മുൻ വിധികൾ കുറയാൻ തുടങ്ങി.

വിവാഹത്തിനു മുമ്പ് പങ്കാളികളെപറ്റിയുള്ള പരസ്പര മോഹന സങ്കല്പങ്ങൾ കുറച്ചു കാലം കഴിയുമ്പോൾ വിപരീതാദിശയിലാകാറുണ്ട്. ആ ചെറുപ്പക്കാരന് നല്ല ആത്മവിശ്വാസമുണ്ട് എന്ന പുകഴ്ത്തൽ വിവാഹം കഴിഞ്ഞ് കുറച്ച് നാൾ കഴിയുമ്പോൾ അയാൾ കുബുദ്ധിയും മറ്റുള്ളവരെ മുതലെടുക്കുന്നവനുമാണ് എന്ന അഭിപ്രായമായി മാറിയേക്കാം. പുള്ളിക്കാരി തുറന്ന മനസ്ഥിതിക്കാരിയാണ് എന്ന അഭിപ്രായം കുറച്ചു കഴിയുമ്പോൾ ഒരു ഉത്തുവാദിത്വവുമില്ലാത്ത സ്ത്രീ എന്ന അഭിപ്രായത്തിലെത്തിയേക്കാം. എന്നാൽ ആ പഴയ നല്ല സങ്കല്പങ്ങൾ മനസ്സിൽ ഉണ്ടെങ്കിൽപ്പോലും അഭിപ്രായം പറയുന്നവരുടെ മനസ്സിന്റെ ചട്ടക്കൂട് മാറിപ്പോയിട്ടുണ്ടോ എന്ന് പരിശൊധിക്കേണ്ടതുണ്ട്.

അഡ്വക്കേറ്റ് മാലതിക്ക് മനോഹരനോട് ഇഷ്ടം തോന്നാൻ കാരണം അയാളിലെ ലാളിത്യമാണ്. എല്ലാ കാര്യങ്ങളും നിഷ്പ്രയാസം കൈകാര്യം ചെയ്യുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൽ മാനിക്കുന്നു. ഒരു രസികനുമാണ്. ഒരു എഴുത്തുകാരനും സ്വതന്ത്രപത്രപ്രവർത്തകനുമാണ്. മാലതിയാകട്ടെ വിദഗ്ദ്ധയായ ഒരു വക്കീലാണ്. അളന്നു മുറിച്ച വാക്കുകളും പ്രവർത്തികളും അവരെ ആർക്കും സ്വാധീനിക്കാൻ കഴിയുകയില്ല എന്ന മാനസികാവസ്ഥയും കുറച്ചു കാലത്തെ വിവാഹത്തിനുശേഷം അവരുടെ പരസ്പര ധാരണകൾ മാറി. മാലതി പറയും മനോഹരൻ ഒരു മടിയനാണ്. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പേടിയാണ്. നിഷ്ക്രിയനാണ്. മാലതിയെപ്പറ്റി മനോഹരന്റെ ഇപ്പോഴത്തെ അഭിപ്രായം മാലതി ഒരു നിർബന്ധബുദ്ധിക്കാരിയാണ്. എപ്പോഴും വിമർശിക്കുന്നു. എന്നെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു. മാലതിയുടെ നിർബന്ധബുദ്ധി മനോഹരനെ കൂടുതൽ ഉൾവലിയാൻ പ്രേരിപ്പിക്കുന്നു. നിഷ്ക്രിയത്വത്തിലേക്ക് നീങ്ങുന്നു. വിവാഹത്തിനുമുമ്പ് പങ്കാളിയെപ്പറ്റി ഉണ്ടായിരുന്ന മധുര സങ്കല്പങ്ങൾ തെറ്റിയതിന്റെ പ്രതിഫലനമായിരുന്നു പരസ്പരമുള്ള നിഷേധാത്മക നിലപാടുകൾ.

സ്വന്തം വ്യക്തിത്വത്തെ ബലികഴിക്കാതെ തന്നെ ചില നീക്കുപോക്കുകൾക്കു തയ്യാറായാൽ ബന്ധങ്ങളിൽ ഊഷ്മളതകൾ തിരികെ കൊണ്ടു വരാം. അവനവന്റെ നിഷേധാത്മകചിന്തകളെ തിരിച്ചറിയുക എന്നതാണ് പ്രധാനം. മനോഹരനിലുള്ള മാലതിയുടെ അധിക സമ്മർദ്ദം കുറഞ്ഞു വന്നപ്പോൾ അയാൾ ഒരു തിരിച്ചു വരവ് ആഗ്രഹിച്ചു. ഉത്തരവാദിത്വമുള്ള ജോലികൾ ഏറ്റെടുക്കാൻ തുടങ്ങി. കുറ്റം പറയുന്നതിനും പകരം തന്റെ കുറവുകൾ നികത്താൻ മാലതി ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ അയാൾ കൃതാർത്ഥനായി. മാലതിയുടെ പിടുത്തം അയഞ്ഞുകൊണ്ടിരിക്കുന്തോറും മനോഹരൻ കൂടുതൽ ഊർജ്ജസ്വലനായി. ഈ മാറ്റങ്ങൾ ഒറ്റ രാത്രി കൊണ്ട് സംഭവിച്ചതല്ല. പരസ്പരം സ്വീകാര്യതയുടെയും സൗഹൃദത്തിന്റെയും അന്തരീക്ഷത്തിൽ സംഭവിക്കുന്ന പ്രക്രിയയാണത്. പങ്കാളികളെപ്പറ്റിയുള്ള നിഷേധാത്മക ചിന്തകൾ ഒന്നു പുനരവലോകനം ചെയ്യുകയാണെങ്കിൽ സന്തോഷപ്രദമായ ഒരു ജീവിതം നേടിയെടുക്കാം.

# ശാസ്ത്രത്തിന്റെ ചരിത്രം – 7

# ശിലായുഗത്തിന്റെ അന്ത്യം

**സി. രാമചന്ദ്രൻ**

വിശക്കുമ്പോൾ തിന്നുക, തിന്നുമ്പോൾ മറ്റുള്ളവയെ ആട്ടിയകറ്റുക എന്നതാണ് മൃഗങ്ങളുടെ വാസന. മനുഷ്യനാകട്ടെ കൂട്ടായി ആഹാരം തേടുക, ആഘോഷപൂർവം പങ്കിടുക എന്നായിരുന്നു. മൃഗങ്ങളുടെ കാര്യത്തിൽ പ്രസവാനന്തരപരിചരണം അല്പകാലത്തേക്കു മാത്രമാണ്. പക്ഷെ മനുഷ്യന്റെ കാര്യത്തിൽ ശിശുപരിചരണം നീണ്ടകാലത്തേക്കാണ്. ആഹാരസമ്പാദനത്തിന് അമ്മയ്ക്ക് പുരുഷസഹായം വേണ്ടിവരുന്ന ഒരവസ്ഥ ഇതുണ്ടാക്കുന്നുണ്ട്. അതുകൊണ്ടുകൂടിയാണ് പുരുഷന്മാർ കൂട്ടായി വേട്ടയാടി പങ്കുവയ്ക്കുന്ന സ്ഥിതി വന്നത്. വലിയ മൃഗങ്ങളെ വേട്ടയാടുമ്പോൾ ആവശ്യമായി വന്ന ആയുധങ്ങൾ പരിഷ്കരിക്കപ്പെടുന്നതിലൂടെ, സാങ്കേതികതയും മെച്ചപ്പെട്ടുവന്നു. പ്രാകൃതവും എന്നാൽ സങ്കീർണവുമായ ഒരു വിദ്യാഭ്യാസപദ്ധതി രൂപപ്പെട്ടുവരുവാനും ഇതിടയാക്കി.

പ്രവൃത്തിവിഭജനത്തിൽ സ്ത്രീപുരുഷ വ്യത്യാസത്തിന്റെ പ്രസക്തി ഇവിടെ പ്രകടമായി തുടങ്ങി. പ്രകൃതിയിൽ നിന്നു ഭക്ഷണം ശേഖരിക്കുന്നതിന്റെ ചുമതല സ്ത്രീക്കും വേട്ടയാടി ഇരതേടുന്നതിന്റെ ദൗത്യം പുരുഷനുമായിരുന്നു. എന്നിരുന്നാലും സാമൂഹ്യപദവി തുല്യമായി തുടർന്നു. പക്ഷെ വൻമൃഗങ്ങളെ വേട്ടയാടി പുരുഷന്റെ പേശീബലവും കരുത്തും ധീരതയും വർദ്ധിച്ചതോടെ ക്രമേണ അത് പുരുഷാധിപത്യത്തിലേക്കു വഴുതി. ആചാരമുറകൾ പിതൃവാഴ്ചക്കനുസരിച്ച് രൂപപ്പെട്ടുവന്നു.

ശിലായുഗത്തിന്റെ അന്ത്യത്തിൽ കൃഷിയുടെ ആവിർഭാവത്തോടെയാണ് കാറ്റുമാറി വീശുന്നത്. കൃഷിയിൽ സ്ത്രീയുടെ പങ്കാളിത്തം നിർണായകമായി വന്നതാണതിനു കാരണം. വേട്ടയാടാനുള്ള ഇരയുടെ എണ്ണം കുറഞ്ഞുവന്നത് കൃഷിയിലേക്കു തിരിയുവാൻ മനുഷ്യനെ പ്രേരിപ്പിച്ചു കാണും. കൃഷിയുടെ ഉൽപാദനം കാലാവസ്ഥയ്ക്കനുസരിച്ച് കുറഞ്ഞും കൂടിയുമിരിക്കും. അത്തരം സന്ദർഭങ്ങളിൽ പ്രകൃതിയെ ആഭിചാരത്തിലൂടെ വരുതിയിലാക്കാൻ കഴിയും എന്ന സങ്കല്പത്തിലാണ് മന്ത്രവാദം രംഗത്തുവരുന്നത്. പരിമിതികളെ തരണം ചെയ്യുവാൻ അതുപകരിക്കുമെന്നവർ ധരിച്ചു. കുലചിഹ്നങ്ങൾ രേഖപ്പെടുത്തിയ കൊടികൾ ഗോത്രയുദ്ധങ്ങൾക്ക് ഹരം പകർന്നു.

ഭാഷയുടെ ആവിർഭാവം ഭാവനയിൽ കഥകൾ രചിക്കുന്നതിനുള്ള കഴിവുണ്ടാക്കി. കഥകൾ കുലങ്ങളുടെയും ഗോത്രങ്ങളുടെയും അഭിമാനത്തെ ഉദ്ദീപിപ്പിക്കുവാൻ സഹായിച്ചു. കഥകളിൽ നിന്ന് പുരാണങ്ങളും രൂപംകൊണ്ടു. കഥകളും പുരാണങ്ങളും അന്യോന്യം ലയിച്ച് പൊതുവായ പുരാണം രൂപപ്പെട്ടു. പുരാണങ്ങളിൽ നിന്ന് മതവും വിശ്വാസങ്ങളും രൂപംകൊണ്ടു.

ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുമ്പോഴേ പൗരാണിക ശാസ്ത്രപാരമ്പര്യത്തിന്റെ ഉല്പത്തിയെക്കുറിച്ചറിയാൻ കഴിയൂ. പ്രാചീനശിലായുഗത്തിന്റെ അന്ത്യമാകുമ്പോഴേക്കും മനുഷ്യൻ സാങ്കേതിക ഉപകരണങ്ങളാൽ സമ്പന്നനായി കഴിഞ്ഞിരുന്നു. ജീവിക്കാൻ കുടിൽ, ധരിക്കാൻ രോമക്കുപ്പായം, ശേഖരിക്കുവാൻ സഞ്ചി, ആഹാരത്തിനു പാത്രം, നദികടക്കുവാൻ തോണി, മീൻപിടിക്കുവാൻ ചൂണ്ട, മൃഗവേട്ടയ്ക്ക് ചാട്ടുളി എന്നിങ്ങനെ വിപുലമായ ഉപകരണശ്രേണിയുണ്ടായി. ചരിത്രാവശിഷ്ടങ്ങളിൽ നിന്ന് ഇതു സ്ഥിരീകരിക്കാവുന്നതുമാണ്. ഇത്തരം ഉപകരണങ്ങളുപയോഗിക്കുന്ന പ്രാകൃത കാടന്മാരെ ഇന്നും ആഫ്രിക്കയിലും ആസ്ട്രേലിയയിലും ആന്തമാനിലും കാണാം.

അന്നത്തെ സാഹചര്യങ്ങൾ ഇന്നു മാറിയിട്ടുണ്ടെങ്കിലും സാങ്കേതികവിദ്യയുടെ അടിസ്ഥാനപരമായ ഉദ്ദേശലക്ഷ്യങ്ങൾ അന്നും ഇന്നും ഒന്നാണ്. അന്നത്തെ ബക്കറ്റുകൾ തുകലായിരുന്നെങ്കിൽ ഇന്നിത് പ്ലാസ്റ്റിക്കാണ് എന്നു മാത്രം. പാത്രപ്പണിയുടെ കാര്യത്തിലെന്നപോലെ വസ്ത്രത്തിന്റെ കാര്യത്തിലും സ്ഥിതി സമാനമാണ്.





മനുഷ്യൻ ആദ്യം ഉപയോഗിച്ച യന്ത്രം വില്ലായിരിക്കണം. വലിഞ്ഞ വില്ല് ആർജ്ജിക്കുന്ന ഊർജ്ജം അമ്പിലൂടെ ചാടുന്നു. ഈ പ്രയോഗത്തിന് പ്രചുരപ്രചാരം ലഭിക്കുകയും അറിയപ്പെടുന്ന ലോകഭാഗങ്ങളിലെല്ലാം അത് പരക്കുകയും ചെയ്തു. അമ്പിന്റെ ചലനത്തിലൂടെ ഗതികത്തെ ഉത്തേജിപ്പിക്കുകയും അത് ഇന്ന് റോക്കറ്റിന്റെ ഗതി നിയന്ത്രണത്തിൽ എത്തി നിൽക്കുകയും ചെയ്യുന്നു. ഞാണിന്റെ കമ്പനം സംഗീതത്തിന്റെ ഉല്പത്തിയിലേയ്ക്കെത്തി. ഞാണിന്റെയും വില്ലിന്റെയും മറ്റൊരു പ്രയോഗം തുളയ്ക്കാനുള്ള തിരിയുളിയുടെ കണ്ടുപിടിത്തത്തിലേക്കും എത്തിപ്പെട്ടു.

ഏറ്റവും പഴക്കം ചെന്ന സംഗീതോപകരണം കുഴൽ ആയിരുന്നിരിക്കാനാണ് സാധ്യത. കാറ്റ് കാണാനാവില്ലെങ്കിലും അതുണ്ടെന്ന് മനുഷ്യൻ മനസ്സിലാക്കി കഴിഞ്ഞിരുന്നു. പൊള്ളയായ മുളംകുഴലിലൂടെയോ എല്ലിലൂടെയോ ഊതിയോ വലിച്ചോ ശബ്ദമുണ്ടാക്കാമെന്നു തിരിച്ചറിഞ്ഞതിലൂടെയാണത്. വായു ബലതന്ത്രത്തെക്കുറിച്ചുള്ള ആശയങ്ങളെ അത് ഉത്തേജിപ്പിക്കുകയായിരുന്നു. വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ കാറ്റുനിറച്ച സഞ്ചി, തീ ആളിക്കത്തിക്കുവാൻ ഉല, ഊത്തുകുഴൽ, മൃഗങ്ങളെ ഉന്നംവെയ്ക്കുന്ന ഊത്തുതോക്ക് തുടങ്ങിയ ഉപകരണങ്ങളിൽ നിന്നാരംഭിക്കുന്ന സാങ്കേതിക ആശയങ്ങളുടെ പരിണാമമാണ് പീരങ്കികളിലും ആവിയന്ത്രങ്ങളിലും മനുഷ്യനെ എത്തിച്ചത്.

ഉത്ഖനനം ചെയ്തെടുക്കുന്ന അവശിഷ്ടങ്ങൾ അക്കാലത്തെ അവരുടെ ദൈനംദിന ഭൗതിക ജീവിതത്തെക്കുറിച്ചുള്ള അറിവുകൾ നമുക്ക് നൽകും. എന്നാൽ അവരുടെ ബൗദ്ധിക നിലവാരത്തെക്കുറിച്ചറിയുവാൻ തൊണ്ടിയായി തെളിവുകളുണ്ടായെന്നുവരില്ല. എന്നിരുന്നാലും ചില സൂചനകൾ ലഭിക്കും. അതിലൂടെ ചില നിഗമനങ്ങളിലും എത്തിച്ചേരാം.

കൂട്ടായി വേട്ടയാടണമെങ്കിൽ നല്ല രീതിയിൽ ആശയവിനിമയമുണ്ടായേ പറ്റൂ. മാമത്തിനെയോ കാട്ടുകുതിരയെയോ കീഴടക്കണമെങ്കിൽ പത്തിലേറെയാളുകളുടെ സമർത്ഥമായ സംഘടിതപ്രവർത്തനം വേണ്ടിവരും. ശവസംസ്കാരവും സാമൂഹ്യമായ ഒരു ചടങ്ങായിമാറുന്നു എന്നും കരുതേണ്ടിവരും. ശവത്തോടൊപ്പം ഇഷ്ടഭക്ഷണങ്ങളും വീട്ടുപകരണങ്ങളും അടക്കം ചെയ്തതായും കാണുന്നു. മരണാനന്തരജീവിതത്തെക്കുറിച്ച് അവർക്ക് ആലോചകനകളുണ്ടായിരുന്നു എന്നും അനുമാനിക്കേണ്ടിവരും. ശവങ്ങളിൽ കാവി പൂശുന്ന ഒരേർപ്പാട് അവരിൽ ചിലർക്ക് അന്നുണ്ടായിരുന്നുവത്രേ!

സങ്കീർണമായ കുലാചാരങ്ങൾ ശിലായുഗത്തിൽ നടപ്പുണ്ടായിരുന്നു. ആചാരങ്ങൾ പലതും ആഘോഷങ്ങളുമായിരുന്നു. ആട്ടവും പാട്ടും അതിന്റെ ഭാഗമായി. മൃഗത്തിന്റെ തലയുള്ള മുഖംമൂടി ധരിച്ച നർത്തകർ മൃഗവേട്ടയെ പ്രതീകാത്മകമായി അവതരിപ്പിച്ചു. ഇത് മാന്ത്രികത്തിലേക്കും ആഭിചാരക്രിയകളിലേക്കും തിരിഞ്ഞു. മരുന്നിനോടൊപ്പം മന്ത്രവാദവും ചികിത്സാരീതികളിൽ കടന്നുകൂടി. ശരീരത്തിൽ ഭൗതികാതീതമായ എന്തോ കുടികൊള്ളുന്നു എന്ന ആശയം അവരിലുണ്ടായി; മരിക്കുമ്പോൾ ശരീരത്തിൽ നിന്നു വേർപെട്ടു പോകുന്ന ഒന്ന്. പ്രാകൃതവൈദ്യന്മാരുടെ ഒരു തലമുറ അവിടെ ഉണ്ടായി; ഒടിയനും.

മനുഷ്യൻ സാങ്കേതികമായി മുന്നേറുകയും വേട്ട കൂടുതൽ പരിചിതവും നൈപുണ്യമുള്ളതുമായി മാറുകയും ചെയ്തപ്പോൾ മൃഗഭക്ഷണം കൂടുതൽ പഥ്യമായി. ഇത് മറ്റുജന്തുക്കളുടെ എണ്ണം പ്രകൃതിയിൽ കുറഞ്ഞുവരാനിടയാക്കി. കാലാവസ്ഥാ വ്യതിയാനം പല ജന്തുക്കളെയും ഇല്ലാതാക്കുകയും ചെയ്തു. ഹിമയുഗത്തിന്റെ അവസാനത്തോടെ നായാട്ട് ഒരു ജീവനോപാധിയായി തുടരാനാവാത്ത സ്ഥിതി വന്നു. പുതിയൊരു സംസ്കാരത്തിന്റെ പിറവിയുടെ പേറ്റുനോവ് അവിടെ തുടങ്ങുന്നു. സമൂഹം കൃഷിയിലേക്കു തിരിയുന്നു. കാർഷിക സംസ്കാരത്തിന്റെ ജനനമാകുന്നു.


എറണാകുളം
കരയോഗാംഗത്വം എടുക്കൂ
ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...

94 വർഷത്തെ സേവനപാരമ്പര്യമുള്ള
എറണാകുളം കരയോഗത്തിൽ കൊച്ചി
കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള
എല്ലാ നായർ സമുദായാംഗങ്ങൾക്കും
കരയോഗം നിയമാവലിയ്ക്ക് വിധേയമായി
അംഗത്വം ലഭിക്കുന്നതാണ്.
ഈ അവസരം പ്രയോജനപ്പെടുത്തുക.
*കൂടുതൽ വിവരങ്ങൾക്ക്: 0484 2361160*
Email: ekmkgm@gmail.com

# ദുർഭഗ

പ്രൊഫസർ അംബുജാക്ഷി. പി. ഫോൺ : 9447577652

## (അവലംബം. മഹാഭാരതം അംബോപ്യാഖ്യാനം)

ഞാൻ നടന്നകന്നു. നഗരത്തിൽ നിന്ന് വനത്തിലേക്ക്. ശൗത സ്മാർത്തജ്ഞരായ പുണ്യാത്മക്കളുള്ള തപോവനത്തിലേക്ക്. എന്നെ അവർ വാത്സല്യത്തോടെ സ്വീകരിച്ചു. ഒരു മുനി എന്നോട് ചോദിച്ചു.

'വത്സേ, നീയെന്തിനാണ് ഈ ആശ്രമത്തിലേക്ക് വന്നത്.'

അവരോട് എന്റെ കഥ മുഴുവൻ പറഞ്ഞു. എല്ലാം കേട്ടപ്പോൾ അതിൽ ഒരു മഹർഷിക്ക് ഒരു സംശയം.

ഭദ്രേ, ഈ താപസന്മാർക്ക് എന്തു ചെയ്യാൻ സാധിക്കും? യുദ്ധമൊന്നും ഇഷ്ടപ്പെടാതെ സമാധാന ജീവിതം ആഗ്രഹിക്കുന്നവരല്ലേ, ഞങ്ങൾ.

'മഹാശയന്മാരെ', ഞാൻ തൊഴുതുകൊണ്ട് പറഞ്ഞു. എനിക്ക് സന്യസിക്കണം. ഉഗ്രതപസ്സു ചെയ്യണം. മുജ്ജന്മപാപങ്ങൾ കഴുകിക്കളയണം. ആ പാപങ്ങളുടെ ഫലമാണ് ഞാൻ ഇന്ന് അനുഭവിക്കുന്നത്. എനിക്ക് തപസ്സുകൊണ്ട് പാപമുക്തി നേടണം. ഞാൻ ആവർത്തിച്ചു കൊണ്ടേയിരുന്നു. വികാരാവേശം കൊണ്ട് ഞാൻ എന്തൊക്കെയോ പറഞ്ഞുകൊണ്ടേയിരുന്നു. പകകൊണ്ടു കലുഷിതമായ എന്റെ മുഖം കണ്ടപ്പോൾ അവർക്ക് തോന്നിയിട്ടുണ്ടാവാം, ഞാൻ തപസ്സിനോ സന്യാസത്തിനോ ഉള്ള പക്വത നേടിയിട്ടില്ലെന്ന്.

'മകളേ, നീ സ്വജനങ്ങളുടെ അടുത്തേക്ക് തിരിച്ചു പോകൂ. നിന്റെ പ്രായവും രൂപവും മനസ്സും തപസ്സിനു യോജിച്ചതല്ല'. അവർ എന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു.

'ഇല്ല, എന്റെ അച്ഛൻ എന്നെ ഉപേക്ഷിച്ചു. സാലൻ എന്നെ അപമാനിച്ചയച്ചു. ഭീഷ്മനും എന്നെ കൈവെടിഞ്ഞു. ഇനി ഒരു തിരിച്ചു പോക്കില്ല.' എന്റെ ഈ വാക്കുകൾ കേട്ടുകൊണ്ടാണ് ഹോത്രവാഹനൻ എന്ന രാജർഷി അവിടെ എത്തിയത്.

എല്ലാവരും അദ്ദേഹത്തെ ബഹുമാനത്തോടെ സ്വീകരിച്ചു. അസാധാരണമാം വിധം ഒരു രാജകുമാരിയെ ആശ്രമത്തിൽ കണ്ടപ്പോൾ അദ്ദേഹം ചോദിച്ചു.

ഈ കുമാരി ആരാണ്.? എന്തിനു വന്നു. താപസന്മാർ എന്നെക്കുറിച്ച് അദ്ദേഹത്തോടു പറഞ്ഞു.

'വത്സേ, നിന്റെ മാതാമഹനായ ഹോത്രവാഹനനാണ് ഞാൻ.' അദ്ദേഹം അറിയിച്ചു. ഞാൻ അത്ഭുതാദരങ്ങളോടെ അദ്ദേഹത്തെ വണങ്ങി.

വാത്സല്യപൂർവ്വം എന്നെ എഴുന്നേൽപ്പിച്ച് അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു.

കുഞ്ഞേ, നിന്നെ ഉപേക്ഷിച്ചവരോട് ഇനി കെഞ്ചാൻ പോകേണ്ട.

അതു കേട്ടപ്പോൾ എനിക്ക് ഒരു ആശ്രയം കിട്ടിയതുപോലെ തോന്നി. അദ്ദേഹം തുടർന്നു.

ചെല്ലൂ, പരശുരാമമഹർഷിയെ സമീപിക്കൂ. ക്ഷത്രിയ വൈരിയായ അദ്ദേഹം നിന്നെ അപമാനിച്ചവരെ വധിക്കും.

അതാണ് എനിക്കു വേണ്ടതും. ഭീഷ്മവധം!. എനിക്കിപ്പോൾ ആ ഒരാളോടു മാത്രമേ പകയുള്ളൂ. ഭീഷ്മദേവവ്രതനോട്.

'മുത്തച്ഛാ, പരശുരാമൻ ഇപ്പോൾ എവിടെയുണ്ട്..' എനിക്ക് തിടുക്കമായി.

മഹേന്ദ്രപർവതത്തിൽ തപസ്സു ചെയ്യുന്നു. വിഷമിക്കേണ്ട. അദ്ദേഹത്തിന്റെ ഒരു കൂട്ടുകാരൻ ഇപ്പോൾ ഇവിടെ വരും. അകൃതവ്രണൻ. അയാളോടൊപ്പം നീ പരശുരാമനെ സമീപിക്കൂ. മുത്തച്ഛൻ എന്നെ ആശ്വസിപ്പിച്ചു.

അപ്പോഴേക്കും ആകൃതപ്രണമുനി അവിടെയെത്തി. മുത്തച്ഛൻ തന്നെ എല്ലാം മുനിയെ അറിയിച്ചു. കഥ കേട്ടപ്പോൾ മുനി ചോദിച്ചു.

ഭദ്രേ നിനക്കാരോടാണ് പ്രതികാരം ചെയ്യേണ്ടത്.? ഭീഷ്മനോടോ. സാലനോടോ. അതോ രണ്ടു പേരോടും കൂടിയോ.





'മഹാത്മൻ, ഞാൻ അറിയിച്ചു.' സാലനിൽ അനുരക്തയാണെന്നറിയാതെയാണ് ഭീഷ്മൻ എന്നെ കൊണ്ടുപോയത്. ഭീഷ്മൻ കൊണ്ടു പോയതുകൊണ്ടാണ് സാലൻ എന്നെ സ്വീകരിക്കാത്തതും. ഞാനാരോടു പകരം വീട്ടണം?. അങ്ങു തന്നെ പറയൂ.

'വത്സേ, സാലൻ ഭീരുവാണ്. ഭീഷ്മരെ പേടിച്ചാണ് നിന്നെ സ്വീകരിക്കാത്തത്. എന്നാൽ ഭീഷ്മൻ അഹങ്കാരിയാണ്. വിജയഗർവം ഉള്ളവൻ. അപ്പോൾ...... പകരം ചോദിക്കേണ്ടത് ഭീഷ്മനോടു തന്നെ'. മുനി എന്റെ സംശയം തീർത്തു.

ഞങ്ങൾ ഇരുവരും പരശുരാമനെ ചെന്നു കണ്ടു. കാര്യമെല്ലാം അറിയിച്ചപ്പോൾ അദ്ദേഹം എന്നെ ഒന്നടിമുടി നോക്കി. ഒന്നു ചിന്തിച്ചശേഷം പറഞ്ഞു.

'കുമാരി, നിന്നെ ഞാൻ ഭീഷ്മന്റെ അടുത്തേക്ക് കൊണ്ടു പോകാം. നിന്റെ ഈ രൂപവും എന്റെ വാക്കും അയാൾക്ക് തള്ളിക്കളയാനാവില്ല. എന്റെ ശിഷ്യനല്ലേ. സാമംകൊണ്ട് സാധിച്ചില്ലെങ്കിൽ മാത്രം മറ്റുപായങ്ങൾ നോക്കാം.'

ഭാർഗ്ഗവരാമൻ എന്നെ ആശ്വസിപ്പിച്ചു. എനിക്ക് വലിയ പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും ഞാൻ മുനിയെ അനുഗമിച്ചു.

തന്റെ ഗുരുവിനെ ഭീഷ്മൻ ആദരവോടെ സ്വീകരിച്ചു. ആഗമനോദ്ദേശം അറിയിച്ചപ്പോൾ അത് അസാധ്യമാണെന്ന് ദേവവ്രതൻ പറഞ്ഞു. സാമദാനഭേദങ്ങളിലൂടെ ദണ്ഡമെന്ന ഉപായത്തിലേക്കവർ നീങ്ങി.

'ദേവവ്രത, ഞാൻ പഞ്ഞത് അനുസരിക്കുക. അല്ലെങ്കിൽ നിന്റെ കുലം മുടിക്കും.' രാമൻ വാശിയോടെ പറഞ്ഞു.

'ഗുരുവാണെന്നു കരുതിയാണ് ഞാൻ ബഹുമാനിച്ചത്. എന്റെ വ്രതം ഞാൻ ലംഘിക്കില്ല. ഗുരുവിനോടെതിരിടാൻ എനിക്കാഗ്രഹമില്ല. പക്ഷെ, ധർമ്മം രക്ഷിക്കാൻ വേണ്ടി ഞാൻ അതും ചെയ്യും.' ഭീഷ്മനും പ്രതിവചിച്ചു.

ആ വാഗ്വാദം യുദ്ധത്തിലേക്കാണ് നീങ്ങുന്നത്. ഞാൻ സന്തോഷിച്ചു. രണ്ടു വീരന്മാർ തമ്മിൽ ഉള്ളു പൊരിഞ്ഞ യുദ്ധം...... ആ യുദ്ധത്തിൽ ഭീഷ്മർ ഒടുങ്ങണം. എന്നാലേ എന്റെ മനസ്സ് ശാന്തമാകൂ.

ഗുരുവിനോട് യുദ്ധം ചെയ്യുന്നതിൽ എനിക്ക് ദുഖമുണ്ട്. പക്ഷെ, എനിക്കെന്റെ സത്യം പാലിച്ചേ മതിയാകൂ. ഗുരോ, അങ്ങ് തേരും പോർച്ചട്ടയുമെടുത്ത് യുദ്ധത്തിന് തയ്യാറായി വരൂ.

ഭീഷ്മർ അഭ്യർത്ഥിച്ചു.

ഭീഷ്മാ, രാമൻ ചിരിച്ചുകൊണ്ട് പറഞ്ഞു. എന്റെ തേര് ഭൂമിയാണ്. കുതിരകൾ വേദങ്ങളും. തേരാളിയാരാണെന്നറിയാമോ, സാക്ഷാൽ വായുഭഗവാൻ. വേദമാതാക്കളാണ് എന്റെ പോർച്ചട്ട. അവർ എന്നെ രക്ഷിക്കും. വരൂ നമുക്ക് യുദ്ധം ആരംഭിക്കാം.

ആദരവോടെ ഭീഷ്മർ ഗുരുവിനെ സമീപിച്ചു. വണങ്ങി.

ഗുരോ എന്നെ അനുഗ്രഹിച്ചാലും. എന്റെ സത്യം പാലിക്കാൻ വേണ്ടി മാത്രമാണ് ഞാൻ അങ്ങയോട് പൊരുതുന്നത്.

വീരാ, നിന്റെ ഈ ധർമ്മബോധം നിന്നെ രക്ഷിക്കും. ഇപ്പോൾ വിജയം ആശംസിക്കാൻ എനിക്ക് നിർവാഹമില്ല. എങ്കിലും നിന്റെ ശിഷ്യത്വം എന്റെ മഹിമ വർദ്ധിപ്പിക്കുന്നു. നീ എന്നെ വന്ദിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ശപിക്കുമായിരുന്നു. നിന്റെ ധർമ്മം നിന്നെ രക്ഷിക്കും, വരൂ, യുദ്ധം തുടങ്ങാം.

ഗുരു ശിഷ്യനെ അനുഗ്രഹിച്ചു.

പിന്നെ കണ്ട ദൃശ്യം എന്നെ അത്ഭുതപ്പെടുത്തി. പരശുരാമൻ തേരിൽ ഇരിക്കുന്നു. മനോനിർമ്മിതമായ തേര്.

തേജസ്സേറുന്ന ദിവ്യാശ്വങ്ങൾ.

സൂര്യചന്ദ്രന്മാരുടെ അടയാളമുള്ള പോർച്ചട്ട.തേരാളിയായി സുഹൃത്ത് അകൃതവ്രണൻ. അതു കണ്ടപ്പോൾ തന്നെ ഞാൻ ഭീഷ്മരുടെ നാശം ഉറപ്പിച്ചു..

പക്ഷെ.............

ജയാപജയങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് ആ രണ്ടു വീരന്മാർ പൊരുതി. ഭീഷ്മരുടെ വാട്ടം കാണുമ്പോൾ ഞാൻ വിചാരിക്കും.....

ഗുരുഭക്തികൊണ്ടുള്ള കുറ്റബോധം.

ചിലപ്പോൾ ഭാർഗ്ഗവരാമനായിരിക്കും ഒരു ക്ഷീണം.

ശിഷ്യനോട് വാത്സല്യം കൂടിപ്പോകുന്നുണ്ടോ എന്ന് ഞാൻ ചിന്തിക്കും.

യുദ്ധം തുടർന്നുകൊണ്ടെയിരുന്നു...........

സർവനാശിനികളായ അസ്ത്രങ്ങൾ എയ്തത് ഭൂമിക്കു തന്നെ നാശം സംഭവിച്ചുവോ. ഇടയ്ക്കിടക്ക് ഭൂകമ്പം. പുഴകൾ കരകവിഞ്ഞ് പ്രളയം ഉണ്ടാക്കുന്നു. ഭൂമി ചുട്ടു പഴുത്ത് പുഴകൾ വറ്റിപ്പോകുന്നു. കാട്ടുതീ..........കൊടുങ്കാറ്റ്............

ജീവജാലങ്ങൾ പരിഭ്രാന്തരായി അലറി വിളി

ച്ച് പാഞ്ഞു നടക്കുന്നു. ചത്തുവീഴുന്നു. എങ്കിലും എന്റെ വാശിക്ക് ഒരു കുറവും സംഭവിച്ചില്ല.

ഒന്നോ രണ്ടോ ദിവസമല്ല ..... ഇരുപത്തി മൂന്നു ദിവസം യുദ്ധം തുടർന്ന, പരസ്പരമുള്ള ബ്രഹ്മാസ്ത്ര പ്രയോഗവും അവരെ തളർത്തിയില്ല. പെട്ടെന്ന് ഭീഷ്മർ എന്തോ ധ്യാനത്തിലേർപ്പെട്ടതുപോലെ.

അരുതേ, ബ്രാഹ്മണനും മഹർഷിയുമായ പരശുരാമന്റെ നേരെ പ്രസ്വാപനാസ്ത്രം പ്രയോഗിക്കരുതേ, അതൊരു അശരീരിയായിരുന്നു.

സഹോദരന്മാർ ഓർമ്മപ്പെടുത്തിയതായിരുന്നു അപ്രതിരോധ്യമായ പ്രസ്വാപനാസ്ത്രം. അതാണ് അദ്ദേഹം ധ്യാനിച്ചിരുന്നത്. ജനങ്ങളും അതേറ്റു പറഞ്ഞു. ഭീഷ്മമാഹാരാജൻ, പ്രസ്വാപനം പ്രയോഗിക്കരുതേ.

ഭീഷ്മരുടെ അമ്മ ഗംഗാദേവിയും മറ്റു ദേവന്മാരും അവിടെ പ്രത്യക്ഷപ്പെട്ടു. അവർ ഭീഷ്മരോട് പറഞ്ഞു.

നിന്റെ ഗുരുവും തപസ്വിയും ബ്രാഹ്മണനും ആയ പരശുരാമനെ നീ പ്രസ്വാപനസ്ത്രമെയ്ത് അപമാനിക്കരുതേ. അസ്ത്രം മടക്കൂ. ഭീഷ്മർ അനുസരണയോടെ പിൻവാങ്ങി.

പരശുരാമൻ വാത്സല്യത്തോടെ ശിഷ്യനെ ആശ്ലേഷിച്ചു.......

വാശിയും നിരാശയും എന്നെ തളർത്തി. പരശുരാമൻ എന്റെ അടുത്തേക്ക് വന്നു. എന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു കൊണ്ട് പറഞ്ഞു.

വത്സേ, കണ്ടില്ലേ? ഈ മഹായുദ്ധം തുടർന്നാൽ ലോകം നശിക്കും. എല്ലാവരും വന്ന് അഭ്യർത്ഥിക്കുന്നതു കണ്ടില്ലേ? ഇനി ഭീഷ്മനോട് യുദ്ധം ചെയ്യാൻ ഞാനില്ല. നീ ഭീഷ്മരെ ശരണം പ്രാപിക്കൂ. ഞാൻ പോകുന്നു, തപസ്സിന്.

മഹർഷേ, ഞാനെല്ലാം കണ്ടു. ഭീഷ്മർ അജയ്യനാണ് എന്ന് മനസ്സിലായി..... പക്ഷെ, എന്തു വന്നാലും ഞാൻ ഇനി ഭീഷ്മരെ ആശ്രയിക്കില്ല. ഞാനും പോകുകയാണ്. ഞാൻ പറഞ്ഞു.

എനിക്കും പോകണം . എന്റെ ആഗ്രഹം സാധിക്കണം. മനുഷ്യശക്തിക്ക് സാധിക്കില്ലെങ്കിൽ ദൈവശക്തിയെ സമീപിക്കണം. എന്റെ നിശ്ചയം. അത് ഭീക്ഷ്മ വധം തന്നെ. അങ്ങനെ തോറ്റു കൊടുക്കില്ല..... നടന്നു നടന്ന്... ഞാൻ യമുനാതീരത്തുള്ള ഒരാശ്രമത്തിൽ എത്തി. തപസ്സിനുള്ള ഒരുക്കങ്ങൾ. ഊണുപേക്ഷിച്ചു. വായു ഭക്ഷണം മാത്രം. വീണ്ടും നിശ്ചലയായി. ആറുമാസം തപസ്സ്. പിന്നെ യമുനാനദിയിലിറങ്ങി ഒരു കൊല്ലം തപസ്സ്.

പഴുത്തു വീണ ഇലകൾ മാത്രം ഭക്ഷിച്ച് കുറച്ചു കാലം. കുറെക്കാലം കാൽവിരൽത്തുമ്പിൽ ഊന്നി നിന്ന്, കുറെക്കാലം ഞാൻ അലഞ്ഞു നടന്നു. ഭ്രാന്തുപിടിച്ചപോലെ. ഒരു പെണ്ണായതുകൊണ്ടല്ലേ എന്റെ ആഗ്രഹം നിറവേറാത്തത്. ഒരാണായി പുനർജ്ജനിച്ചാലും മതി. എനിക്ക് ഭീഷ്മരെ കൊല്ലണം. വീണ്ടും ഞാൻ തപസ്സിലേക്ക്. സംഹാരമൂർത്തിയായ ശിവനെ പ്രസാദിപ്പിക്കാൻ.

ഒരു പത്തോ പന്ത്രണ്ടോ കൊല്ലം കഴിഞ്ഞിട്ടുണ്ടാവും. എനിക്കറിയില്ല. കാലം പോലും എന്റെ മുമ്പിൽ കയ്യുംകെട്ടി നില്ക്കുകയല്ലേ?

ഒടുവിൽ ......ശൂലപാണി പ്രത്യക്ഷപ്പെട്ടു.

വത്സേ, എന്തിനാണ് ഇങ്ങനെ ആത്മപീഡ ചെയ്യുന്നത്? നിനക്കെന്താണ് വേണ്ടത്? രുദ്രന്റെ ആ ചോദ്യം എന്നെ തപസ്സിൽ നിന്ന് ഉണർത്തി.

ഭഗവാനേ, എനിക്ക് യുദ്ധത്തിൽ ഭീഷ്മരെ കൊല്ലണം. ഞാൻ പറഞ്ഞു.

മകളേ, എന്റെ വാക്ക് മിഥ്യയാവില്ല. ശിവൻ എന്നെ ആശ്വസിപ്പിച്ചു. നീ ഭീഷ്മനെ വധിക്കും, ഈ ജന്മത്തിലല്ല. അടുത്ത ജന്മത്തിൽ. ദേഹാന്തരത്തിലും നിന്റെ മനസ്സിൽ ഈ ഓർമ്മ നിലനില്ക്കും.

നീ ഒരാണായി മാറും. യുദ്ധത്തിൽ ഭീഷ്മരെ വധിക്കും.

ഇത് ശാപമാണോ?

അതോ വരമോ?

വീണ്ടും ഞാൻ പരാജയപ്പെട്ടിരിക്കുന്നു. തോല്വി ഏറ്റു വാങ്ങാൻ വേണ്ടി മാത്രം ഒരു സ്ത്രീജന്മം. ഞാൻ അതിനായി ജനിച്ചവൾ. അംബ.

ഓ.....ഒരു കാര്യം ഞാൻ മറന്നുപോയിരുന്നു. ഒരു പക്ഷെ അതുകൊണ്ട് കാര്യസിദ്ധിയുണ്ടാകുമോ എന്ന് സംശയിച്ചതുകൊണ്ടായിരിക്കും . അല്ലെങ്കിൽ ഭീഷ്മനോടുള്ള പകയല്ലാതെ ഇപ്പോൾ ഒന്നും ഞാൻ ഓർക്കാറില്ലല്ലോ. എന്തിനാണ് എനിക്കീ പ്രതികാരബുദ്ധി എന്നുപോലും ഞാൻ മറന്നു പോയിരിക്കുന്നു.

തപസ്സും തീർത്ഥാടനവുമായി ഞാൻ അലയുകയായിരുന്നു. ഒരു ദിവസം യമുനാതീരത്തുള്ള ഒരു വിജനപ്രദേശത്ത് ഞാൻ ധ്യാനിച്ചിരിക്കുന്നു. പെട്ടെന്ന് ഞാൻ ഞെട്ടിയുണർന്നു. .....

എന്റെ മുമ്പിൽ സുന്ദരനായ ഒരു കുട്ടി നില്





ക്കുന്നു. കയ്യിൽ ഒരു നീലത്താമരമാലയും ഉണ്ട്. എനിക്ക് ആ കുട്ടിയെ വണങ്ങാനാണ് തോന്നിയത്.

ഞാൻ ചോദിച്ചു.

തേജസ്വിയായ അങ്ങ് ആരാണ്? ഒരു സാധാരണ ബാലനാണെന്ന് കരുതുന്നില്ല.

ഞാൻ ശിവകുമാരനായ സുബ്രഹ്മണ്യനാണ്. ഭവതിയുടെ ജീവിതം തന്നെ എനിക്ക് തെളിഞ്ഞു കാണാം.  ആ കുട്ടി പറഞ്ഞു.

ഞാൻ കൈകൂപ്പി നിന്നതേയുള്ളു. ശിവകുമാരൻ ദൈവജ്ഞനാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. എല്ലാം കാണാൻ കഴിയുന്ന ആ ദിവ്യചക്ഷുസ്സിനോട് എന്താണ് പറയേണ്ടത്.?

സുഭഗേ, നിന്റെ തപസ്സ് എന്നെയും ദു:ഖിപ്പിക്കുന്നു. പക്ഷേ ഈ ജന്മത്തിൽ നിനക്കു സാധ്യമാണത്. എന്ന്  ഞാൻ കാണുന്നു. ആ ബാലൻ തുടർന്നു. എന്നാൽ ഞാൻ ഒരു സഹായം ചെയ്യാം. എന്റെ കയ്യിലുള്ള ഈ നീലത്താമരമാല ഒരു വാടാമലർമാലയാണ്. ഈ മാല ധരിക്കുന്ന ആൾ ഭീഷ്മരെ കൊല്ലും. പക്ഷെ, ഭവതിയൊഴികെ ആരെങ്കിലും ഇത് അണിയണം. എന്നാലേ ഫലമുള്ളൂ..

സന്തോഷത്തോടെ ഞാൻ ആ മാല സ്വീകരിച്ചു. പല രാജാക്കന്മാരേയും രാജകുമാരന്മാരേയും സമീപിച്ചു. പക്ഷെ, ഭീക്ഷ്മരെപ്പേടിച്ച് ആരും അത് വാങ്ങാൻ, തൊടാൻ പോലും കൂട്ടാക്കിയില്ല.

ഒടുവിൽ ഞാനത് ദ്രുപദരാജാവിന്റെ ഗോപുരത്തിലെവിടെയോ ഉപേക്ഷിച്ചു. എനിക്കതുകൊണ്ട് എന്തു കാര്യം.?

ആരെങ്കിലും എന്നെങ്കിലും കാണട്ടെ?

നിരാശ തോന്നി......

ഇല്ല, ഞാൻ പിന്മാറില്ല. ഇവിടേയും പ്രതീക്ഷയുടെ ഒരു നേർത്ത വെളിച്ചം ഉണ്ട്. ഈ ജന്മത്തിൽ ഞാൻ ദുർഭഗ, പരാജിത. പക്ഷെ അടുത്ത ജന്മത്തിൽ എനിക്ക് ജയിക്കണം. എനിക്ക് ജയിച്ചേ മതിയാകൂ. ഈ ഓർമ്മകൾ അടുത്ത ജന്മവും എന്നെ വേട്ടയാടിക്കൊണ്ടിരിക്കും.

ഞാനോരാണായിപ്പിറക്കും. എന്നിട്ട്......... എന്റെ ജീവിതം തട്ടിപ്പറിച്ച് വലിച്ചെറിഞ്ഞ ആ അതിമനുഷനെ ഞാൻ...

എന്റെ പ്രതികാരവാഞ്ഛ എന്നെ ചൂടു പിടിപ്പിച്ചു. എനിക്ക് വേഗം പുനർജ്ജനിക്കണം. ഞാനതിന് തയ്യാറാവട്ടെ. സ്വയം പട്ടട തീർത്തു. എന്റെ പ്രതികാരത്തീകൊണ്ട് ആളിക്കത്തിക്കണം.

എന്നിട്ട് ....മറ്റൊരഗ്നിയായി അതിൽ ചാടി ആളിക്കത്തട്ടെ. വീണ്ടും ജനിക്കാൻ. ഒന്നു ജയിക്കാൻ വേണ്ടി മാത്രം.

**കണ്ടോളം കൺകുളിർക്കും മണിഭവനമഹോ-**
**ഹാരിണീ, രാജലക്ഷ്മീ -**
**കണ്ഠാശ്ലേഷം കലർന്നുള്ളഖില വസുമതീ-**
**പാലമാലാഭിരാമാ**
**ഭണ്ഡാരം കൊണ്ടു പൂർണ്ണാ, ഗജമദസുരഭീ-**
**ഭൂത ശൃംഗാടകാ, പ-**
**ണ്ടുണ്ടായിപോലയോദ്ധ്യനഗരി, പരിചിതാ**
**രാജധാനീ രഘൂണാം.**

-ഭാഷാരാമായണചമ്പു. അയോദ്ധ്യാവർണ്ണന

*കാണുന്തോറും കണ്ണിനു കുളിർമ്മ നൽകുന്ന മണിഭവനങ്ങൾ കൊണ്ടു മനോഹരം. രാജലക്ഷ്മിയാൽ ആശ്ലേഷിക്കപ്പെട്ടു രാജാക്കന്മാരുടെ സമൂഹത്താൽ അലങ്കൃതം .(സമ്രാട്ടായ അയോദ്ധ്യാപതിയെ വന്ദിക്കാൻ രാജരാജാക്കന്മാരെല്ലാം അവിടെ വരുന്നു) നിറഞ്ഞ ഭണ്ഡാരം. ആനയുടെ മദജലത്താൽ സുരഭിലമായ ഷൃംഗാടകങ്ങൽ. ഇങ്ങിനെയെല്ലാമുള്ള അയോദ്ധ്യാപുരി പണ്ടുണ്ടായിരുന്നു. അത് രഘുവംശരാജാക്കന്മാരുടെ രാജധാനിയായിരുന്നു. അത് എല്ലാ മനുഷ്യരാലും അറിയപ്പെട്ടിരുന്നു.*

*വസുമനീപാലൻ - രാജാവ്, ശൃംഗാടകം - കോട്ട , നാൽക്കവല*

# മഞ്ഞുകണങ്ങൾ

പത്മജ മേനോൻ ഫോൺ : 8289887472

അറിയാത്ത മുറിയിൽ അപരിചിതരുടെ നടുവിൽ കസേരയിൽ അമർന്നിരിക്കുമ്പോൾ മനസ്സിൽ മുഴുവനും ഹരി എന്ത് ചെയ്യുന്നുണ്ടാവും എന്ന വേവലാതിയായിരുന്നു. കല്യാണിയമ്മ എല്ലാം ശ്രദ്ധിച്ചു കൊള്ളും. അതാ ഒരു സമാധാനം. എന്താ സ്വപ്നം കാണുകയാണോ ? മാനേജർ വിളിക്കുന്നുണ്ട് എന്ന് പറഞ്ഞപ്പോൾ താൻ അറിയാതെ തന്നെ എഴുന്നേറ്റ് മാനേജരുടെ റൂമിലേക്ക് നടന്നു. ങാ... വിജയലക്ഷ്മി ഇതൊന്ന് ഡ്രാഫ്റ്റ് ചെയ്യണം എന്നു പറഞ്ഞ് ഒരു പേപ്പർ തന്റെ കൈയ്യിൽ തന്നു. പിന്നെ ഓഫീസ് ഇഷ്ടമായോ..... എല്ലാവരെയും പരിചയപ്പെട്ടോ.... രാധ മേഡം പറഞ്ഞതു കൊണ്ടാണ് ഞാൻ ജോലി നൽകിയത് എന്നു പറഞ്ഞു. വേഗം ജോലികൾ പഠിക്കൂ എന്നു പറഞ്ഞപ്പോൾ താൻ തിടുക്കത്തിൽ നടന്ന് തന്റെ സീറ്റിൽ എത്തി. കൈയ്യിലിരിക്കുന്ന പേപ്പറിനെ നോക്കി താൻ അന്ധാളിച്ചിരുന്നു. ഇത് എങ്ങനെ ചെയ്യും എന്ന് ഒന്നും അറിയില്ല. അടുത്ത സീറ്റിലുള്ള നിഖിൽ എന്ന പയ്യനോട് ചോദിച്ച് ഒരു വിധം ശരിയാക്കി. മാനേജരുടെ അടുത്ത് കൊണ്ടു പോയി കൊടുത്തു. കുറെ തെറ്റുകൾ ഉണ്ടായിരുന്നു. മാനേജർ ശകാരവർഷംകൊണ്ട് തന്നെ മൂടി. ഒന്നും പറയാതെ പേപ്പറുമായി വീണ്ടും വന്ന് എല്ലാം ശരിയാക്കി കൊടുത്തു. സത്യത്തിൽ തുമ്പിയെകൊണ്ട് കല്ലെടുപ്പിക്കുകയാണ്. ഒരു ജോലിക്ക് പോയ പരിചയമൊന്നും തനിക്ക് ഇല്ല . പക്ഷേ നിവൃത്തിയില്ല. എല്ലാം പഠിച്ച് എടുക്കണം. നിഖിൽ തന്റെ ഗുരുവായി മാറി. താൻ പതിയെ എല്ലാം പഠിച്ചെടുക്കാൻ തുടങ്ങി. അതിജീവനത്തിന് മറ്റു മാർഗ്ഗങ്ങളൊന്നുമില്ലല്ലോ. ജോലിയെല്ലാം കഴിഞ്ഞ് അവസാനം ഇറങ്ങുന്ന ജീവനക്കാരി താനാണ്. ഒരിക്കൽ സെക്യൂരിറ്റി ചോദിച്ചു , ജോലി പരിചയം കുറവാണ് അല്ലേയെന്ന്. അതെ കുറവാണ്. നാൽപ്പതാം വയസ്സിലാണ് ജോലിക്കു വന്നു തുടങ്ങിയത്. എങ്ങനെയാ പോകുന്നത് ? ട്രെയിനിലാണ്, ഇന്റർസിറ്റി പോയിട്ടുണ്ടാവുമല്ലോ.... അത് ഒരിക്കലും എനിക്ക് കിട്ടാറില്ല.... പാസഞ്ചർ വരും അതിൽ പോകാം എന്ന് പറഞ്ഞ് താൻ സ്പീഡിൽ നടന്നു. റെയിൽവേ സ്റ്റേഷൻ ശൂന്യമായിരിക്കുന്നു. എല്ലാവരും ഇന്റർസിറ്റിയിൽ പോയിട്ടുണ്ടാവും. പാസ്സഞ്ചർ എന്നും ലെയ്റ്റാണ്. ചാരുബെഞ്ചിൽ ചാരിയിരുന്നു വിധി വൈപരിത്യത്താൽ എന്തെല്ലാം വൈവിധ്യമാർന്ന അനുഭവങ്ങളാണ് തന്റെ ജീവിതത്തിൽ നടനമാടിയത്. വലിയ തറവാടും അച്ഛനും അമ്മയും കൂടപ്പിറപ്പുകളും...... അച്ഛനും അമ്മയും നഷ്ടപ്പെട്ടപ്പോൾ ബന്ധങ്ങൾക്കും അകൽച്ച വന്നു തുടങ്ങി. എല്ലാവർക്കും അവരുടെതായ ജീവിതവും പ്രശ്നങ്ങളുമുണ്ടല്ലോ.... താൻ എന്നും ഒറ്റയാൻ നക്ഷത്രമായിരുന്നു. തന്റെ അനുഭവങ്ങളും അത്തരത്തിലായിരുന്നല്ലോ... ആരോടും പരാതിയും പരിഭവവുമില്ല.... എല്ലാവർക്കും സഹായിക്കുന്നതിനും അന്വേഷിക്കുന്നതിനുമെല്ലാം ഒരു പരിധിയുണ്ടല്ലോ..... ഹരി തന്നെ കാണാതെ വിഷമിക്കുന്നുണ്ടാവും.... അവൾ പതിയെ എഴുന്നേറ്റ് സ്റ്റേഷൻ മാസ്റ്ററുടെ റൂമിനെ ലക്ഷ്യമാക്കി നടന്നു. വണ്ടി വീണ്ടും ലെയ്റ്റ് ആയോ.... എന്താ അനൗൺസ്മെന്റ് ഒന്നും കേട്ടില്ലല്ലോ.... സ്റ്റേഷൻ മാസ്റ്റർ പറഞ്ഞു ട്രെയിൻ അര മണിക്കൂർ ലെയ്റ്റ് ആണ്. കൈയ്യിൽ വാങ്ങിവെച്ചിരുന്ന കപ്പലണ്ടി മിഠായി ഒരെണ്ണം എടുത്ത് വായിലിട്ടുകൊണ്ട റെയിൽ പാളത്തിലേക്ക് നോക്കിയിരുന്നു. ഇവിടെ എവിടെയാ ജോലിയെന്നു ചോദിച്ചുകൊണ്ട് സ്റേറഷൻ മാസ്റ്റർ അരികിലേക്ക് വന്നു. താൻ ജോലി ചെയ്യുന്ന സ്ഥലം പറഞ്ഞു കൊടുത്തു. പെട്ടെന്ന് വന്നാൽ ഇന്റർസിറ്റിയിൽ പോകാമായിരുന്നല്ലോ. "-വരാൻ കഴിയില്ല. ജോലികൾ പഠിച്ച് വരുന്നതേയുള്ളൂ." അതുകൊണ്ട് സമയത്തിന് തീരില്ലായെന്നു പറഞ്ഞു. കൈയ്യിലിരിക്കുന്ന പൊതി ബാഗിൽ വെച്ച് താൻ റെഡിയായിരുന്നു. വീട്ടിൽ എത്തിയപ്പോൾ ഹരി വായിച്ച് കിടക്കുകയാണ്. തന്നെ കണ്ടപ്പോൾ ചിരിച്ചുകൊണ്ട് പറഞ്ഞു വിശക്കുന്നുയെന്ന് താൻ പറഞ്ഞു വേഗം കുളിച്ച് വരാം എന്നിട്ട് ഭക്ഷണം കഴിക്കാം എന്നു പറഞ്ഞ് താൻ ബാത്ത് റൂമിലേക്ക് ഓടി....... കല്യാണിയമ്മ ഭക്ഷണം എല്ലാം റെഡിയാക്കിയിട്ടുണ്ട്. വേഗം ഹരിക്ക് ഭക്ഷണം കൊടുത്തു. ഹരി ഉച്ചയ്ക്ക് ശരിക്കും ഭക്ഷണം കഴിച്ചില്ലായെന്ന് കല്യാണിയമ്മ പറഞ്ഞു. ഞാനില്ലായെന്ന് പറഞ്ഞ് ഹരി ഭക്ഷണം കഴിക്കാതെയിരിക്കരുത്. മരുന്ന് കഴിക്കുമ്പോൾ വയറു നിറച്ച് ഭക്ഷണവും കഴിക്കണം. ഹരി ശരിയെന്ന മട്ടിൽ തല ഇളക്കി.

ഓർമ്മകൾ മറവിയിൽ ലയിപ്പിച്ചു കൊണ്ട് സൂര്യസ്തമയങ്ങൾ കടന്നു പോയി. എന്നും താൻ പാസഞ്ചറിനെ അനസ്യൂതം കാത്തുകൊണ്ടിരുന്നു. സ്റ്റേഷൻ മാസ്റ്റർ എന്നും വർത്തമാനത്തിനായി തന്റെ അരികിലെത്തും. സ്റ്റേഷനിൽ എട്ടു പത്ത് പേർ അവിടെയവിടെയായി ഇരിപ്പുണ്ടാവും. ഒരു ദിവസം സ്റ്റേഷൻ മാസ്റ്റർ അടുത്തു വന്നിരുന്നു പറഞ്ഞു. ഇന്ന് മുഴുവൻ എന്റെ അമ്മയുടെ ഓർമ്മകളായിരുന്നു...... അമ്മയ്ക്ക് ഞാൻ ഒരു മാഷ് ആവുന്നതായിരുന്നു ഇഷ്ടം. അച്ഛനാണെങ്കിൽ എന്തായാലും അത് ഗവൺമെന്റ് ജോലി ആയിരിക്കണം എന്ന നിർബന്ധമുണ്ടായിരുന്നു. രണ്ടു പേരുടെയും ഇഷ്ടപ്രകാരം ഞാൻ ഒരു സ്റ്റേഷൻ മാസ്റ്റർ ആയി മാറി. പഠിപ്പുക്കുന്ന മാഷ് ആയില്ലെങ്കിലും മാസ്റ്റർ എന്ന വാല് തന്റെ ജോലിക്ക് ഉണ്ടെന്ന് പറഞ്ഞ് ഞാനും അമ്മയും ചിരിക്കുമായിരുന്നു. അമ്മയുടെ മൂന്നാം ചരമവാർഷികമാണ് നാളെ. അയാൾ ആകെ മൂഡ് ഔട്ടായപോലെ സാറിന്റെ പേര് ഞാൻ ചോദിച്ചില്ലായെന്നു പറഞ്ഞപ്പോൾ താൻ പറഞ്ഞു എന്റെ പേര് വിജയലക്ഷ്മി എന്ന്. ഇതെന്താ കയ്യിലൊരു പൊതി എന്ന് ചോദിച്ചപ്പോൾ അതെ പരിചയപ്പെട്ടെങ്കിലും പേരുകൾ പറഞ്ഞില്ല . എന്റെ പേര് വിശ്വനാഥ് എന്നു പ റഞ്ഞപ്പോൾ ഇത് ഹരിക്ക് വാങ്ങിയതാണ് എന്നു പറഞ്ഞ് താൻ പൊതി വിശ്വനാഥിന്റെ നേരെ നീട്ടി...... ഓ കപ്പലണ്ടി മിഠായി എനിക്കും ഇഷ്ടമാണെന്ന് പറഞ്ഞ് അയാൾ അതിൽ നിന്ന് ഒരെണ്ണം എടുത്തു. ദിവസവും കണ്ടു മുട്ടുന്ന ഞങ്ങൾ ചിരപരിചിതരായി മാറി. ഹരിക്ക് എന്നും എന്തെങ്കിലും വാങ്ങിച്ചിട്ട് പോകണമല്ലേയെന്ന് വിശ്വനാഥ് ചോദിച്ചപ്പോൾ താൻ പറഞ്ഞു ഹരിക്ക് അത് വളരെ ഇഷ്ടമാണ്. അപ്പോഴേക്കും പാസ്സഞ്ചർ കൂകി വിളിച്ച് വരുന്നുണ്ടായിരുന്നു. ഇനി 11.30 ന് വേണാട് വരും അത് കഴിഞ്ഞാൽ നിറുത്താതെ പോകുന്ന വണ്ടികളാണ് . അപ്പോൾ ഉറക്കത്തിലേക്ക് കടക്കാം... മൂന്നരയ്ക്ക് ഇന്റർസിറ്റി വീണ്ടും എത്തും. ഇടക്കിടെ വരുന്ന തീവണ്ടിയുടെ കടകട ശബ്ദവും ചൂളം വിളിയും, പിന്നീട് അങ്ങോട്ട് നിതാന്തനിശബ്ദതയാണ്. ഇതാണ് എന്റെ ലോകം വിശ്വനാഥ് പറഞ്ഞു. ഹരിയും ഏകാന്തത ഇഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഇപ്പോൾ പരാതികളൊന്നുമില്ല. കിട്ടുന്ന സമയത്ത് എല്ലാം താൻ ഹരിയുടെ അരികിൽ ഇരുന്ന് ഹരിയുമായി വർത്തമാനങ്ങൾ പറഞ്ഞും ചിരിച്ചും ഇരിക്കും.

ഓഫീസിലെ സമ്മർദ്ദത്തിൽ നിന്ന് ഒരാശ്വാസമാണ് വിശ്വനാഥ്. ഒരു ദിവസം വിശ്വനാഥ് പറഞ്ഞു അമ്മയുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു എന്റെ വിവാഹം. അവൾ ചോദിച്ചു, വിശ്വനാഥ് എന്താ വിവാഹം കഴിക്കാതെയിരുന്നത്. അമ്മ മരിച്ചപ്പോൾ ആരും ഇല്ലാത്ത അവസ്ഥയായി തറവാട് പൂട്ടി കിടക്കുകയാണ്. ഒന്നിനും ഒരു ഉത്സാഹവുമില്ലാതെ വർഷങ്ങൾ കടന്നുപോയി. താൻ പറഞ്ഞു അതൊന്നും സാരമില്ല. സമയം വൈകിയിട്ട് ഒന്നുമില്ല. ഒരു വിവാഹത്തെ പറ്റിയൊക്കെ ചിന്തിക്കൂ..... ഞാൻ ഇപ്പോൾ ഏറ്റവും കൂടുതൽ സംസാരിക്കുന്നത് വിജിയോടാണ്. ഞാൻ വിജി എന്ന് വിളിച്ചോട്ടെ. അതിനെന്താ........ വിളിച്ചോളൂ എന്നു താൻ പറഞ്ഞു. ഇന്ന് എന്താ ഹരിക്ക് വാങ്ങിച്ചിരിക്കുന്നത് എന്ന് വിശ്വനാഥൻ ചോദിച്ചപ്പോൾ താൻ പറഞ്ഞു പരിപ്പുവട വാങ്ങിക്കണം. അവിടെ എത്തിയിട്ട് എന്നു പറഞ്ഞു.

പിറ്റേന്നു രാവിലെ നേരത്തെ എഴുന്നേറ്റപ്പോൾ ഹരി തണുത്തു വിറയ്ക്കുന്നു. നോക്കിയപ്പോൾ നല്ല പനി . വേഗം മരുന്ന് എടുത്ത് കൊടുത്ത് ഹരിയുടെ അടുത്ത് തന്നെ ഇരുന്നു നേരം വെളുത്തപ്പോൾ ഓഫീസിലേക്ക് വിളിച്ച് പറഞ്ഞു. രണ്ടു ദിവസം ലീവാണെന്ന്. മരുന്നും, ചുക്ക് കാപ്പിയും എല്ലാം കൊടുത്തു ഹരിയുടെ പനിക്ക് ആശ്വാസമായി. താൻ അരികിലുള്ളതുകൊണ്ട് ഹരിയും വല്യ സന്തോഷത്തിലാണ്. അസുഖം പൂർണ്ണമായും മാറിയപ്പോൾ താൻ വീണ്ടും ജോലിക്ക് പോകാൻ തുടങ്ങി. പതിവിലും വിപരീതമായി രണ്ടു ദിവസമായി വിശ്വനാഥിനെ കാണ്മാനില്ല. ചോദിക്കാൻ അവിടെ മറ്റാരെയും കാണുന്നില്ല. ഒരു ദിവസം സ്റ്റേഷൻ മാസ്റ്ററുടെ സീറ്റിൽ മറ്റൊരാൾ ഇരിക്കുന്നു. അയാളോട് വിശ്വനാഥിനെ പറ്റി ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു വിശ്വനാഥ് സ്ഥലമാറ്റമായിപ്പോയി എന്ന്. വിശ്വനാഥിന് പകരമായാണ് ഞാൻ വന്നതെന്ന്. എന്തോ ഒരു നിരാശപോലെ തോന്നി. യാന്ത്രികമായി ദിവസങ്ങൾ കടന്നു പോയി. ഒരു ഞായറാഴ്ച കല്യാണിയമ്മയ്ക്ക് ഒപ്പം പാചകം ചെയ്തുകൊണ്ടു നില്ക്കുമ്പോഴാണ് ഉമ്മറത്ത് ഒരു കാർ വന്നു നില്

ക്കുന്നത് കണ്ടത്. നോക്കിയപ്പോൾ വിശ്വനാഥാണ്. വേഗം പോയി വിശ്വനാഥിനെ അകത്തേക്ക് ക്ഷണിച്ചു. ക്ഷമിക്കണം എനിക്ക് യാത്ര പറയാൻ പറ്റിയില്ല. ഒരാഴ്ചയോളം വിജിയെ കണ്ടില്ലല്ലോ......എനിക്ക് സ്ഥലം മാറ്റമായി എന്റെ നാട്ടിലേക്ക് തന്നെ....താൻ പറഞ്ഞു ഞാൻ അറിഞ്ഞു. വിശ്വനാഥിനെ കാണാതെയായപ്പോൾ ഞാൻ അന്വേഷിച്ചിരുന്നു. വിജിയുടെ വീട് കണ്ടു പിടിക്കാൻ കുറച്ച് ബുദ്ധിമുട്ടി. നേരത്തെ പറഞ്ഞിരുന്ന ഒരു ഓർമ്മവെച്ച് പുറപ്പെട്ടതാണ്. ഇരിക്കൂ ചായ എടുക്കാം എന്ന് താൻ പറഞ്ഞപ്പോൾ വിശ്വനാഥ് ചോദിച്ചു എവിടെ ഹരി കണ്ടില്ലല്ലോ... ഇത് ഹരിക്ക് കുറച്ച് പലഹാരങ്ങളും പിന്നെ ഇത് ഒരു ടാബലറ്റ് ആണ്. മൊബൈലിനെക്കാൾ യൂസ്ഫുൾ ആണ് ഹരിക്ക് ഇഷ്ടമാവും എന്നു പറഞ്ഞ് തന്റെ നേരെ പൊതികൾ എല്ലാം നീട്ടി താൻ അത് വാങ്ങി ടേബിളിൽ വെച്ചു. ഞാൻ ഒരു കാര്യം കൂടി അവതരിപ്പിക്കാനാണ് വന്നത്. വിജി പറഞ്ഞില്ലേ വിവാഹത്തിന്റെ സമയമൊന്നും തെറ്റിയിട്ടില്ലായെന്ന്.... ഞാൻ വിജിയെ വിവാഹം ചെയ്തുകൊള്ളട്ടെ. ഹരിയെ ഞാൻ മകനായി കരുതിക്കൊള്ളാം. ഒരു കുട്ടി ഉള്ളത് ഒന്നും എനിക്ക് പ്രശ്നമല്ല. എപ്പോഴോ വിജിയും ഹരിയും എല്ലാം എന്റെ മനസ്സിൽ കയറിക്കൂടിയിരിക്കുന്നു..... എല്ലാം കേട്ട് വിജി നിർവികാരതയോടെ വെറുതെ നിന്നു. ഹരി എവിടെ എന്ന് വിശ്വനാഥ് വീണ്ടും ചോദിച്ചു. ഹരി ഉറങ്ങുകയാണ്. രാവിലെ ഭക്ഷണം കഴിച്ച് 11 മണിക്ക് ഒരു ഹെൽത്ത് ഡ്രിങ്ക് കഴിക്കും. അത് കഴിഞ്ഞാൽ ഉറങ്ങും. ഇനി കുറച്ച് സമയം കഴിയും. ഉണരാൻ, സാരമില്ല..... വരൂ ഹരിയെ കാണിച്ചു തരാം എന്ന് പറഞ്ഞ് വിജി വിശ്വനാഥിനെ റൂമിലേക്ക് കൊണ്ടു പോയി...... വാതിൽ തുറന്ന് വിശ്വനാഥ് കണ്ടത് കട്ടിലിൽ ഉറങ്ങി കിടക്കുന്ന സുമുഖനായ ഒരു പുരുഷനെയാണ്... വിജി പറഞ്ഞു ഇതാണ് എന്റെ ഹരിയെന്ന്. വിശ്വാസം വരാതെ വിശ്വനാഥ് വീണ്ടും കണ്ണു തുറന്ന് നോക്കി. ശബ്ദം പുറത്തേക്ക് വരാതെ പതിയെ വിശ്വനാഥ് ചോദിച്ചു. ഹരി വിജിയുടെ ആരാണ് ? വിജി പറഞ്ഞു ഹരിയെന്ന് പറയുന്നത് എന്റെ ഭർത്താവ് ആണെന്ന്. വരൂയെന്ന് പറഞ്ഞ് അവർ വീണ്ടും പൂമുഖത്തിലേക്ക് എത്തി. വിശ്വനാഥ് പറഞ്ഞു ഹരിയെന്ന് പറഞ്ഞപ്പോൾ ആ സംസാരത്തിൽ നിന്നെല്ലാം ഞാൻ മനസ്സിലാക്കിയത് ഹരി മകനായിരിക്കുമെന്നാണ്. അത്ര വാത്സല്യത്തോടെയാണ് എന്നോട് പറഞ്ഞിരുന്നത്. വിജി പറഞ്ഞു. അതെ എന്റെ ഭർത്താവും മകനും ഒക്കെയാണ് ഹരി. ഹരിക്ക് എന്താ പറ്റിയത്. ഹരി ഒരസുഖക്കാരനാണ്. ഹരി ഭർത്താവ് ആണെന്ന് പറഞ്ഞില്ലല്ലോ. ..... ? ചോദിച്ചില്ല അതുകൊണ്ട് പറഞ്ഞില്ല. അസുഖക്കാരനായ ഒരു ഭർത്താവ് ഉണ്ടെന്ന് പറഞ്ഞ് നടക്കേണ്ട കാര്യമൊന്നുമില്ലല്ലോ. ഹരി എന്റെ സ്വകാര്യതയാണ്. അതിന്റെ സന്തോഷവും ദു:ഖവും ഒരു പാട് അനുഭവിച്ചവളാണ് ഞാൻ. ശരീരത്തിനെ അസുഖമുള്ളൂ. ഹരിക്ക് മനസ്സിന് നല്ല ആരോഗ്യമാണ്. അതിൽ നിറച്ച് എന്നോടുള്ള ഇഷ്ടവും. വിശ്വനാഥിന് അറിയാമോ ? അതിമനോഹരമായ ഒരു ഭൂതകാലമുണ്ടായിരുന്നു എനിക്ക്. സ്വർഗ്ഗതുല്യമായ ഞങ്ങളുടെ ദാമ്പത്യ ജീവിതവും...... ഞാൻ അനുഭവിച്ചത് എല്ലാം ഇന്ന് മറ്റുള്ളവർ അനുഭവിക്കാൻ തുടങ്ങുന്നുയെന്നു മാത്രം. അതുകൊണ്ട് നിരാശയൊന്നുമില്ലയെനിക്ക്. ഞാൻ എന്റെ വിധിയുമായി പൊരുത്തപ്പെട്ടു കഴിഞ്ഞു. ഞാൻ ഇങ്ങനെയൊക്കെയാണ് അത് മനസ്സിലാക്കി ഇഷ്ടപ്പെടുന്നവർ, ഇഷ്ടപെട്ടാൽ മതി. പലരും വന്നിരുന്നു വിവാഹ ആലോചനയുമായി. കുട്ടി ഉള്ളത് പലർക്കും കുഴപ്പമില്ല. പക്ഷേ ഭർത്താവാണെന്ന് അറിയുമ്പോൾ പലരും പിൻവാങ്ങി. സ്വന്തം കാര്യം നോക്കാൻ ഹരി എപ്പോഴും പറയും. ജീവിതത്തിലെ സന്തോഷങ്ങൾ അറിഞ്ഞത് ഹരി ജീവിതത്തിൽ വന്നപ്പോൾ മുതലായിരുന്നു. ആ ഓർമ്മകൾ മതിയെനിക്ക്. ഹരിക്ക് ഞാനല്ലാതെ വേറെ ആരും ഇല്ല മരണം വരെയും ഹരി എന്നോടൊപ്പം ഉണ്ടാവും . ഞാൻ നോക്കിക്കൊള്ളാം ഹരിയെ. വിശ്വനാഥ് പറഞ്ഞു. വിജി എന്നെ വല്ലാതെ സ്വാധീനിച്ചിരിക്കുന്നു. പറഞ്ഞറിയിക്കാൻ പറ്റാത്ത അത്ര ഇഷ്ടം. വിജി പറഞ്ഞു. എനിക്ക് ഇഷ്ടംപോലെ ഇഷ്ടം കിട്ടുന്നുണ്ട്. എനിക്ക് ആവശ്യം സുരക്ഷിതത്വമാണ്. അത് തരുവാൻ വിശ്വനാഥിന് കഴിയുമോ ? തളർത്താൻ പലരും ശ്രമിക്കുന്നുണ്ട്. പക്ഷേ തളരാതെ പിടിച്ച് നില്ക്കുകയാണ് ഞാൻ. പേരിൽ വിജയം ഉള്ളത് കൊണ്ടോ എന്തോ എല്ലാം സധൈര്യം നേരിടുന്നു. ഇഷ്ടപ്പെട്ട പെണ്ണിന് ഭർത്താവ് ഉണ്ടെന്നറിയുമ്പോൾ സാധാരണയായി എല്ലാവരും പിൻവാങ്ങും. അതെ ഇവിടെയും സംഭവിച്ചിട്ടുള്ളൂ. ഇഷ്ടപ്പെട്ട പെണ്ണിനേയും കുട്ടിയേയും പലരും ഏറ്റെടുക്കും, പക്ഷെ ഇഷ്ടപ്പെട്ട പെണ്ണിനെയും ഭർത്താവിനെയും ഏറ്റെടുത്ത ചരിത്രം ഇല്ലല്ലോ. വിശ്വനാഥ് വിഷമിക്കേണ്ട ഒരു വിവാഹമൊക്കെ കഴിച്ച് രണ്ടു പേരും കൂടി വരണം. എന്നാൽ ഞാൻ ഇറങ്ങട്ടെ





എന്നു പറഞ്ഞ് വിശ്വനാഥ് പടിയിറങ്ങി. അവൾ ഹരിയുടെ അടുത്ത് ചെന്നപ്പോൾ ഹരി ഉണർന്ന് എല്ലാം കേട്ട് കൊണ്ട് കിടക്കുന്നു. കണ്ണീർചാലുകൾ ഒഴുകി വരുന്നുണ്ട്. അവൾ കണ്ണുനീർ തുടച്ച് നെറ്റിയിൽ ഒരുമ്മവെച്ച് പറഞ്ഞു. നമ്മൾ എന്നും ഒന്നിച്ചായിരിക്കും, മതി കിടന്നത് എന്ന് പറഞ്ഞ് അയാളെ എഴുന്നേറ്റിരിപ്പിച്ച് പുസ്തകങ്ങൾ വായിക്കാൻ കൊടുത്തു.

പുതുമകൾ ഒന്നും സംഭവിക്കാതെ ദിനരാത്രങ്ങൽ പൊയ് മറഞ്ഞു. ഒരു ദിവസം വീടിന്റെ മുമ്പിൽ ഒരു ആംബുലൻസ് വന്നു നിന്നു. എന്താ കാര്യം എന്ന വിചാരിച്ച് അവൾ മുറ്റത്തേക്ക് ഇറങ്ങിനിന്നു. അപ്പോൾ അതിൽ നിന്ന് വിശ്വനാഥ് ഇറങ്ങുന്നു. ചിരിച്ചുകൊണ്ട് എന്തു പറ്റി വിശ്വനാഥ് എന്ന് അവൾ ചോദിച്ചു. ഒന്നും പറ്റിയില്ല എന്ന് വിശ്വനാഥ് പറഞ്ഞു. ഞാൻ വന്നത് ചരിത്രം തിരുത്തി കുറിക്കാനാണ്. ഞാൻ വിജിയെയും ഹരിയെയും കൊണ്ടു പോകുന്നു. എന്റെ തറവാട്ടിലേക്ക്. ഒപ്പം എന്റെ ജീവിതത്തിലേക്കും. ഇവിടെ നിന്ന് തിരിച്ച് പോയതിൽ പിന്നെ ഞാൻ ഒരു പാട് ആലോചിച്ച് എടുത്ത തീരുമാനംമാണ്. അദൃശ്യമായി അമ്മ പറയുന്നുണ്ട്. നീ അവരെ ഏറ്റെടുക്കണം. അത് നിന്റെ നിയോഗമാണെന്ന്. പിന്നെ ഒന്നും ആലോചിക്കാനില്ലായിരുന്നു.

അത്യാവശ്യ സാധനങ്ങൾ എടുത്താൽ മതി പിന്നെ വന്ന് ബാക്കിയെല്ലാം കൊണ്ടു പോകാം. എന്ത് പറയണമെന്നറിയാതെ അവൾ ഓടി പോയി ഹരിയെ കെട്ടിപ്പിടിച്ച് കരഞ്ഞു. വിശ്വനാഥ് പുറകെ വന്ന് ഹരിയെ നോക്കി തൊഴുതു..... വിജി എല്ലാം പറഞ്ഞില്ലേ ഞാൻ കൊണ്ടു പോകുകയാണ് നിങ്ങളെ. ഞാൻ ആത്മാർത്ഥമായിട്ടാണ് വിജിയെ ഇഷ്ടപ്പെട്ടത്. അതുകൊണ്ട് തന്നെ വിജി ഇഷ്ടപ്പെടുന്നവരെയെല്ലാം എനിക്കും ഇഷ്ടമാണ്.... വിശ്വനാഥിന്റെ കൈയ്യിൽ പിടിച്ച് വിങ്ങുന്ന ഹരി എല്ലാം പറയാതെ പറയുകയായിരുന്നു. വിജി ആവശ്യപ്പെട്ട മാതിരി സുരക്ഷിതത്വം, അത് എന്റെ കൊക്കിൽ ജീവനുള്ള കാലത്തോളം ഞാൻ നൽകും. വരൂ എന്നു പറഞ്ഞ് ഹരിയെ വീൽചെയറിൽ ഇരുത്തി ആംബുലൽസിൽ കൊണ്ടു പോയി കിടത്തി. പൊയ്മുഖമില്ലാത്ത വിശ്വനാഥിനോടൊപ്പം അയാളുടെ തറവാട്ടിലേക്ക് യാത്ര തിരിക്കുമ്പോൾ മനസ്സിൽ നിറഞ്ഞു നിന്നത് ഇറ്റിറ്റു വീഴുന്ന മഞ്ഞു കണത്തിന്റെ ഊഷ്മളതയായിരുന്നു. അപ്പോൾ ശുഭാപ്തിയുടെ സൂര്യകിരണങ്ങൾ പതിയെ പതിയെ പരക്കെ പരക്കുന്നുണ്ടായിരുന്നു.

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ

ഫോണിൽ ബന്ധപ്പെടുക: 0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ

## സ്ഥലം വില്പനയ്ക്ക്

**എറണാകുളം കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള തൃപ്പൂണിത്തുറ കളിക്കോട്ട പാലസിനു സമീപമുള്ള കോട്ടപ്പുറത്ത് റോഡിന്റെ വലതുവശത്ത് 16 സെന്റ് 870 ചതുരശ്ര ലിങ്ക്സ് സ്ഥലം വിൽക്കുവാനുണ്ട്. താല്പര്യമുള്ളവർ രേഖാമൂലം എറണാകുളം കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

NB : നിബന്ധനകൾക്ക് വിധേയം

ജനറൽ സെക്രട്ടറി

Ernakulam Karayogam
TDM Hall Complex, D.H. Road, Kochi - 682016
Ph : 0484 2361160, Mob : 9447171160, Email : ekmkgm@gmail.com

# നിമിത്തങ്ങളും ശകുനവും

ഡോ. കെ. ഹരിഹരൻ. ഫോൺ : 9847313322

ജാതകം കുറിക്കുമ്പോഴോ, പ്രശ്നം നോക്കുമ്പോഴോ, മുഹൂർത്തം കണക്കാക്കുമ്പോഴോ നല്ല കാര്യങ്ങൾക്കിറങ്ങുമ്പോഴോ ഒക്കെ അവനവനിലും പരിസരത്തിലും പ്രകൃതിയിലുമൊക്കെയുണ്ടാകുന്ന മാറ്റങ്ങൾ ആ ചെയ്യുന്ന, ചെയ്തുക്കൊണ്ടിരിക്കുന്ന കർമ്മത്തിന്റെ ഫലത്തെ സൂചിപ്പിക്കുന്നു എന്നാണ് നിമിത്തശാസ്ത്രം പറയുന്നത്. പ്രശ്ന വിചാരത്തിൽ നിമിത്തത്തിന് വലിയ പ്രാധാന്യമാണ് ഉള്ളത്. ജ്യോത്സ്യനെ കാണാൻ വരുന്നയാൾ വരുന്നത്, വന്നിരിക്കുന്നത് അയാളുടെ അംഗചലനങ്ങൾ, അയാൾ ആദ്യം പറയുന്ന അക്ഷരങ്ങൾ, അപ്പോൾ ചുറ്റുപാടിൽ നിന്നും ഉയരുന്ന ശബ്ദങ്ങൾ അവിടേയ്ക്കു വരുന്ന മറ്റുള്ളവരുടെ ചേഷ്ടകൾ ഒക്കെയും പ്രശ്നത്തിൽ സജീവമായി പരിഗണിക്കപ്പെടുന്നു. ഈ സമയം ജ്യോത്സ്യനിൽ ഉണ്ടാകുന്ന വികാരവിചാരങ്ങളും, അദ്ദേഹത്തിന്റെ ശ്വാസഗതിയും യാത്രാശകുനവുമെല്ലാം പ്രശ്നഫലത്തെ സ്വാധീനിക്കുന്നതാണ്. കാലു തട്ടുക, മുറിയുക, കണ്ണുകൾ തുടകൾ എന്നിവ തുടിക്കുക, വിയർക്കുക, ശ്വാസക്രമത്തിന് വ്യത്യാസം വരിക തുടങ്ങി അവനവനിലുണ്ടാകുന്ന ഭാവമാറ്റങ്ങൾ ഭാവി സൂചനകളാണെന്ന് നിമിത്ത ശാസ്ത്രം പറയുന്നു. ഉൽക്കയുടെ പതനം, ധൂമകേതുവിന്റെ ഉദയം, ആകസ്മികമായുണ്ടാകുന്ന ഇടിമിന്നലുകൾ, ഭൂകമ്പങ്ങൾ തുടങ്ങിയ പ്രകൃതിയുടെ മാറ്റങ്ങളും ഭാവിയെ സൂചിപ്പിക്കുന്നവയാണ്. നല്ലതും ചീത്തയുമായ നിമിത്തങ്ങളുണ്ട്. ശകുനം എന്ന പേരിലും നിമിത്തശാസ്ത്രം അറിയപ്പെടുന്നു.

അത്ര ജന്മാന്തരകൃതം കർമ്മംപുംസാം ശുഭാശുഭം

യത്തസ്യ ശകുന : പാകം നിവേദയതി പൃച്ഛതാം.

ഇവിടെ പൃച്ഛത്തുക്കളായ മനുഷ്യരുടെ ജന്മാന്തരത്തിൽ ചെയ്യപ്പെട്ട ശുഭാശുഭകർമ്മം യാതൊന്നാണോ അതിന്റെ ഫലത്തെ ശകുനം അറിയിച്ചു തരുന്നു. ശുഭാശുഭം അറിയാൻ ആഗ്രഹിക്കുന്നവരെ പൃച്ഛത്തുക്കൾ എന്നു പറയുന്നു. നല്ല ശകുനം നന്മയും, ചീത്ത ശകുനം തിന്മയും കാണിക്കുന്നു. ശകുനഫലാനുഭവം ഭൂതകാലത്തോ, ഭാവികാലത്തോ വർത്തമാന കാലത്തോ എന്ന് അറിയാൻ കഴിയണം.

സൂര്യൻ ഏഴര നാഴിക വീതം ഓരോ ദിക്കുകളിൽ ഉദയ സമയം മുതൽ രാത്രിയും പകലും സഞ്ചരിക്കുന്നു. ഉദിച്ച് ഏഴര നാഴിക പുലരുന്നതു വരെ കിഴക്കേ ദിക്കിലും അതിനു മേൽ ഏഴര നാഴിക സമയം അഗ്നികോണിലും ഇങ്ങനെ എട്ടു ദിക്കുകളിലായി സൂര്യൻ യാമകാലം കഴിക്കുന്നു. ഇവയിൽ ആദിത്യൻ നില്ക്കുന്ന ദിക്കിനെ ദീപ്തി എന്നും ആദിത്യ ഉപേക്ഷിച്ച ദിക്കിനെ അംഗാരമെന്നും അടുത്തു ചെല്ലാൻ പോകുന്ന ദിക്കിനെ ധൂമിനി എന്നും ശേഷമുള്ള അഞ്ചു ദിക്കുകളെ ശാനൂയെന്നും പറയപ്പെടുന്നു.

ഉദയം മുതൽ ഏഴര നാഴിക പുലർച്ച വരെ സൂര്യചാരം കിഴക്കെ ദിക്കിലാണല്ലോ. അപ്പോൾ സൂര്യൻ ഉപേക്ഷിച്ച ദിക്ക് ഈശാനകോൺ, ഇത് അംഗാരം- നീറിപ്പോയത്, കഴിഞ്ഞത് എന്നു സാരം. സൂര്യൻ നില്ക്കുന്ന ദിക്ക് കിഴക്ക്, ഇത് ദീപ്തിയാകുന്നു. ജ്വലിച്ചുകൊണ്ടിരിക്കുന്നത്. അപ്പോൾ അനുഭവിക്കുന്നത് എന്ന് സാരം. സൂര്യൻ പിന്നീട് ചെല്ലാൻ പോകുന്ന ദിക്ക് അഗ്നികോൺ, ഇത് ധൂമിനി. പുകയുന്നത്, വരാനുള്ളത് എന്ന് അർത്ഥം മറ്റുള്ള ദിക്കുകൾ അഗ്നിബന്ധമില്ലാതെ ശാന്തമായിരിക്കുന്നു

എന്ന് മനസ്സിലാക്കാം. സൂര്യൻ നില്ക്കുന്ന ദിക്കിൽ വെച്ച് സംഭവിക്കുന്ന ശകുനത്തിന്റെ ഫലം അപ്പോൾ അനുഭവിക്കുന്നതും, സൂര്യൻ ഉപേക്ഷിച്ച ദിക്കിൽ വെച്ചു സംഭവിക്കുന്ന ശകുനത്തിന്റെ ഫലം കഴിഞ്ഞതാണെന്നും സൂര്യൻ ചെല്ലാൻ പോകുന്ന ദിക്കിൽ വെച്ച് സംഭവിക്കുന്ന ശകുനങ്ങളുടെ ഫലം വരാനുള്ളതാണെന്നും അറിയണം.

സൂര്യൻ ഉപേക്ഷിച്ച ദിക്കിൽ നിന്നുണ്ടാകുന്ന ശകുനഫലം അനുഭവിച്ചതാണെന്ന് മനസ്സിലാക്കി, അതിന്റെ അഞ്ചാമത്തെ ദിക്കിൽ വെച്ച് സംഭവിക്കുന്ന ശകുനത്തിന്റെ ഫലവും അനുഭവിച്ചു കഴിഞ്ഞതാണെന്ന് പറയണം. അതേപോലെ സൂര്യൻ നില്ക്കുന്ന ദിക്കിന്റെ അഞ്ചാമത്തെ ദിക്കിൽ നിന്നുണ്ടാകുന്ന ശകുനഫലം അനുഭവിച്ചുകൊണ്ടിരിക്കുന്നതാണെന്നും അടുത്തു ചെല്ലാൻ പോകുന്ന ദിക്കിന്റെ അഞ്ചാമത്തെ ദിക്കിൽ നിന്നുണ്ടാകുന്ന ശകുനഫലം ഭാവിയിൽ അനുഭവിക്കുവാനുള്ളതാണെന്നും പറയാം.





സൂര്യൻ കിഴക്കേ ദിക്കിൽ നിൽക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ ന്യായം അനുസരിച്ച് ഈശാന കോണ്, കിഴക്ക്, അഗ്നികോൺ, നിര്യാതി കോൺ, പടിഞ്ഞാറ് വായുകോൺ ഈ ആറു ദിക്കുകളിലെ ഫലം ഇവിടെ പറഞ്ഞു കഴിഞ്ഞു. ബാക്കി ശേഷിച്ചിട്ടുള്ളത് തെക്ക്, വടക്ക് ഈ ദിക്കുകളാണ്. തെക്ക് പകുതിക്ക് കിഴക്കു വെച്ച് സംഭവിക്കുന്ന ശകുനങ്ങൾ അഗ്നികോണിന് പറഞ്ഞിട്ടുള്ളതുപോലെയും പകുതിക്ക് പടിഞ്ഞാറു വശംകൊണ്ട് സംഭവിക്കുന്ന ശകുനങ്ങൾ അഗ്നികോണിന് പറഞ്ഞിട്ടുള്ളതുപോലെയും പകുതിക്ക് പടിഞ്ഞാറുവശംകൊണ്ട് സംഭവിക്കുന്ന ശകുനങ്ങൾ നിര്യാതി കോണിനു പറഞ്ഞിട്ടുള്ള തരത്തിലും വടക്കു പകുതിക്ക് കിഴക്കു കണ്ട് സംഭവിക്കുന്ന ശകുനം ഈശാനകോണിനു പറഞ്ഞപോലെയും പകുതിക്ക് പടിഞ്ഞാറുവെച്ചു സംഭവിക്കുന്ന ശകുനഫലം വായുകോണിനു പറഞ്ഞപോലെയും ധരിച്ചു കൊള്ളണം.

കിഴക്കു തുടങ്ങി എട്ടു ദിക്കുകൾക്കും ക്രമമായി രാജാവ് അഥവാ പരമാധികാരി, മന്ത്രി അഥവാ സെക്രട്ടറി, നേതാവ്, ദൂതൻ, പ്രമുഖൻ, ചാരൻ, ബ്രാഹ്മണൻ, വിചാരിപ്പുകാരൻ എന്നിവരും കിഴക്കു തുടങ്ങി നാലു ദിക്കുകൾക്കു ക്രമമായി ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, ബ്രാഹ്മണൻ എന്നിവരുമാകുന്നു. യാത്ര പോകുമ്പോഴാകട്ടെ നില്ക്കുമ്പോഴാകട്ടെ യാതൊരു ദിക്കിൽ നിന്നും ശകുനം വെളിപ്പെടുന്നുവോ, ആ ദിക്കിൽ നിൽക്കുന്നവരുമായി സമാഗമം ഉണ്ടാകുമെന്നു പറയാം. അതായത് ശകുനശബ്ദം ഉണ്ടായ ദിക്കിൽ മുൻപ് പ്രസ്താവിച്ചവരെ കണ്ടുമുട്ടുമെന്ന് പറയാം. കിഴക്കു ദിക്കിൽ ശകുനശബ്ദമുണ്ടായാൽ മന്ത്രിയേയോ തുല്യ അധികാരികളെയോ, അഗ്നികോണിൽ നിന്നായാൽ ഗവൺമെന്റ് ഉദ്യോഗപ്രമുഖരേയോ കണ്ട് കാര്യസാദ്ധ്യം ഉണ്ടാകും എന്നു പറയാം. അപ്രകാരം മറ്റു ദിക്കുകളേയും ചിന്തിച്ചു കൊള്ളണം.

അടുത്തതായി ശകുനങ്ങളും നിമിത്തത്തേയും വിദഗ്ദ്ധരായ ജ്യോതിഷശ്രേഷ്ഠന്മാർ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്ന് ഒരു ഉദാഹരണ സഹിതം പരിശോധിക്കാം. തലക്കുളത്തൂർ ഭട്ടതിരിക്കു ജനിച്ച പുത്രനാണ് പ്രസിദ്ധമായ പാഴൂർ പടിപ്പുരയിലെ തലമുതിർന്ന കണിയാർ. കണിയാർ അച്ചട്ടാണ് എന്നാണ് വിശ്വാസം. ഇന്നും പാഴൂർ പടിപ്പുരയിൽ ചെന്നു ജാതകം കുറിക്കുവാനും പ്രശ്നം വെപ്പിക്കുവാനും ധാരാളം ആളുകളുണ്ട്.

ഒരു നമ്പൂതിരി കുടുംബത്തിലെ സ്ത്രീയുടെ പ്രസവത്തിന് അച്ഛനും മകനും കണ്ടുമുട്ടിയപ്പോൾ ഉണ്ടായ ഒരു സംഭവമാണ് ഈ കഥയിൽ വിവരിക്കുന്നത്.

നമ്പൂതിരി കുടുംബത്തിൽ വെച്ചു കണ്ടു മുട്ടിയ അച്ഛനും മകനും പാഴൂർ വീട്ടിലേക്ക് തിരികെ വരും വഴിയിൽ മകൻ കണിയാർ പറഞ്ഞു 'ഇന്ന് നമ്മൾക്ക് പോകുന്ന വഴി പാൽപ്പായിസം കിട്ടും'. അപ്പോൾ ഭട്ടതിരിപ്പാട് മകനോടു പറഞ്ഞു 'കിട്ടുന്നത് പാൽപ്പായസ്സമാണെങ്കിലും അത് കരിഞ്ഞതായിരിക്കും'. അപ്രകാരം തന്നെ അവർക്ക് ആ യാത്രയിൽ കുറെ പാൽപ്പായിസം ഒരു നമ്പൂതിരി കൊടുക്കുകയും ചെയ്തു. അവർ അത് കുടിച്ചപ്പോൾ കരിഞ്ഞ സ്വാദായിരുന്നു. ആ സമയത്ത് മകൻ മനസ്സിൽ ചിന്തിച്ചു, ഇതെന്താ ഇന്നു ഞാൻ പറയുന്നതൊന്നും ശരിയാകാത്തത് അതിന് ഭട്ടതിരിപ്പാടിന്റെ മറുപടി ഇങ്ങനെ ആയിരുന്നു. ലക്ഷണം പറയുന്നതിന് ശാസ്ത്രം ഗ്രഹിച്ചാൽ മാത്രം പോരാ, ഓരോന്നിനേക്കുറിച്ചും സൂക്ഷ്മവും പൂർണ്ണവുമായും ആലോചിച്ചും ഗ്രഹിച്ചും യുക്തിയോടുകൂടി പറഞ്ഞെങ്കിൽ മാത്രമെ പ്രവചനം ശരിയാകുകയുള്ളു. അപ്പോൾ മകൻ ഭട്ടതിരിയോടു ചോദിച്ചു, പാൽപ്പായിസം കരിഞ്ഞിരിക്കും എന്നെങ്ങനെ അറിഞ്ഞു? അപ്പോൾ ഭട്ടതിരി ഒരു മറുചോദ്യം ചോദിച്ചു, പാൽപ്പായിസം കിട്ടുമെന്ന് നീ എങ്ങനെ നിശ്ചയിച്ചു. ഉടനെ കണിയാർ പറഞ്ഞു, നാം നമ്പൂതിരിയുടെ വീട്ടിൽ നിന്നിറങ്ങിയപ്പോൾ നമ്മളുടെ വലതു വശത്തായി ഒരു ചക്രവാക മിഥുനം ഒരു പാലുള്ള വൃക്ഷത്തിന്മേൽ വന്നിരുന്നത് കണ്ടിട്ടാണ് അങ്ങനെ പറഞ്ഞത്. ഭട്ടതിരിപ്പാട് ചോദിച്ചു, 'ആ ചക്രവാക മിഥുന് വന്നിരുന്നത് ആ മരത്തിലെ ഒരു ഉണങ്ങിയ കമ്പിലാണ്, അതിനാലാണ് പാൽപ്പായിസം കരിഞ്ഞതായിരിക്കും എന്നു പറഞ്ഞത്.' ഇങ്ങനെ ഓരോ സംഗതിയും സസൂക്ഷ്മം നോക്കി അറിഞ്ഞു വേണം ഒരു ദേവജ്ഞൻ ലക്ഷണം പറയുവാൻ. ഇതിൽ നിന്നും നിമിത്തങ്ങളുടെ പ്രാധാന്യം നമ്മൾക്ക് ഊഹിക്കാമല്ലോ?



നല്ല ശകുനങ്ങൾ ചീത്തശകുനങ്ങൾ നിത്യജീവിതത്തിൽ ഓരോ വിശ്വാസിക്കും നിമിത്തങ്ങളേയും ശകുനങ്ങളേയും ആശ്രയിക്കാം. ശകുനങ്ങളെക്കുറിച്ച് വിസ്തരിക്കുന്ന ഏതാനും ശ്ലോകങ്ങൾ ചുവടെ ഉദ്ധരിക്കുന്നു.

അഗ്രേ ധേന : സവത്സാ വൃഷഗജതുരഗാ
ദക്ഷിണാവർത്ത വഹ്നിർ –
ദിവ്യസ്ത്രീ പൂർണകുംഭോ ദ്വിജവരഗണികാ –
ശ്വേതമാലാ പതാകാ :
മത്സ്യോ മാംസം ഘൃതം വാ ദധിമധു സഹിതം
കാഞ്ചനം ശുക്ല വസ്ത്രം
ദൃഷ്ട്വാ സ്പൃഷ്ട്വാ പഠിത്വ ഫലമിഹലഭതേ
മാനവോ ഗന്തുകാമ :

കിടാവും പശുവും, കാള, ആന, കുതിര, വലം തിരിഞ്ഞു കത്തുന്ന വിളക്ക് , ശ്രേഷ്ഠ വനിത, നിറകുടം, ഉത്തമ ബ്രാഹ്മണൻ, ഗണിക, വെളുത്താഹാരം, കൊടി, മത്സ്യം, മാംസം, നെയ്യ്, തൈര്, തേൻ, സ്വർണ്ണം, വെളുത്ത വസ്ത്രം എന്നിവ യാത്രാവേളയിൽ കാണുകയോ തൊടുകയോ പറഞ്ഞു കേൾക്കുകയോ ചെയ്യുന്നത് യാത്രലക്ഷ്യം നിറവേറുന്നതിന്റെ സൂചനയാണ്.

ആമം മാംസമഥാസവം മധുഘൃതേ
ധൗതാംബരാലേപനം
രത് തേഭദ്ധ്വജവാജിനശ്ച നൃപതിം
സംവർദ്ധമാനം നരം
ദേവം പാണ്ഡുര ചാമരം സുമധുര
സ്നിഗ്ദ്ധാന പാനേ ശവം
വിപ്രൗ ച ജ്വലഭഗ്നിമത്ര ശുഭദം
വിദ്യാന്നിമിത്തം ബുധാ

പച്ചയിറച്ചി, മദ്യം, തേൻ, നെയ്യ്, വെള്ളമുണ്ട്, കുറിക്കൂട്ട്, ആന, പക്ഷികൾ, രത്നങ്ങൾ, കുതിര, രാജാവ്, ഐശ്വര്യവാനായ മനുഷ്യൻ, ദേവന്റെ എഴുന്നള്ളത്ത്, വെഞ്ചാമരം, മധുരമുള്ള ചോറ്, മധുരമുള്ള പാനീയം, ശവം, രണ്ട് ബ്രാഹ്മണർ, കത്തുന്ന തീയ് ഈ വക വസ്തുക്കൾ യാത്രാരംഭത്തിൽ നേരിൽ വരുന്നത് ശുഭം.

വീണാവേണു മൃദംഗശംഖ പടഹ-
ദ്ധ്വാനം ച ഭേരീരവം
ഗീതം മഗംലമംഗനാനാം ച ഗണികാം
ഭ ദ്ധ്യക്ഷതേ ക്ഷ്വാഭികം
ദുർവ്വാചന്ദന പൂർണ്ണകുംഭക്കുസുമം
മാലാം ഫലം കന്യകാം.
ഘണ്ടാം ദീപസരോരുഹേ ച ശുഭദം
വിദ്യാന്നിമിത്തം ബുധ :

വീണ, പുല്ലാങ്കുഴൽ , മൃദംഗം, ശംഖ്, ഭേരി, കാഹളം, തുടങ്ങിയ വാദ്യങ്ങളുടെ ശബ്ദം, പാട്ട്, സുമംഗലിയായ സ്ത്രീ, ഗണിക, കൈര്, അക്ഷത കരിമ്പ്, ചന്ദനം, നിറകുടം, പൂക്കൾ, മാല, കായ്കനികൾ, കന്യക, മണി, വിളക്ക്, താമര തുടങ്ങിയവ യാത്രാകാലത്ത് ദർശിക്കുന്നത് ശുഭശകുനങ്ങളാണ്.

സൃഗാലനകുലവ്യാഘ്ര ച കോരോരഗപോത്രീണ:

ഗച്ഛന്തേ ഭക്ഷിണേ വാമേ ശ്വകാകാജമൃഗദ്വിപാ
ദൃഷ്ടാ : പ്രശസ്താ ഏതേ തുനശുഭാ : സ്യൂർവ്വിപര്യയാൽ

വലത്തു വശത്തുകൂടി കുറുക്കൻ, കീരി, കടുവ, ചെമ്പോത്ത്, പാമ്പ്, പന്നി ഇവ പോകുന്നത് ഉത്തമ ശകുനം. ഇവ ഇടത്തു വശത്തുകൂടി പോകുനനത് അശുഭ ശകുനം. പട്ടി, ആട്, മാൻ, ആന ഇവ ഇടതുവശം പോകുന്നത് ശുഭം. ഇവ വലതുവശം പോകുന്നത് അശുഭവുമാകുന്നു.

ഇനി അശുഭ ശകുനങ്ങളെക്കുറിച്ചു നോക്കാം.

കാർപ്പാ സൗഷധകൃഷ്ണ ധാന്യലവണം
ജാലാഭി ഹിം സാർത്ഥകം
ഭസ്മാംഗാരമയശ്ച തക്രമുരഗം
പൂതിഞ്ച വിട് ഛർദ്ദിതേ
ഭ്രാന്താപന്ന ജഡാന്ധമൂകബധിര
ക്ലീബാംശ്ച സന്ന്യാസിതോ
യഭ്യദ് ദൃങ് മനസോര നിഷ്ടമഖിലം
കഷ്ടം നിമിത്തം വിദു :

പരുത്തി, മരുന്ന്, എള്ള്, ഉപ്പ്, വല, ചൂണ്ട, ആയുധങ്ങൾ, ഭസ്മം, തീക്കനൽ, മോര്, സർപ്പം, ദുർഗന്ധവസ്തുക്കൾ, മലം, ഛർദ്ദിൽ, ഭ്രാന്തൻ, ആപത്തിൽ പെട്ടവൻ, ശരീര വൈകല്യമുള്ളവർ, നപുംസകൻ, സന്ന്യാസി തുടങ്ങിയവയും കണ്ണിനും ചെവിക്കും മനസ്സിനും അനിഷ്ടമായി തോന്നുന്നവയും യാത്രാരംഭത്തിൽ കണ്ടാൽ അശുഭമാണ്.

'രജസ്വലാസ്ത്രീ കൃതദേഹദാഹ കോ
മാർജ്ജാരയുദ്ധം കലഹം ദ്വിജാനാം
പശുക്ഷതം പന്നഗദർശനഞ്ച
യാത്രാമുഖേ വ്രാണഹരം ഷഡേതേ'

തീണ്ടാരിക്കാരി, ശവദാഹം കഴിഞ്ഞു വരുന്നവർ, പൂച്ചകളുടെ കലഹം, ബ്രാഹ്മണർ വഴക്കിടുന്നത്, മുറിവേറ്റ പശു, പാമ്പ്, ഇവകൾ യാത്രാവേളയിൽ





ശകുനം കാണുന്നത് അശുഭം ആണ്. ഇവകൾ മരണപ്രഭമെന്നാണ് ആചാര്യൻ സൂചിപ്പിക്കുന്നത്.

വെണ്ണീറും വിറകെണ്ണയും കഴുതയും
ചൂലും മുറം ദർഭയും
പോത്തും കൂറ്റനുമെള്ളുമുപ്പു കയറും
തക്രം മഴുശ്ശീതികൽ
ഭണ്ഡീമുണ്ഡിതനംഗ ഹീന വിധവാ
നൽ പാമ്പിരുമ്പാതുരൽ
മർജ്ജാരൻ ബലിപുഷ്പമെന്നിവയെ തിർ-
ത്തീടാൽ സദാനിന്ദിതം
ചേറും ചാണകവും വയ്ക്കോൽ പീലി –
യോറ്റാൽ മരുന്നുകൾ
പരുത്തിവലയും ചൂണ്ടൽ ചെരു-
പ്പീറനുടുത്തവൾ
യാചകൻ പതിതൻ തുമ്മൽ ദീ –
പക്ഷയമുലക്കയും
ഘടാദി വീണുടകയും യാത്രാ –
കാലേ വിശോഭനം.

ഇവയുടെ ആശയം സ്വയം വ്യക്തമാവുന്നതാകയാൽ പരാവർത്തനത്തിനു മുതിരുന്നില്ല.

അനിഷ്ട ശകുനം കണ്ടാൽ തിരികെ വന്ന് പതിനൊന്നു പ്രാവശ്യം പ്രാണായാമം ചെയ്ത് വീണ്ടും പുറപ്പെടാം. രണ്ടാമതും അനിഷ്ട ശകുനം ഉണ്ടായാൽ പതിനാറു പ്രാവശ്യം പ്രാണായാമം ചെയ്ത് യാത്ര തുടരാം. മൂന്നാമതും അനിഷ്ടശകുനമുണ്ടായാൽ പിന്നീട് യാത്രപോകുകയുമരുത്.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2020 സെപ്റ്റംബർ-ഒക്ടോബർ മാസം സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. ജസ്റ്റീസ് ആർ. ഭാസ്കരൻ, ശ്രീകൃഷ്ണകൃപ, സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ചർച്ച് റോഡ്, കലൂർ, കൊച്ചി - 682017 | 1,00,000/- |
| 2. ശ്രീ. നാരായണൻ. ടി. കിഴക്കേ തോട്ടക്കാട്ട്, എറണാകുളം | 20,000/- |
| 3. ശ്രീ. കെ.പി.കൃഷ്ണമേനോൻ, കാഞ്ഞങ്ങാട്ട് ഹൗസ്, അരങ്ങത്ത് ക്രോസ് റോഡ്, പുല്ലേപ്പടി, കൊച്ചി | 19,690 /- |
| 4. ശ്രീ. ശ്രീവല്ലഭൻ നായർ, പ്രഭുൽ, വികാസ് നഗർ, കടവന്ത്ര, കൊച്ചി - 682020 | 19, 690 /- |
| 5. ശ്രീ. എം. ശശികുമാർ, സോപാനം, കവരപറമ്പ് റോഡ്, ഇരുമ്പനം. പി. ഒ, എറണാകുളം - 682309 | 15,000/- |
| 6. ശ്രീമതി. ദേവി രാജഗോപാൽ, പ്രസീദ, തോട്ടക്കാട്ട്, ടി.ഡി. റോഡ്, എറണാകുളം | 15,000/- |
| 7. ശ്രീമതി. ഊർമ്മിള രഞ്ജിത് 2 എ, ചാക്കോള വാട്ടർസ്കേപ്സ്, തേവര ഫെറി റോഡ്, കൊച്ചി - 682013 | 10,000/- |
| 8. ശ്രീ. ബാലഗോപാൽ, മായംപുറത്ത്, യു. എസ്. എ | 10,000/- |
| 9. അഡ്വ. ബി. വി. റോഷ്ണി, നമ്പർ. 9, ജഡ്ജസ്സ് അവന്യൂ റോഡ്, 65/1572, കലൂർ, കൊച്ചി - 682017 | 10,000/- |
| 10. ശ്രീമതി. സവിത അജിത്, GTWRA 25, അശ്വതി, ഇടപ്പള്ളി | 8,648/- |
| 11. ശ്രീ. രമേഷ് കുമാർ പി, ഇന്ദു വിഹാർ, ക്ലബ്ബ് ലെയ്ൻ, കടവന്ത്ര, കൊച്ചി -682020 | 5,000/- |
| 12. ശ്രീ. എൻ.കെ. പത്മനാഭ മേനോൻ, പത്മ വിഹാർ, ലായം റോഡ്, കൊച്ചി - 682011 | 5,000/- |
| 13. ശ്രീ. പ്രദീപ് കുമാർ, പൗർണമി, മുല്ലശ്ശേരി, എ. എൽ. ജേക്കബ് റോഡ്, കൊച്ചി | 5,000/- |
| 14. ശ്രീമതി. ലക്ഷ്മി. പി. നായർ, 7 ഡി, തുലീപ് അപ്പാർട്ട്മെന്റ്സ്, സ്കൈലൈൻ കോംപ്ലക്സ്, നോർത്ത് ഗെയ്റ്റ്, തൃപ്പൂണിത്തുറ -682301 | 5,000/- |



# ശ്രീ ഹനുമാൻ എന്റെ ഇഷ്ടകഥാപാത്രം

സി. സുമംഗലാദേവി . ഫോൺ : 9447785214

മനോജവം മാരുത തുല്യവേഗം
ജിതേന്ദ്രീയം ബുദ്ധിമതാം വരിഷ്ടം
വാതാത്മജം വാനരയൂഥമുഖ്യം
ശ്രീരാമദൂതം മനസാസ്മരാമി

മനസ്സിനെ, ഇന്ദ്രിയങ്ങളെ ആകെ ജയിച്ചവനും, കാറ്റിന് തുല്യമായ വേഗതയുള്ളവനും, ബുദ്ധിമാന്മാരിൽ ശ്രേഷ്ഠനും, വായുഭഗവാന്റെ പുത്രനും, വാനരസമൂഹത്തെ നയിക്കുന്നവനും, ശ്രീരാമചന്ദ്രന്റെ ദൂതനുമായ ശ്രീ ആഞ്ജനേയനെ ഞാൻ മനസ്സിൽ സ്മരിക്കുന്നു. ഈ ആഞ്ജനേയനാണ് രാമായണത്തിലെ എന്റെ ഇഷ്ടകഥാപാത്രം.

രാമായണകഥാപാത്രങ്ങളിൽ ശ്രീരാമൻ കഴിഞ്ഞാൽ ഏറ്റവും അധികം ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും, പൂജിക്കപ്പെടുകയും ചെയ്യുന്ന ശ്രേഷ്ഠ കഥാപാത്രം ശ്രീ ഹനുമാനാണ്. നിത്യബ്രഹ്മചാരിയാണ് ഹനുമാൻ. (ബ്രഹ്മപുരാണത്തിൽ ഹനുമാനെയും വൃക്ഷാകപിയെയും പറ്റി പ്രസ്താവിച്ചിട്ടുണ്ട്. ഭാര്യയായ സുവർചലാ സമേതനായിരിക്കുന്ന ഹനുമാന്റെ പ്രതിഷ്ഠ ധാരാളം ക്ഷേത്രങ്ങളിൽ ഉണ്ടത്രേ ചിരഞ്ജീവിയാണ് ഹനുമാൻ. ചിരഞ്ജീവി എന്നാലെന്താണ് ? പ്രപഞ്ചത്തിൽ നിന്ന് മനുഷ്യരും സകലജീവജാലങ്ങളും പോയി കഴിഞ്ഞാലും ജീവന്റെ തുടിപ്പ് നിലനിൽക്കും. ആ നിലനിൽപ്പിന്റെ അടിസ്ഥാനം ആത്മജ്ഞാനമാണ്. ആ ആത്മജ്ഞാനം കൈമുതലായുള്ളവർ ചിരഞ്ജീവികളാണ് എന്നർത്ഥം. ഹനുമാൻ ആത്മജ്ഞാനിയാണ്, അതുകൊണ്ടു തന്നെ ചിരഞ്ജീവിയും.

രാമായണത്തിൽ ബാലകാണ്ഡത്തിൽ ഉമാമഹേശ്വരസംവാദത്തിൽ ശ്രീപരമേശ്വരൻ ശ്രീരാമന്റെ വാക്കുകളിലൂടെ ഹനുമാന്റെ ഗുണഗണങ്ങളെ വിവരിക്കുന്നു.

'നിന്നിലുമെന്നിലുമുണ്ടെല്ലാ നേരവുമിവൻ-
തന്നുള്ളിലഭേദയായുള്ളൊരു ഭക്തി നാഥേ !
ധന്യേ, സന്തതം പരമാത്മജ്ഞാനത്തെയൊഴി-
ഞ്ഞൊന്നിലുമൊരു നേരമാശയുമില്ലയല്ലോ
നിർമ്മലൻ ആത്മജ്ഞാനത്തിന്നിവൻപാത്രമത്രേ
നിർമ്മമൻ നിത്യബഹ്മചാരികൾ മുമ്പനല്ലോ.
കല്മഷമിവനേതുമില്ലെന്നു ധരിച്ചാലും......'.





പരമാത്മജ്ഞാനത്തിലല്ലാതെ മറ്റൊന്നിലും താല്പര്യമില്ലാത്ത, ഒന്നിനോടും മമതയില്ലാത്ത, നിത്യബ്രഹ്മചാരിയായ, കന്മഷമില്ലാത്ത, അതുല്യമായ കഴിവുകൾക്കിരിപ്പിടമായ, ആത്മാർത്ഥതയുടെ മൂർത്തിമദ് ഭാവമായ, എന്തും നേരെമാത്രം ചിന്തിക്കുന്ന, ലോകതത്ത്വങ്ങൾ എല്ലാം അർത്ഥമറിഞ്ഞ് ആചരിക്കുന്ന ചിരഞ്ജീവിയായ ഹനുമാൻ, അദ്ദേഹമാണെന്റെ ഇഷ്ടകഥാപാത്രം.

കിഷ്കിന്ധാ കാണ്ഡത്തിൽ, ശ്രീരാമലക്ഷണന്മാരെ കണ്ട് ഭയചകിതനാകുന്ന സുഗ്രീവൻ അവർ ശത്രുവോ, മിത്രമോ എന്ന് കണ്ടറിഞ്ഞു വരാൻ ഹനുമാനെ നിയോഗിക്കുന്നു. വടുരൂപത്തിൽ ശ്രീരാമസന്നിധിയിലെത്തുന്ന ഹനുമാന്റെ സ്വയം പരിചയപ്പെടുത്തൽ തന്നെ ശ്രീരാമനിൽ അതീവമതിപ്പുളവാക്കുന്നു.

'പശ്യസഖേ ! വടുരൂപിണം ലക്ഷ്മണാ!
നിശ്ശേഷശബ്ദശാസ്ത്രമനേനശ്രുതം
ഇല്ലൊരപശബ്ദമെങ്ങുമേ വാക്കിങ്കൽ
നല്ല വൈയാകരണൻ വടു നിർണ്ണയം'

കാര്യങ്ങൾ കൃത്യമായി, വളവും തിരിവുമില്ലാതെ പറയുന്നത് നല്ല ലക്ഷണമാണ്. അത് ശത്രുവിന് ദ്വേഷവും, മിത്രത്തിന് സന്തോഷവും തരുന്നതുമാണ്. ഹനുമാൻ കന്മഷമില്ലാത്തവനും, അപശബ്ദമില്ലാത്തവനും ആണെന്ന് ശ്രീരാമൻ ലക്ഷമണനോട് അപ്പോഴേ പറയുന്നു. 'First impression is the best impression' എന്നല്ലേ! അതിനുശേഷം കാര്യങ്ങൾ ഹൃസ്വമായി, വ്യക്തമായി അവതരിപ്പിച്ച് സുഗ്രീവനുമായി സഖ്യം ചെയ്യിക്കുന്നതിലും ഹനുമാന്റെ പങ്ക് സുവ്യക്തം.

ബാലിവധത്തിനുശേഷം, പ്രത്യുപകാരം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ആ ഓർമ്മപ്പെടുത്തൽ എത്ര സുന്ദരമാണ്! സുഗ്രീവനെ 'ഏകാന്തേ' കണ്ട് ആണ് കാര്യങ്ങൾ പറയുന്നത്. അതോ, അങ്ങേയ്ക്ക് ഹിതമായ കാര്യങ്ങൾ - ഇഷ്ടമായ കാര്യങ്ങൾ അല്ല - ഞാൻ ഉണർത്തിക്കാം എന്നാണ് പറയുന്നത്.

കേൾക്ക കപീന്ദ്ര നിനക്കു ഹിതങ്ങളാം
വാക്കുകൾ ഞാൻ പറയുന്നവ സാദരം
നിന്നുടെ കാര്യം വരുത്തി രഘൂത്തമൻ
മുന്നമേ സത്യവ്രതൻ പുരുഷോത്തമൻ
പിന്നെ നീയോനിരൂപിച്ചീലതേതുമെ -
ന്നെന്നുടെ മാനസേതോന്നുന്നതിന്നഹോ
.................................................................
പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും

വരും വരായ്കളെക്കുറിച്ച് കർക്കശമായി ഓർമ്മിപ്പിക്കുകയും, നിശിതമായി സുഗ്രീവനെ വിമർശിക്കുകയു ചെയ്യുന്നു. ഉപകാരസ്മരണയുടെ ആവശ്യകതയെക്കുറിച്ച് ഉദ്ബോധിപ്പിക്ക കൂടിയാണ് ഹനുമാൻ ചെയ്യുന്നത്.

അപ്പോൾ സുഗ്രീവൻ പറയുന്നതോ
'ഇത്തരം ചെല്ലുമമാത്യനുണ്ടെങ്കിലോ
പൃഥ്വീശനാപത്തുമെത്തുകയില്ലല്ലോ.'

അതേ രാജാവിനെക്കൊണ്ട് കാര്യങ്ങൾ നേരെ ചൊവ്വെ ചെയ്യിക്കുവാനുള്ള ബാദ്ധ്യത മന്ത്രിക്കുണ്ട്. യഥാർത്ഥ ഭരണകർത്താവിന് ഉപദേശം നൽകേണ്ടവർ ഹിതാനുസാരിയായ ഉപദേശമായിരിക്കണം നൽകേണ്ടത്. അവരുടെ ഒക്കെ വ്യക്ത്യാധിഷ്ഠിത ഇഷ്ടങ്ങളെയും അനിഷ്ടങ്ങളെയും അതിജീവിച്ച് ശരിയായ ഉപദേശം നൽകുക എന്നതാണ് ധാർമ്മികത. ഈ ലോകതത്വം ഹനുമാനിലൂടെ ലോകത്തിന് പറഞ്ഞു തരികയാണ് രാമായണത്തിലൂടെ. ആ ലോകതത്വം ലംഘിക്കപ്പെടുന്നതിന്റെ പരിണതഫലങ്ങൾ ലോകം ഇന്നും അനുഭവിച്ചു കൊണ്ടിരിക്കുന്നു.

സീതാന്വേഷണത്തിന് വാനരന്മാരെ നിയോഗിക്കുന്ന സമയത്തും ഹനുമാന്റെ വിശ്വാസ്യത അംഗീകരിക്കപ്പെടുന്നുണ്ട്. ശ്രീരാമൻ ഹനുമാനെ വിളിച്ച് അംഗുലീയം സീതയ്ക്കു കൊടുക്കാനായി ഏല്പിച്ചിട്ട് പറയുകയാണ്.

'എന്നുടെ കാര്യത്തിനോർക്കിൽ പ്രമാണം നീ-
യെന്നിയേ മറ്റാരുമില്ലെന്നു നിർണ്ണയം'

അത്ര വിശ്വാസമാണ് ഭഗവാന് ഹനുമാനിൽ.

സമുദ്രലംഘനം ചിന്താസമയത്ത് ഓരോരുത്തരും എനിക്കുപത്തുചാടാം, എനിക്കു നൂറു ചാടാം എന്നൊക്കെ അവകാശപ്പെടുമ്പോൾ യാതൊരു കേമത്തവും അവകാശപ്പെടാതെ നിശബ്ദനായിരിക്കുകയാണ് ഹനുമാൻ. ഹനുമാൻ ശിവാംശമാണെന്നും, ബലവാനായ കേസരിയുടെ മകനായി അഞ്ജന എന്ന ദേവസ്ത്രീയിൽ (പുഞ്ജസ്ഥലിക എന്ന ദേവസ്ത്രീ ശാപകാരണാൽ അഞ്ജനയായി ജനിച്ചതാണെന്ന് കഥ ) ജനിച്ചവനാണെന്നും, ശിവാംശം അഞ്ജനയുടെ ഗർഭത്തിൽ നിക്ഷേപിച്ചത് വായുഭഗവാനാണെന്നും, ജനിച്ചു വീണപ്പോൾ തുടുതുടെ തുടുത്തു നിൽക്കുന്ന സൂര്യനെ നല്ല ഫലമാണെന്ന് കരുതി ഭക്ഷിക്കാനായി 500 യോജന ചാടിയവനാണെന്നും, ശക്രന്റെ വജ്രായുധമേറ്റ് വീഴ്കെ വായു ഭഗവാൻ പാതാളത്തിലേക്കു സ്വപുത്രനുമാ

യി പോയിമറഞ്ഞുവെന്നും, ജീവജാലങ്ങൾ വായുവില്ലാതെ ബുദ്ധിമുട്ടുന്നതു കണ്ട് ത്രിമൂർത്തികൾ വായുഭഗവാനെ ദർശിച്ച് പുത്രൻ ചിരഞ്ജീവിയാകുമെന്ന് അനുഗ്രഹിച്ച് അനുനയിപ്പിച്ചുവെന്നും (ഒരു പക്ഷെ ആദ്യത്തെ പണിമുടക്കായിരിക്കാം വായുഭഗവാന്റേത്) ഒക്കെ ഒക്കെ അറിയുന്ന ജാംബവാൻ ഈ കഥ ഒക്കെ വിവരിച്ച്  ഹനുമാനിലെ ഊർജ്ജത്തെ ഉണർത്തുകയാണ് ചെയ്യുന്നത്. കൂടാതെ ശ്രീരാമൻ നിന്റെ കയ്യിലല്ലേ അംഗുലീയം തന്നത് എന്ന സംഭവവും ഓർമ്മിപ്പിക്കുകയാണ്. അങ്ങനെ മാരുതിയിലെ യഥാർത്ഥ കഴിവിനെ പ്രോത്സാഹിപ്പിച്ച്, ഉണർത്തി, മാരുതിയെ സന്നദ്ധനാക്കുകയാണ് ജാംബവാൻ ചെയ്യുന്നത്. അതും ഒരു ലോകതത്ത്വമായി നാം മനസ്സിലാക്കണം. ഒരുവനിലുള്ള കഴിവുകളെ പ്രകീർത്തിച്ച് 'നിനക്കത് കഴിയും' എന്ന ബോധം അവനിൽ ഉണർത്തുകയാണ് വേണ്ടത്. അല്ലാതെ നീ ഒന്നിനും കൊള്ളാത്തവനാണെന്ന് പറഞ്ഞ് നിരുത്സാഹപ്പെടുത്തുകയല്ല വേണ്ട്ത്. രാമായണത്തിലൂടനീളം മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നമ്മെ ഉദ്ബോധിപ്പിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്, മൂല്യസ്ഥാപനം തന്നെയാണ് ലക്ഷ്യം.

അങ്ങനെ തടസ്സങ്ങളെ ഒക്കെ അതിജീവിച്ച്, ലക്ഷ്യം മാത്രം മുന്നിൽ കണ്ട്, ലക്ഷ്യസാക്ഷാത്കരണത്തിനായി വിശപ്പോ, ദാഹമോ, തളർച്ചയോ കണക്കാക്കാതെ ആരൊക്കെ പിന്തിരിപ്പിക്കാൻ ശ്രമിച്ചാലും അതൊക്കെ തന്റെ നയചാതുരിയാലും, ബലത്താലും അതിജീവിച്ച്, ലക്ഷ്യസ്ഥാനമായ ലങ്കയിലെത്തുകയാണ് ഹനുമാൻ. അവിടെ എത്തുമ്പോൾ ലങ്കാലക്ഷ്മി തടസ്സവുമായി എത്തുകയാണ്. അവിടെയും തന്റെ ബുദ്ധിയാലും ശക്തിയാലും ലങ്കാലക്ഷ്മി മോക്ഷവും സാധിതമാക്കി. സീതയെ തിരഞ്ഞുള്ള പ്രയാണത്തിൽ വായുഭഗവാന്റെ സഹായത്താൽ ശിംശിപാവൃക്ഷച്ചുവട്ടിൽ എത്തിയിട്ട് എത്ര സൂക്ഷ്മമായി, നയചാതുരിയോടെയാണ് തന്റെ വരവ് അറിയിക്കുന്നത്!! സീതയുടെ മനോവ്യാപാരമൊക്കെ കണ്ടറിഞ്ഞ്, പതിയെ ശ്രീരാമകഥ വിവരിച്ച് ദേവിയുടെ ശ്രദ്ധ നേടിയെടുക്കുകയാണ്. എന്നിട്ടോ, സീതയുടെ അനുവാദത്തോടുകൂടി മാത്രമാണ് മുന്നിൽ പ്രത്യക്ഷനാവുന്നത്. അതും ഒരു ലോകതത്വം. അനുവാദം കൂടാതെ ഒരിടത്തും ചെന്നു കയറരുത് എന്ന തത്ത്വം. ഹനുമാന്റെ വാക്ധോരണിയെക്കുറിച്ച് സീതാദേവി പറയുന്നത്

ഋതമൃജു മൃദുസ്ഫുടവർണ്ണ വാക്യം തെളി –
ഞ്ഞിങ്ങനെ ചൊല്ലുന്നവർകുറയും തുലോ

സീതയെ കാര്യങ്ങൾ പറഞ്ഞു ധരിപ്പിച്ച് ആശ്വസിപ്പിച്ച ശേഷം തന്റെ കടമകളെക്കുറിച്ച് കാര്യമായി ചിന്തിച്ചുറപ്പിക്കുകയാണ് ഹനുമാൻ.

'പരപുരിയിലൊരു നൃപതി കാര്യാർത്ഥമായതി–
പാടവമുള്ളൊരു ദൂതം നിയോഗിച്ചാൽ
സ്വയമതിനൊരഴിനിലയൊഴിഞ്ഞു സാധിച്ചഥ
സ്വസ്വാമി കാര്യത്തിനന്തരമെന്നിയേ'

എന്നാണ് ആ ചിന്താധാര പോകുന്നത് . ഉത്തമനായ ദൂതൻ താൻ വന്ന വിവരം അറിയിക്കേണ്ട വ്യക്തിയെ അറിയിക്കുക തന്നെ വേണം. അങ്ങനെ വളരെ ആലോചിച്ചുറച്ച ശേഷമാണ് ഉദ്യാനം പൊടിക്കുന്നത്. അതിബലവാനായ ഹനുമാൻ തന്നോടെതിർത്തവരെ മുച്ചൂടും, എന്തിന് രാവണന്റെ മകൻ അക്ഷകുമാരനെവരെ  കാലപുരിക്കയച്ചു. ഇന്ദ്രജിത്തിന്റെ ബ്രഹ്മാസ്ത്രത്തെ അദ്ദേഹം ബഹുമാനിച്ചു വിധേയനായി കിടന്നു കൊടുക്കുകയാണ് ചെയ്തത്. അതും ഒരു ഉദ്ദേശത്തോടുകൂടി തന്നെയാണ്, രാവണന്റെ സദസ്സിൽ എത്തുക എന്ന ഉദ്ദേശം.

അങ്ങനെ ഹനുമാൻ രാവണസഭയിൽ ഹാജരാക്കപ്പെടുകയാണ്. അക്ഷന്തവ്യമായ കുറ്റങ്ങൾ ആരോപിക്കപ്പെട്ട ഹനുമാന് രാവണസഭയിൽ ലഭിക്കുന്ന നീതിപൂർവ്വകമായ വിചാരണ ശ്രദ്ധേയമാണ്. കിടയുറ്റതും നീതിയുക്തവുമായ ഒരു നീതി സംവിധാനം എങ്ങനെയായിരിക്കണമെന്ന് സുന്ദരമായി വരച്ചു കാണിക്കുകയാണ് എഴുത്തച്ഛൻ അവിടെ ചെയ്തിരിക്കുന്നത്. മലയാളി സമൂഹത്തിൽ മൂല്യസംസ്ഥാപനം നടത്തുക എന്ന ഉദ്ദേശത്തോടെ തന്നെയാണ് എഴുത്തച്ഛൻ ആദ്ധ്യാത്മരാമായണം എഴുതിയിരിക്കുന്നത് എന്ന് നമുക്ക് അസന്നിദ്ധമായി വിലയിരുത്താം.

'അമിതനിശിചരവരരെ രണശിരസി കൊന്നവ–
നാശു വിരിഞ്ചാസ്ത്രബദ്ധനായീടിനാൻ.
..................................................................
പ്ലവഗകുലവരനറിക സാമാന്യനല്ലിവൻ
പ്രത്യർത്ഥിവർഗ്ഗത്തിനെല്ലാമൊരന്തകൻ'

എന്നാണ്  ഇന്ദ്രജിത്ത് രാവണനോടു പറയുന്നത്. അവൻ ആരെന്നും എവിടെ നിന്നു വന്നുവെന്നും ഒക്കെ അന്വേഷിക്കുവാനുള്ള ആജ്ഞ കിട്ടിയ പ്രഹസ്തൻ ചോദിക്കുന്നതോ ? 'നയ വിനയ സഹിതമാദരാൽ' ആണ് ചോദിക്കുന്നത്.

'നൃപസദസികഥയമസത്യം മഹാമതേ
നിന്നെയയച്ചുവിടുന്നണ്ടു നിർണ്ണയം
ഭയമഖിലമകതളിരിൽ നിന്നു കളഞ്ഞാലും
ബ്രഹ്മസഭയ്ക്കൊക്കുമിസ്സഭ പാർക്ക നീ.'

അതേ, ബ്രഹ്മസഭയ്ക്ക് തുല്യമാണ്  രാവണന്റെ സഭ എന്നും, ധർമ്മകർമ്മങ്ങൽ മാനനീയമാണവിടെ എന്നും അടിവരയിട്ടു പറയുന്നുണ്ട്.

ഹനുമാൻ രാവണന്റെ ചോദ്യങ്ങൾ നീതിയോടെ കേട്ടിട്ടാണ് ഉത്തരം പറയുന്നത്. വളരെ നല്ല ശ്രോതാവാണ് ഹനുമാൻ എന്ന് വിവക്ഷ. ഉത്തരം പറയും മുമ്പ് താൻ ആശ്രയിക്കുന്ന ശ്രീരാമനെ മനസ്സിൽ ഉൾക്കൊണ്ട് ധൈര്യസമേതം ആണ് വാക്കുകൾ ഉച്ചരിക്കുന്നത്.

സ്ഫുടവചനമതി വിശദമിതി ശൃണജള പ്രഭോ!
പൂജന്യാം രാമദൂതൻ ഞാനറിക നീ

ആ ആത്മധൈര്യം ശ്ലാഘനീയം തന്നെ.

രാവണൻ കള്ളനെപ്പോലെ സീതയെ കട്ടുകൊണ്ടു പോന്നതും, അതിന് സീതാന്വേഷണത്തിനായി നാലു ദിക്കിലേക്കും നൂറായിരം വാനരന്മാരെ അയച്ചിട്ടുണ്ട് എന്ന വിവരം ധൈര്യസമേതം അറിയിക്കുകയാണ്.

'പ്ലവഗകുല പരിവൃഢരെ ലഘുതരമയച്ചതി –
ലേകനഹമിഹ വന്നു കണ്ടീടിനേൻ'

അങ്ങനെ പോയിരിക്കുന്ന വാനരവീരരിൽ ഏകൻ, ഒരുത്തൻ, ഞാനൊരുത്തൻ ഇവിടെ വന്നിരിക്കുകയാണ്. അതേ, ഒരുത്തന്റെ ഒരു ചെറിയ പ്രകടനം മാത്രമാണിവിടെ കണ്ടത്. ഒരുത്തൻ ഈ തരമെങ്കിൽ എല്ലാവരും വന്നാലുള്ള സ്ഥിതി  എന്താണ് എന്ന് ഊഹിച്ചു കൊള്ളൂ എന്നൊരു സൂചനയും ഈ വാക്കുകളിലുണ്ട്.

ഇകലിൽ നിശിചരവരരെ ഒക്കെമുടിച്ചതു –
മെന്ന വധിപ്പതിനായ് വന്ന കാരണം
മരണഭയമകതളിരിലില്ലയാതെ ഭുവി –
മറ്റൊരു ജന്തുക്കളില്ലെന്ന് നിർണ്ണയം.
ദശവദന ! സമരഭുവിദേഹരക്ഷാർത്ഥമായ്
ത്വൽഭൃത്യ വർഗ്ഗത്തെ നിഗ്രഹിച്ചേനഹം
ദശനിയുതശത വയസ്സിജീർണ്ണമെന്നാകിലും
ദേഹികൾക്കേറ്റം പ്രിയം ദേഹമോർക്ക നീ

അതേ, സ്വയരക്ഷയ്ക്കുവേണ്ടി ആരെയും കൊല്ലാം എന്ന വാദം – സ്വയരക്ഷാവാദം – ആണ് ഉന്നയിക്കുന്നത്. ജീവനിൽ കൊതിയില്ലാത്തവരായി ആരും ഈ ഭൂമിയിലില്ല എന്ന തത്വവും ഓർമ്മപ്പെടുത്തുന്നു. പിന്നെയോ?

തവതനയ കരഗളിതിവിധി വിശിഖപാശേന
തത്ര ഞാൻ ബദ്ധനായോനൊരു കാൽക്ഷണം.

ബ്രഹ്മാസ്ത്രത്തെ മാനിച്ച് ഞാൻ ബദ്ധനായയാണ്. എന്തിനെന്നോ ? ഇവിടെ വരുവാൻ വേണ്ടി തന്നെ. അതിനും കാരണമുണ്ട്.

അകതളിരിലറിവു കുറയുന്നവർക്കേറ്റമു –
ള്ളജ്ഞാനമൊക്കെ നീക്കേണം ബുധജനം.

അതെ, അജ്ഞാനികളായവർക്ക് ജ്ഞാനോപദേശം നൽകേണ്ടത് ബുദ്ധിമാന്മാരുടെ കടമയാണ്. നമുക്കറിയുന്ന വിഷയങ്ങൾ – വിദ്യയാകാം, ശാസ്ത്രമാകാം, വൈദ്യമാകാം... ഏതായാലും അത് അറിവു കുറഞ്ഞവർക്ക് പറഞ്ഞു കൊടുക്കേണ്ടത് കടമയാണ് . നീ നല്ല കുടുംബത്തിൽ ജനിച്ചവനല്ലേ? ഈ രാക്ഷസ സ്വഭാവം ഒക്കെ കളഞ്ഞ് മോഹസാഗരത്തിൽ മുങ്ങാതെ, ആത്മാവിനെ അറിഞ്ഞ രാമനെ ശരണം പ്രാപിക്കുക എന്ന ഉപദേശവും ധൈര്യസമേതം നല്കുകയാണ്.

'കുസൃതികളു മിനിമനസി കനിവൊടുകളഞ്ഞു വൈ–
കുണ്ഠലോകം ഗമിപ്പാൻ വഴിനോക്കു നീ
പരധനകളത്രമോഹന നിത്യം വൃഥാ
പാപമാർജ്ജിച്ചു കീഴ്പോട്ടു വീണിടൊലാ'

അന്നേ ഹനുമാൻ തന്ന ഉപദേശം, ഇന്നും ജനം അതുമുഖവിലക്കെടുക്കാത്തതിന്റെ പരിണത ഫലങ്ങൾ നാം ചുറ്റും കണ്ടുകൊണ്ടേ ഇരിക്കുന്നു. തെറ്റിനെക്കുറിച്ച് ഉറക്കെ പറയാനുള്ള ആർജ്ജവം, അതുകൊണ്ടു തന്നെയാണ് ഹനുമാൻ നല്ല മന്ത്രിയാകുന്നത്, നല്ല ഉപദേശകനാകുന്നത്.

നല്ലതു പറയുന്നത് പൊതുവെ സ്വീകാര്യമല്ലല്ലോ. അതുകൊണ്ടു തന്നെ വധശിക്ഷയാണ് ഹനുമാന് ലഭിക്കുന്നത്.

'തിലസദൃശമിവനെയിനിവെട്ടിനുറുക്കുവിൻ
ധിക്കാരമിത്ര കണ്ടീലമറ്റാർക്കുമോ'

വിധി കല്പിക്കുമ്പോൾ രാവണൻ സ്വാഭാവികമായി പക്ഷപാതപരമായി പെരുമാറുകയാണ്. കാരണം ചക്രവർത്തിയായ തനിക്കൊപ്പം ഇരുന്ന് വാദം നടത്തിയ ഹനുമാനോടുള്ള പകയും, വിദ്വേഷവും ദേഷ്യവും പ്രകടമാവുകയാണ്. ഇവ ഒരു ന്യായാധിപനു ചേർന്ന ഗുണഗണങ്ങളല്ല എന്ന് ലോകത്തെ മനസ്സിലാക്കുകയാണ്. അപമാനിക്കപ്പെട്ടു എന്നു തോന്നുന്ന ന്യായാധിപൻ വിധികർത്താവാകാൻ പാടില്ല എന്നത് ശാശ്വതസ്വാഭാവിക നിയമമാണ് എന്ന് ലോകത്തെ അറിയിക്കുകയാണ്. അതുകൊണ്ടാണ് സമചിത്തതയോടുകൂടി വിവേകമതിയായ

വിഭീഷണൻ ഇടപെടുന്നത്.

'അരുതരുതു ദുരിതമിതുദൂതനെ കൊല്ലുകെ –
ന്നാർക്കടുത്തു നൃപന്മാർക്കു ചൊല്ലീടുവിൻ?
ഇവനെവയമിവിടെ വിരവോടു കൊന്നീടിനാ –
ലെങ്ങനെയങ്ങറിയുന്നിതുരാഘവൻ?
അതിനുപുനരിവനൊരടയാളമുണ്ടാക്കി നാ–
മങ്ങയയ്ക്കേണമതല്ലോ നൃപോചിതം'

അതെ, ഉചിതമായ ശിക്ഷ നിർദ്ദേശിക്കപ്പെടുകയാണ്. ശിക്ഷ കുറ്റകൃത്യത്തിന്റെ ആനുപാതികമായിരിക്കണം. വാനരന്മാർക്കു ശൗര്യം വാലിന്മേലാണെന്നും, അടയാളപ്പെടുത്തി വിട്ടാൽ അതു മറ്റുള്ളവർക്കും പാഠമാകുമെന്നും വിഭീഷണൻപറയുന്നു. അതനുസരിച്ച് വാലിൽ തീ കൊളുത്തിയതും പരിണതഫലങ്ങളും നമുക്കറിയാം.

ലങ്കാദഹനത്തിനുശേഷം സീതയെകണ്ട് അനുവാദം വാങ്ങി രാമന്റെ സമീപത്തെത്തുന്ന ഹനുമാന്റെ ആദ്യവാചകം 'കണ്ടേനഹം സീതയെ' അതെ പോയിന്റഡ് ആൻസറാണ്. അറിയിക്കേണ്ട പ്രധാന കാര്യം ആദ്യമേ പറയുക. പിന്നെയാകട്ടെ വിശദീകരണങ്ങൾ. നമുക്ക് പൊതുവേയുള്ളൊരു സ്വാഭാവ വിശേഷമാണത്, വിവരണങ്ങൾ കഴിഞ്ഞ് കാര്യം പറയൽ. അത് മോശമാണെന്നും അറിയാം. അതുകൊണ്ടു തന്നെ ഹനുമാന്റെ 'കണ്ടേനഹം സീതയെ' എന്ന വാക്ക് എന്നെ ഹഠാദാകർഷിച്ചിട്ടുണ്ട്. ഹനുമാന്റേതായ ആ സംസാരരീതി ഞാൻ ഇഷ്ടപ്പെടുന്നു.

യുദ്ധസന്നദ്ധരായി ദക്ഷിണവാരിധീ തീരത്തെത്തിയ ശ്രീരാമന്റെ സമീപം വിഭീഷണൻ അഭയം ചോദിച്ചെത്തുമ്പോൾ ശത്രുപക്ഷത്തുള്ളവരെ മിത്രമായി കണക്കാക്കരുത് എന്നായിരുന്നു ഭൂരിപക്ഷത്തിന്റെയും അഭിപ്രായം. രാമൻ എല്ലാവരോടും അഭിപ്രായം ചോദിക്കുകയാണ്, ഹനുമാൻ അവിടെയും വ്യത്യസ്ഥനാണ്.

'വന്നു ശരണം ഗമിച്ചവർതന്നെ നാം
നന്നു രക്ഷിക്കുന്നതെന്നെന്നുടെ മതം
..........................................................
ജാതിനാമാദികൾക്കല്ല ഗുണഗണ–
ഭേദമെന്നത്രെ ബുധന്മാരുടെ മതം
ശാശ്വതമായുള്ള ധർമ്മം നൃപതികൾ –
ക്കാശ്രിതരക്ഷണമെന്ന് ശാസ്ത്രോക്തിയും'

അതാണ് ഹനുമാന്റെ അഭിപ്രായം. നിശാചര കുലത്തിൽ ജനിച്ചവരെല്ലാം മോശക്കാരെന്ന് കരുതരുത് എന്ന്. അതേ, സമത്വത്തിന്റെ അടിസ്ഥാനത്തിലുള്ള സത്യം – അത്തരം അഭിപ്രായങ്ങൾക്കാണ് ശാശ്വതത്വം. ഹനുമാനെപോലെയുള്ള കൺസൽട്ടന്റാണ് ഇന്നിന്റെ ആവശ്യം.

യുദ്ധം കൊടുമ്പിരികൊണ്ടു. മേഘനാഥന്റെ മായായുദ്ധത്തിൽ ശ്രീരാമനുൾപ്പടെ എല്ലാവരും മോഹാലസ്യപ്പെട്ടു. ജീവനുള്ളവരാരെങ്കിലുമുണ്ടോ എന്ന് അന്വേഷിച്ചു നടക്കുന്ന വിഭീഷണനോട് ജാംബവാൻ ചോദിക്കുന്നത് ഹനുമാൻ ജീവിച്ചിരിപ്പുണ്ടോ എന്നാണ്.? അതെന്തേ ഹനുമാനോട് പ്രത്യേക സ്നേഹം എന്ന വിഭീഷണന്റെ ചോദ്യത്തിന്

'എങ്കിലോ കേൾക്കനീമാരുതിയുണ്ടെങ്കിൽ
സങ്കടമില്ല മറ്റാർക്കുമറിഞ്ഞാലും
മാരുത പുത്രൻ മരിച്ചതിതെന്നാകിൽ മ–
റ്റാരുമില്ലൊക്കെ മരിച്ചതിനൊക്കുമേ'

ജാംബവാന്റെ ഉപദേശത്തിൽ മാരുതി ഔഷധ ശേഖരണാർത്ഥം പുറപ്പെട്ടു. പോകുംവഴിക്കു വന്ന തടസ്സങ്ങളെ അതിബലവാനും, ബുദ്ധിമാനുമായ ഹനുമാൻ നിഷ്പ്രയാസം തരണം ചെയ്യുന്നു. അവിടെ എത്തിയപ്പോഴോ ? ഏത്, എന്ത് എന്നൊന്നും തിരിച്ചറിയാൻ കഴിയുന്നില്ല. ആലോചിച്ചു നിന്നില്ല, മല മുച്ചൂടെ എടുത്ത് വന്ന് കാര്യപ്രാപ്തി വരുത്തി എല്ലാവരെയും മോഹാലസ്യത്തിൽ നിന്നും രക്ഷിച്ചു എന്ന് കഥ. തന്നെ ഭാരമേൽപ്പിക്കുന്ന കാര്യങ്ങൾ ഭംഗിയായി ചെയ്തു തീർക്കാനുള്ള ആ വ്യഗ്രതയും, കഴിവും ശ്ലാഘനീയം.

യുദ്ധശേഷവും, തിരിച്ച് അയോദ്ധ്യയിലെത്തുമ്പോൾ, ഭരതനെ കണ്ട് വിവരങ്ങൾ ആരായാൻ ശ്രീരാമൻ നിയോഗിക്കുന്നതും, നയകോവിദനായ, വിശ്വസ്തനായ, ഹനുമാനെ തന്നെയാണ്.

രാമായണത്തിൽ മാത്രമല്ല, മഹാഭാരതത്തിലും ഹനുമാനെ നമുക്ക് കാണാം. സഹോദരനായ ഭീമനുമായി കണ്ടു മുട്ടുന്ന രംഗം ശ്രീകുഞ്ചൻ നമ്പ്യാരുടെ വാക്കുകളിലൂടെ നമുക്ക് ഹൃദിസ്ഥമാണ്. കല്യാണസൗഗന്ധികം അന്വേഷിച്ചു പോകുന്ന ഭീമൻ, വഴിമദ്ധ്യെ കിടക്കുന്ന ഹനുമാനോട് വഴിമാറാൻ ആജ്ഞാപിക്കുന്നതും, താൻ പരിക്ഷീണനായതിനാൽ തന്റെ വാലൊന്ന് മാറ്റി വച്ചിട്ട് വഴി നടന്നു പോകാൻ ഭീമനോടു പറയുന്നതും സരസമായി കുഞ്ചൻ നമ്പ്യാർ വിവരിക്കുന്നു.

'നോക്കെടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന
മർക്കടാ നീയൊന്നു മാറിക്കിടശഠ,
ദുർഘടസ്ഥാനത്തു വന്നു കിടക്കുവാൻ
നോക്കടാ, മർക്കടാ, എന്തെടാ സംഗതി?'





എന്ന ഭീമന്റെ ചോദ്യവും നമ്മുടെ കാതുകളിൽ തുള്ളൽ പാട്ടിലൂടെ മുഴങ്ങുന്നുണ്ട്. ഒരു കാര്യം പ്രത്യേകം ശ്ലാഘനീയമാണ്. മഹാഭാരതയുദ്ധത്തിൽ പങ്കെടുക്കുവാൻ ഹനുമാൻ തയ്യാരാവുന്നില്ല, ശ്രീകൃഷ്ണനും. തന്റെ അടയാളം കൊടിക്കൂറയിൽ ഉപയോഗിച്ചു കൊള്ളുവാൻ അർജ്ജുനന് അനുവാദം കൊടുക്കുന്നുണ്ട്. എന്നാൽ എത്ര സന്നിഗ്ദ്ധ അവസ്ഥയിലും, കൊടിക്കൂറയിൽ നിന്നും എന്നല്ലാതെ, ആയുധമെടുക്കില്ല എന്ന ഉറപ്പിച്ചിരുന്ന ഭഗവാൻ ശ്രീകൃഷ്ണൻ ആയുധമെടുത്തിട്ടും, ഹനുമാൻ ധർമ്മത്തിൽ നിന്നും വ്യതിചലിക്കാതെ നിന്നു. അതാണ് ഹനുമാനെന്ന ശാശ്വത സത്യം.

അതേ, ഹനുമാൻ വാഗ്മിയാണ്. നയകോവിദനാണ്, ജ്ഞാനിയാണ്, ധർമ്മനിഷ്ഠനാണ്, വിശ്വസ്ത സേവകനാണ്, ആത്മാർത്ഥതയുടെ, നന്മയുടെ മൂർത്തിമദ് ഭാവമാണ്, നേരസ്ഥനാണ്, സത്യസന്ധനാണ്, അതിബുദ്ധിമാനാണ്, അറിവിന്റെ ഭണ്ഡാഗാരമാണ്. അതുകൊണ്ടു തന്നെ ഹനുമാൻ എന്റെ ഇഷ്ട കഥാപാത്രമാണ്.

## 2020 സെപ്റ്റംബർ-ഒക്ടോബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



രക്ഷാധികാരി
എറണാകുളം കരയോഗം

**തോട്ടക്കാട്ട് രാജഗോപാൽ മേനോൻ**
L/1529, കിഴക്കേ തോട്ടക്കാട്ട്
പ്രസീദ, ടി.ഡി. റോഡ്
കൊച്ചി – 682011



**ഗോകുല ബാലൻ ആലപ്പാട്ട്**
L/0759, കൗസ്തൂഭം, 39/4196
ശാന്തി ലെയ്ൻ, രവിപുരം റോഡ്
കൊച്ചി – 682016



**നാരായണൻകുട്ടി മേനോൻ**
**അരങ്ങത്ത്**
L/0896, പർവ്വത്തിൽ വീട്, 43/137,
ചിറ്റൂർ റോഡ്, കൊച്ചി – 682018



**അരവിന്ദാക്ഷ മേനോൻ**
L/2025, മങ്ങാട്ട് ഹൗസ്,
കെ. കെ. റോഡ്, എളംകുളം,
കൊച്ചി – 682020



**അഡ്വ. രാധാകൃഷ്ണൻ. പി.**
L/4294, 39/3724,
മനിക്കിരി ക്രോസ്സ് റോഡ്,
കൊച്ചി – 682016



**ഗോപിനാഥൻ പി.**
L/3919, ഭവിഷ്നിധി എൻക്ലൈവ്,
നമ്പർ 10, ഗാന്ധിനഗർ,
കടവന്ത്ര – 682020



**ചന്ദ്രശേഖര മേനോൻ മനിക്കിരി**
L/0786, 28/476, ശ്രീയുക്ത
ക്ലബ്ബ് ലെയ്ൻ
ഗിരിനഗർ, കൊച്ചി – 682020



**വി. ജി. ഭാസ്കരൻ നായർ**
L/0225, പത്മശ്രീ അപ്പാർട്ട്മെന്റ്,
നെറ്റിപ്പാടം റോഡ്, എറണാകുളം
സൗത്ത്, കൊച്ചി – 682016



**പി. ആർ. പ്രഭാകരൻ നായർ**
L/1344, പ്രീതി നിവാസ്
ടെമ്പിൾ റോഡ്
കടവന്ത്ര, കൊച്ചി – 682020



**രുക്മിണി. ഇ**
L/0920
81, എഴുത്തുള്ളിൽ ഹൗസ്
രവിപുരം, കൊച്ചി – 682016

**ബാലഗംഗാധരൻ സി. എസ്.**
L/3850, നമ്പർ. 9, ജഡ്ജസ്സ് അവന്യൂ,
കലൂർ, കൊച്ചി – 682017

**ജി. കൃഷ്ണ പിള്ള**
L/1100, 2 സി,
ജവഹർ ജ്യൂവൽ അപ്പാർട്ട്മെന്റ്സ്
നേതാജി സുബാഷ് ബോസ് റോഡ്
കടവന്ത്ര, കൊച്ചി – 682020

# മൂല്യങ്ങളുടെ വിൽപ്പത്രം

സതീ ഗോപീനാഥ്

വർഷങ്ങൾക്കു മുമ്പ് ഒരു ഇംഗ്ലീഷ് മാസികയിൽ "Ethical Will" എന്ന് ഒരു ലേഖനം വായിക്കാനിടയായി. ആശയം പുതിയതും ആകർഷവുമായി തോന്നി. മാസിക മടക്കി അയക്കേണ്ടതിനാൽ ലേഖനം ഒന്നു രണ്ടു പ്രാവശ്യം ശ്രദ്ധിച്ചു വായിച്ചു. ചിലത് ഓർമ്മയിൽ കുറിച്ചു വെച്ചു. അതിന്റെ ബലത്തിലാണ് ഇന്ന് ഈ ലേഖനം മലയാളത്തിൽ എഴുതാൻ ശ്രമിക്കുന്നത്. "Ethical Will" എന്ന പദത്തിന്റെ മലയാളം തർജ്ജമ എത്ര ആലോചിച്ചിട്ടും പിടി കിട്ടിയില്ല. അവസാനം മൂല്യങ്ങളുടെ വിൽപ്പത്രം എന്ന് പേരിട്ടു.

വയസ്സായി മരണത്തോടടുക്കുമ്പോൾ എല്ലാവരും തന്റെ ബാങ്ക് നിക്ഷേപങ്ങളുടെയും മറ്റു സ്ഥാവര ജംഗമ വസ്തുക്കളുടെയും ഒരു പട്ടിക തയ്യാറാക്കി അതിനെ തന്റെ പ്രിയപ്പെട്ടവരുടെ പേരിൽ തിരിച്ച് ഒരു വിൽപ്പത്രം എഴുതി ഒപ്പിടുന്നു. തന്റെ സ്വത്തിന്റെ പേരിൽ കുടുംബക്കാർ തമ്മിൽ കലഹിക്കരുതെന്ന് വിചാരിച്ചാണ് അപ്രകാരം ചെയ്യുന്നത്. എന്നാൽ ഫലം അതിന്റെ വിപരീതമായിയാണ് കാണുന്നത്. വിൽപത്ര വായനയുടെ ഇടയിൽ ചിലരുടെ മുഖങ്ങൾ വാടുന്നു, നൊടിയിടയിൽ ചോദ്യോത്തരങ്ങളും, തെറ്റിദ്ധാരണകളും തർക്കങ്ങളും കൊണ്ട് അന്തരീക്ഷം കലുഷിതമാകുന്നു. പതിയെ പതിയെ കുടുംബ ബന്ധങ്ങൾ തകരുന്നു. മണിക്കൂറുകൽ നീണ്ടു നിന്നിരുന്ന ടെലിഫോൺ സംഭാഷണങ്ങളും കൊല്ലത്തിൽ രണ്ടു തവണ വീതം നടത്തിയിരുന്ന കുടുംബയോഗങ്ങളും നിന്നു പോകുന്നു. എല്ലാവരും ഒന്നിച്ച് വിശ്വാസത്തോടെ നടത്തി വന്നിരുന്ന പല മതാചാരങ്ങളും തടസ്സപ്പെടുന്നു. എന്നു മാത്രമല്ല അങ്ങോട്ടും ഇങ്ങോട്ടും ഉണ്ടായിരുന്ന പോക്കുവരവുകൾ തടയാൻ അതിർത്തിയിൽ മതിലുകളും വേലിയുമൊക്കെ പണിതുയരുന്നു. ആകെ സ്ഥിതി വളരെ പരിതാപകരമായി മാറുന്നു.

എന്നാൽ മൂല്യങ്ങളുടെ വിൽപ്പത്രം എഴുതാൻ മരണം വരെ കാത്തിരിക്കേണ്ട ആവശ്യമില്ല. ജീവിത യാത്രക്കിടയിൽ സമയം കിട്ടുമ്പോഴൊക്കെ പലതും കുറിച്ചിടാം. താൻ ജീവിതാദർശങ്ങളായി മാറ്റിയ മൂല്യങ്ങളുടെ മഹത്വം, താൻ നേടിയെടുത്ത ലക്ഷ്യങ്ങൽ, തന്റെ സഫലീകരിക്കാത്ത സ്വപ്നങ്ങൾ, താൻ വളരെ ആദരവോടും വിശ്വസത്തോടും കൂടെ ആചരിച്ചിരുന്ന വ്രതാനുഷ്ഠാനങ്ങൾ, മൺമറഞ്ഞ പൂർവ്വികന്മാരുടെ ഓർമ്മകൾ, അവരുടെ വിജയരഹസ്യങ്ങൾ, അവരെ സംബന്ധിച്ചുള്ള രസകരമായ ചില കിംവദന്തികൾ, ആഘോഷങ്ങൾ ആയി മാറിയിരുന്ന ഒഴിവു കാലങ്ങൾ അങ്ങനെ പലതും അതിൽ പരാമർശിക്കപ്പെടാം. എന്നു തന്നെയല്ല, തന്നെ നിരാശനാക്കിയ പരാജയങ്ങൾ, തന്നെ ചതിയിൽ പെടുത്തിയ പല കൂട്ടു കെട്ടുകൾ, തന്നെ നാശത്തിലേക്ക് നയിച്ച സ്വഭാവ ദൂഷ്യങ്ങൾ ഇങ്ങനെ എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ അതും അതിൽ വ്യക്തമാക്കാം. ഇവയെല്ലാം രസകരമായ ശൈലിയിൽ എഴുതി ഒപ്പിട്ട് ഒരു അലങ്കരിച്ച ട്രഷർ ബോക്സിൽ സൂക്ഷിക്കുക. മരണാനന്തരം ആരുടെയെങ്കിലും കണ്ണിൽ പെടുകയാണെങ്കിൽ താൻ ജയിച്ചു. എന്നെ മാതിരി തന്നെ ചിന്തിക്കുന്ന ഒരുവനൊ, ഒരുവളോ എന്റെ കുടുംബ പരമ്പരയിൽ ജനിച്ചേക്കാം . അവർ അത് വായിച്ചു മനസ്സിലാക്കി എന്റെ മൂല്യങ്ങൾ മുറുക്കെ പിടിച്ച് ഒരു ജീവിതശൈലി വാർത്തെടുക്കാൻ ശ്രമിച്ചാൽ, എന്റെ നഷ്ടപ്പെട്ട് സ്വപ്നങ്ങൾ സാക്ഷാൽകരിക്കാൻ പ്രയത്നിച്ചാൽ, എന്റെ ജീവിതാനുഭവങ്ങളിൽ നിന്ന് നല്ല ഗുണപാഠങ്ങൾ പഠിച്ചാൽ ഞാൻ കൃതകൃത്യയായി. ഞാൻ അവനിലൂടെ ജീവിക്കുന്നു എന്നഹങ്കരിക്കാം. അവന്റെ പ്രയത്നത്താൽ കുടുംബ പരമ്പരകൾ ശക്തിയായി ഉയർത്തെഴുന്നേൽക്കും. മൺമറഞ്ഞ പൂർവ്വികരുടെ ഗുണവിശങ്ങൾ ചർച്ചയിൽ പെടും, അവന്റെ നേതൃത്വത്തിൽ മതാചാരങ്ങൾ വിശ്വാസത്തോടെ നടക്കാൻ തുടങ്ങും. തറവാടിന്റെ പേരും പെരുമയും വർദ്ധിക്കും. കുടുംബബന്ധങ്ങൾ വീണ്ടും ഭദ്രമാകും. ഇത്രയും ആയികിട്ടിയാൽ പോരേ ! നിങ്ങളും എഴതൂ. പത്തിൽ ഒരുവൻ രക്ഷപ്പെട്ടാൽ അത്രയും ആയി. ഇത് ഈ കലിയുഗത്തിൽ വളരുന്ന തലമുറയ്ക്ക് സമ്മാനിക്കാൻ പറ്റിയ ഒരു അമൂല്യ സമ്പത്തെന്ന് ഞാൻ വിശ്വസിക്കുന്നു. മൂല്യങ്ങൾ വളരട്ടെ ! ധർമ്മാചാരങ്ങളിൽ വിശ്വാസവും താല്പര്യവും ഉണ്ടാകട്ടെ ! വരുന്ന തലമുറ നല്ല മനുഷ്യരായി ജീവിക്കാൻ തുടങ്ങട്ടെ !





# രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം

കല്പകം സോമരാജൻ ഫോൺ : 9895453072

നമ്മുടെ തുഞ്ചത്താചാര്യൻ തന്നെ

ശ്രീരാമ നാമം പാടി വന്ന പൈങ്കിളിപ്പെണ്ണേ

ശ്രീരാമചരിതം നീ ചൊല്ലീടു മടിയാതെ - അപ്പോഴോ

ശാരിക പൈതൽ താനും വന്ദിച്ചു വന്ദ്യന്മാരെ

ശ്രീരാമസ്തുതിയോടെ പറഞ്ഞു തുടങ്ങിനാൾ..............

അങ്ങനെ പെൺജാതിയായ ശാരികയുടെ കളമൊഴിയിൽ കൂടിയാണ് നമ്മുടെ രാമായണം തുടങ്ങുന്നത്. രാമായണത്തിലെ സ്ത്രീകഥാപാത്രങ്ങളെ കുറിച്ച് ചിന്തിക്കുമ്പോൾ സീതാദേവിയാണ് മനസ്സിലേക്കോടിയെത്തുക. പുസ്തകത്തിൽ ആദ്യന്തം നിറഞ്ഞു നിൽക്കുന്ന കഥാപാത്രം. ദേവതാംശമായി സീതാദേവിയെ അവതരിപ്പിച്ചിരിക്കുന്നതിന് സുവ്യക്തമായ ഉദ്ദേശവുമുണ്ട്. ദേവതാംശമായ ഈ മായാ സീതയെ രത്നസിംഹാസനത്തിൽ ഉപവിഷ്ടയാക്കിക്കൊണ്ട് ഇതരകഥാപാത്രങ്ങളിലേക്ക് ശ്രദ്ധതിരിക്കാം. ശ്രേഷ്ട പുരാണേതിഹാസ കൃതികളിൽ മലയാളം വിട്ടാൽ പിന്നെ സംസ്കൃത കൃതികളേടാണ് നാം കടപ്പെട്ടിരിക്കുന്നത്. നമ്മുടെ പുരാണേതിഹാസങ്ങൾ ഏറെയും സംസ്കൃത കൃതികളുടെ തത്ഭാവങ്ങളോ സ്വതന്ത്ര തർജ്ജിമകളോ ആണ്. ഏതു സാഹിത്യശാഖയായാലും അതിലെ കഥാപാത്രങ്ങളെ എടുത്ത് വിചിന്തനം ചെയ്തു നോക്കിയാൽ സ്ത്രീകഥാപാത്രങ്ങൾ കഥാഗതിയിൽ വളരെ മിഴിവോടെ കഥാഗതി നിയന്ത്രിക്കുന്നത് കാണാം. പ്രസക്ത ഭാഗങ്ങളും അപ്രസക്തഭാഗങ്ങളും വളരെ മിഴിവോടെ കൈകാര്യം ചെയ്യുന്ന സ്ത്രീകഥാപാത്രങ്ങളെകൊണ്ട് സമ്പുഷ്ടമാണ് നമ്മുടെ ഇതിഹാസങ്ങൾ, രാമായണ കഥ തുടങ്ങുന്നത് തന്നെ

'നീലലോഹിതം നിജ ഭർത്താരം വിശ്വേശ്വരം

വന്ദിച്ചു വാമോത്സംഗേ വാഴുന്ന ഭഗവതി

സുന്ദരി ഹൈമവതി ചേദിച്ചു ഭക്തിയോടെ

കാരുണ്യമെന്നെ കുറിച്ചുണ്ടെങ്കിലെനിക്കിപ്പോൾ

ശ്രീരാമദേവതത്വം ഉപദേശീച്ചിടണം'.

അങ്ങനെ ശ്രീരാമകഥാ സാരം കേൾക്കാനുള്ള ഔത്സുക്യത്തോടെ ആകാംക്ഷാപരവശയായ് ചോദ്ക്കുന്ന ദേവിയോട് മഹേശ്വരൻ സന്തോഷപൂർവ്വം കഥ കേൾപ്പിക്കുകയാണ്. മാത്രമോ

'മുന്നമെന്നോടിതാരും ചോദ്യം ചെയ്തീലഞാനും.

നിന്നാണെ കേൾപ്പിച്ചതില്ലാരെയും ജീവനാഥേ.'

അങ്ങനെ ഭഗവാന്റെ ജീവാംശത്തിന്റെ സന്തോഷവായ്പിനായിട്ട് രാമകഥ പറയുന്നു. അതും പ്രേമപൂർവം വാമോത്സംഗേ ഉപവിഷ്ടയാക്കിക്കൊണ്ട്. എത്ര സുന്ദരമായ സങ്കല്പം. ഞാൻ കാണുന്ന ആദ്യ സ്ത്രീ കഥാപാത്രം ഈ ഉമാമഹേശ്വരിയാണ് മഹാദേവൻ ചുരുക്കിപ്പറയുന്ന രാമകഥകേട്ട് അതിചാരിതാർത്ഥ്യമുണ്ടായെങ്കിലും കഥ വിസ്തരിച്ചു കേൽക്കണമെന്ന ആശാപൂർത്തീകരണത്തിനായി ഭഗവാൻ കഥ തുടരുന്നു.

അടുത്തത് ഭൂമിദേവി....... പാലാഴി തീരത്തെത്തി പന്നഗശായിയോട് ക്രൂരരാക്ഷസരുടെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കണമെന്ന് സങ്കടപൂർവ്വം അപേക്ഷിക്കുന്നു. ഭഗവാനാകട്ടെ താൻ അയോദ്ധ്യയിൽ അവതരിക്കുന്നുണ്ടെന്നും ദുഷ്ടനിഗ്രഹം നടത്തുന്നതുണ്ടെന്നും അരുളി ചെയ്ത് എല്ലാവവരെയും ആശ്വസിപ്പിക്കുന്നു.

ഇനിയാണ് രാമായണത്തിലെ കാതലായ കഥ തുടങ്ങുന്നത്. അയോദ്ധ്യാപതി ദശരഥ മഹാരാജാവിന് മൂന്നു ഭാര്യമാർ. ആദ്യപത്നി കൗസല്യ, പിന്നെ സുമിത്ര, ഭർത്തൃ ശുശ്രൂഷക്കേറ്റം കൗശല്യമേറും, കൈകേയി എന്നീവരോടൊപ്പം സന്തോഷവാനായി രാജാവ് ഭരണം നടത്തുന്നു. കൗസല്യ ശംഖുചക്രഗദാധാരിയായ ഭഗവാനു ജന്മം നൽകിയ സ്ത്രീരത്നമാണ്. എന്നാൽ ഈ പകിട്ടിലൊന്നും മയങ്ങാ

തെ സാധാരണ രാജപത്നിയായി കൊട്ടാരത്തിൽ പുത്രന്മാരുമൊത്ത് വസിക്കുകയാണ്.

കേവലം അലൗകികം വൈഷ്ണവമായ രൂപം

ലോകേശാ മറക്കേണം മറ്റുള്ളോർ കാണും മുൻപേ

എന്നിട്ടോ – ലാളനാശ്ലേഷാദ്യനുരൂപമായിരിപ്പോരു

ബാലഭാവത്തെ മമ കാട്ടേണം ദയാനിധേ എന്നു പറയുമ്പോൾ അതെന്തിനാണെന്നും പറയുന്നുണ്ട്. പുത്രവാത്സല്യ വ്യാജപരിചരണത്താലെ ദു:ഖസംസാർണവം കടക്കേണം അതാണ് ലക്ഷ്യം. അതിലപ്പുറമൊന്നും ആശിക്കാത്ത ഔരു സാധാരണ അമ്മ. രാമാഭിഷേകവൃത്താന്തമറിയുന്ന കൗസല്യ വിഘ്നഹരണത്തിനായി ലക്ഷ്മിദേവിയെ പ്രാർത്ഥിക്കുന്നു. മാത്രമല്ല കേകയ പുത്രി എന്തെങ്കിലും ദുഷ്കൃതം ചെയ്തു വക്കുമോ എന്നും ചിന്തിക്കുന്നുണ്ട്. ഒടുവിൽ രമാഭിഷേകവിഘ്നം ശ്രവിക്കുന്ന മാത്രയിൽ മോഹിച്ചു ഭൂമിയിൽ വീഴുന്നു. അവിടെ യുക്തിസഹമായ പല കാര്യങ്ങളും പറയുന്നുണ്ട്. താതൻ പോകാൻ നിയോഗിച്ചാൽ പോകരുതെന്നു പറയുവാൻ എനിക്കും അധികാരമുണ്ട്. അത് ധിക്കരിച്ചു നീ പോയാൽ ഞാനുമെൻ പ്രാണങ്ങളെ ത്യജിച്ചീടുവൻ മാനവവംശവുമിന്നേ മുടിഞ്ഞു പോം-'' എന്ന് സങ്കടക്രൗര്യങ്ങളോടെ ശാപം ചൊരിഞ്ഞു കരയുകയാണ് ചെയ്യുന്നത്. എന്നാൽ രാമവചസ്സുകൾ അമ്മയെ ശാന്തചിത്തയാക്കുന്നു. ശ്രീരാമചന്ദ്രന്റെ വനയാത്ര കണ്ടു മോഹിച്ചു വീഴുന്ന രാജാവ് ബോധത്തിലെത്തുമ്പോൾ തന്നെ കൗസല്യാഗ്രഹത്തിലെത്തിക്കുവാനാണ് ആവശ്യപ്പെടുന്നത്. അഭിഷേക വിഘ്നവും കാനനയാത്രയും അറിയിക്കുവാനായി മാതൃസമീപം എത്തുന്ന ശ്രീരാമചന്ദ്രന്റെ മുഖം വാടിയിരിക്കുന്നതു കണ്ട് ഈ വിവരങ്ങളൊന്നും അറിയാത്ത അമ്മ പുത്രനെ മാറത്തണച്ച്

എന്തെൻ മകനേ മുഖാംബുജം വാടുവാൻ

ബന്ധമുണ്ടായത് പാരം വിശക്കയോ?

വന്നിരുന്നീടുനീ പാരം ഭുജിക്കുവാൻ

എന്നാണ് ചോദിക്കുന്നത്. എന്നാൽ പുത്രൻ വേറെ പറയുന്ന അഗ്നിതുല്യമായ വാക്കുകൾ കേട്ട് അമ്മ നിലം പതിക്കുന്നു. ദശരഥമഹാരാജാവിന്റെ ദേഹത്യാഗാനന്തരം ഭരദ്വാജാശ്രമത്തിൽ രാമസവിധമെത്തുന്ന അമ്മ പുത്രനെ പുണരുക മാത്രമേ ചെയ്യുന്നുള്ളൂ.

ഇനി സുമിത്ര – രണ്ടു പങ്കുപായസം പുത്രകാമേഷ്ടി സമയത്തു ഭുജിക്കയാൽ രണ്ടു പുത്രൻമാർക്കു ജന്മം നൽകി എന്നതൊഴിച്ചാൽ സുമിത്രാദേവിക്ക് അത്ര പ്രാധാന്യമൊന്നും രാമായണത്തിൽ കൊടുത്തു കാണുന്നില്ല. സുമിത്രാത്മജൻ സുമിത്രാത്മജൻ എന്നിങ്ങനെ കഥാവസാനം വരെ ലക്ഷ്മണനെ വിളിക്കുന്നത് കേൾക്കുമ്പോൾ സുമിത്രാദേവി തീർത്തും വിസ്മൃതിയിൽ ആണ്ടു പോകാതിരിക്കാനുള്ള കാവ്യകാരന്റെ ഒരു പൊടിക്കൈയാണോ ഈ വിളി എന്ന് ഞാൻ സന്ദേഹിക്കാറുണ്ട് എനിക്കു തോന്നിയിട്ടില്ല. സുന്ദരിയും ഏറ്റവും ചെറുപ്പമുള്ളവളുമായ പത്നിയോട് ശ്രീജിതൻ എന്നു പുസ്തകഭാഗങ്ങളിൽ പറയുന്ന രാജാവിന് ഇത്തിരി പ്രിയം കൂടുതൽ ഉണ്ട് എന്നതു സത്യമായ വസ്തുതയാണെന്ന്. യുദ്ധമുഖത്തൊക്കെ കൂടെ കൂട്ടുക എന്നു പറയുമ്പോൾ അവർ രാജാവിന് അത്രയും പ്രിയപ്പെച്ചവൾ എന്നു മാത്രമല്ല സമയോചിതമായി പ്രവർത്തിക്കുവാൻ പ്രാപ്തയും കൂടിയാണ് രാജ്ഞി എന്ന് കഥയിൽ കാണുന്നുണ്ട്. അങ്ങനെയാണ് വരപ്രാപ്തിക്ക് അർഹയാകുന്നത്. ആ വരം ആവശ്യസമയത്ത് – കഥാ വികാസത്തിന് അത്യാവശ്യമായി വരുന്ന സമയത്ത് ഉചിതമാംവണ്ണം പുരാണ കർത്താവ് ഉപയോഗിക്കുന്നതായി കാണാം. കൈകേയിയുടെ അപ്പോഴത്തെ പ്രവർത്തി ശരിയോ തെറ്റോ? അതെന്തായാലും സാമാന്യയായ ഒരമ്മയുടെ ചെയ്തികൾ എന്ന് നമുക്കതിനെ വിവക്ഷിക്കാം. അവതാരോദ്ദേശം മുന്നിൽ കാണുമ്പോൾ കൈകേയി എന്ന രാജ്ഞി കേവലം ഒരു ചട്ടുകം മാത്രമാണ്. അവിടെയും വരുന്നു മറ്റൊരു സ്ത്രീകഥാപാത്രം തൃവക്രയായ മന്ഥര. അവരുടെ നാവിലോ, ദേവലോകവാസികളുടെ അപേക്ഷ മാനിച്ച് സാക്ഷാൽ ശ്രീസരസ്വതി ദേവി തന്നെ കയറി ഒളിച്ചിരിക്കയാണ്. കൈകേയിയുടെ ഈ ദാസി പിതൃഗ്രഹത്തിൽ നിന്നേ കൂടെയുണ്ട്. കൈകേയി സവിധത്തിലെത്തി ദാസി പറയുന്നത് നീ കാര്യമൊന്നുമറിയാതെ സന്തോഷവതിയായി ഉണ്ടുറങ്ങി അങ്ങനെ കഴിഞ്ഞോ എന്നാണ്. എന്താണ് കാര്യമെന്നന്വേഷിക്കുമ്പോൾ രാമാഭിഷേകവൃത്താന്തം അറിയിക്കുന്നു. അതേ തുടർന്നുള്ള മറ്റു കാര്യങ്ങളും. പ്രഥമ ദൃഷ്ട്യാ ദുഷ്ട കഥാപാത്രം തന്നെയാണ് മന്ഥര. ചിന്തിച്ചാലോ, ഒരിക്കലുമല്ല. രാമന്റെ പിതൃഭക്തി, സോദരസ്നേഹം, സത്യദീക്ഷ, പ്രജാവാത്സല്യം, ധർമ്മസംസ്ഥാപനം, ദുഷ്ടനിഗ്രഹം തുടങ്ങി എല്ലാ മഹത്ചര്യകൾക്കും ബീജാവാപം ചെയ്യുന്നത് മന്ഥരയുടെ കുത്സിത തന്ത്രമാണ്. രാമമഹത്വത്തെ ലോകത്തിനു മുന്നിൽ കാട്ടി കൊടുക്കുവാൻ ഉതകുന്ന കഥാപാത്രം. ഇതാണ് മന്ഥരയുടെ പ്രസക്തി. സ്വപുത്രന്റെ ശ്രേയസ്സുമാത്രം മുന്നിൽ കണ്ടു പ്രവർത്തിച്ച കൈകേയിക്ക് ഇനിയങ്ങോട്ടുള്ള രാമായണഗതിയിൽ നിന്ദമാത്രമാണ് ലഭിക്കുന്നത്. രാമായണ കഥയുടെ അന്ത: സത്ത വച്ചു ചിന്തിക്കുമ്പോൾ ഇങ്ങനെയൊരു നികൃഷ്ട സ്ഥാനം കൈകേയിക്കു നൽകണോ എന്നൊരു ചിന്ത മനസ്സിൽ വിങ്ങലായി നിലനിൽക്കുന്നു. രാജപത്നിമാരെ കൊട്ടാരത്തിൽ വിട്ട് നമുക്ക് ഇനി പുത്രവധുക്കളെ കുറിച്ചു ചിന്തിക്കാം.

പുത്രവധുക്കളിൽ ആദ്യത്തെയാൾ – ശ്രീരാമപത്നി. സാതാദേവി. രാമായണ കഥയിലെ കാതലായ കഥാപാത്രം. ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഗുണവതിയും സൗന്ദര്യവതിയും പുണ്യവതിയും പരിശുദ്ധയുമായ കഥാപാത്രം. ജനകജ എന്ന് പാടി പുകഴ്ത്തുമ്പോഴും ജനകരാജപുത്രിയാല്ല സീതാദേവി. യാഗഭൂമി ഉഴുമ്പോൾ ഉഴവുചാലിൽ പൊന്തി വന്ന കുഞ്ഞാണ്. ഈ കുഞ്ഞിനെ രാജാവ് ഓമനിച്ചു വളർത്തുന്നു. സീതാദേവിയുടെ ജന്മരഹസ്യം രാജാവ് നാരദമഹർഷിയിൽ നിന്ന് മനസ്സിലാക്കുന്നു. അങ്ങനെ സീതാദേവി മിഥിലാപുരിയിൽ ഓമനയായി വളരുന്നു.

ഇത്തത്തയെന്തസത്തമ്മേ

രാമൻ വന്നമ്മതൻ കുഞ്ഞിനെ വേൾക്കുമത്രേ

എന്ന് കവി കൊഞ്ചലോടെ പാടുമ്പോൾ ആ രാജപുത്രിയുടെ കുട്ടിത്തവും കിളികൊഞ്ചലും അവൾക്കു ലഭിക്കുന്ന പരിലാളനാസൗഭാഗ്യങ്ങളുമെല്ലാം അനുവാചകന് ആസ്വാദ്യം തന്നെയാണ്.

മഹാലക്ഷ്മിയുടെ അവതാരമെന്നു നാം വിശ്വസിക്കുന്ന ദേവി ത്രൈയംബകം കുലച്ചു മുറിച്ച് തന്നെ വേൾക്കുന്ന പതിയെ വിശ്വസ്ഥ പത്നിയുടെ എല്ലാ നീതിയോടും എല്ലാ സമയത്തും അനുധാവനം ചെയ്യുന്നു. അനുസരിക്കുന്നു. അതിന് നാടെന്നോ വീടെന്നോ കാടെന്നോ വ്യത്യാസം കാണുന്നില്ല. അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമേ സീതാദേവി ചപലയായി കാണുന്നുള്ളൂ. അതിൽ ഏറ്റവും ശ്രദ്ധേയം ആരണ്യകാണ്ഡത്തിൽ ശ്രീരാമൻ മാരിചനെ നിഗ്രഹിക്കുന്ന സമയത്താണ്. രാമശബ്ദത്തിലുള്ള മാരീചന്റെ രോദനം കേട്ട് ലക്ഷ്മണനോട് ഭർത്താവിനെ രക്ഷിക്കുവാൻ സീത ആവശ്യപ്പെടുന്നു. ലക്ഷ്മണനാകട്ടെ രാമന്റെ വാക്കാണ് മുഖവിലക്കെടുക്കുന്നത്. സീതയോട് നിശാചരന്റെ കാപട്യത്തെകുറിച്ചു പറഞ്ഞു മനസ്സിലാക്കുന്നു. എന്നാൽ സീതയാകട്ടെ – അതും മായാസീതയാണെന്നു നാം ധരിക്കേണം – ലക്ഷ്മനനോട് അതിക്രൂരമായി

രാക്ഷോജാതിയിലത്രേ നീയുമുണ്ടായി നൂനം

ഭ്രാതൃനാശത്തിനത്രേ കാംക്ഷയാകുന്നു തവ

ചേതസി ദുഷ്ടാത്മാവേ ! ഞാനിതോർത്തീലയല്ലോ ?

എന്നു മാത്രമല്ല

രാമനാശാകാംക്ഷിതനാകിയ ഭരതന്റെ

കാമസിദ്ധ്യർത്ഥമവൻ തന്നുടെ നിയോഗത്താൽ

കൂടെപ്പോന്നിതു നീയും രാമനു നാശം വന്നാൽ

ഗൂഢമായെന്നെയും കൊണ്ടങ്ങു ചെല്ലുവാൻ നൂനം.

എന്നുമേ നിനക്കെന്നെ കിട്ടുകയില്ല താനും –

മിന്നു മൽ പ്രാണത്യാഗം ചെയ്വൻ ഞാനറിഞ്ഞാലും

ചേതസി ഭാര്യാഹരേണോദ്യതനായ നിന്നെ

സ്സോദരബുദ്ധ്യാ ധരിച്ചീലരാഘവനേതും.

രാമനെയൊഴിഞ്ഞു ഞാൻ മറ്റൊരു പുരുഷനെ

രാമപാദങ്ങളാണെ തീണ്ടുകയില്ലയല്ലോ.

ഇതൊക്കെ പറയുന്ന സീതാദേവിയെ ഏറ്റവും സാധാരണയായ ഒരു സ്ത്രീയായെ നമുക്കു കാണാൻ കഴിയൂ. എന്നാൽ മറ്റെല്ലാ സന്ദർഭങ്ങളിലും പ്രൗഢലളിതമായ ഈ ലക്ഷ്മിതേജസ്സ് അനന്യസാധാരണമായ മിഴിവോടെ മിന്നൽകൊടി പോലെ തെളിഞ്ഞു നിൽക്കുന്നതു കാണാം. അപമാനഭയത്താൽ രാമൻ ത്യജിക്കുന്ന സീതയും ആശ്രമവാസികളോടൊപ്പം താമസിക്കുകയും തന്റെ പുത്രൻമാർക്കു ജന്മം നൽകുന്ന സീതയും എന്തിനേറെ പുത്രസമേതയായി രാജസഭയിൽ എത്തുന്ന സീതപോലും തന്റെ വ്യക്തിപ്രഭാവത്തെ വിളിച്ചോതി സ്വമാതാവിനോട് താൻ സത്യസന്ധയെങ്കിൽ തന്നെ കൈയേൽക്കുവാനാണ് അപേക്ഷിക്കുന്നത്. ഇതാണ് ഈ കഥാപാത്രത്തിന്റെ ശ്രേഷ്ടത.

രാമായണത്തിലെ അടുത്ത പ്രധാന്യമുള്ള എന്നാൽ അത്രയൊന്നും പ്രാധാന്യം കൊടുത്തു കാണാത്ത കഥാപാത്രം മിഥിലരാജാവിന്റെ ഏകപുത്രി ഊർമ്മിള. ജനകജ എന്നു സദാ വിശേഷി

പ്പിക്കുന്ന സീതാദേവി ജനകപുത്രിയല്ല. അതുപോലെ ഭരതപത്നി മാണ്ഡവിയും ശത്രുഘ്ന പത്നി ശ്രുത കീർത്തിയും ജനകമഹാരാജാവിന്റെ സഹോദരൻ കുശദ്ധ്വജന്റെ പുത്രിമാരാണ്. എന്നാൽ ജനകജ എന്ന് പ്രഥമ സന്താനമായ് രാജാവ് കരുതുന്നതും ശ്രീരാമദേവപ്രിയപത്നിയായി സീതാദേവിയെ കൊടുക്കുന്നതും ഒരു പക്ഷെ ലക്ഷ്മീ ഭഗവതിയുടെ അവതാരോദ്ദേശം നാരദ മഹർഷിയിൽ നിന്ന് അറിഞ്ഞതിനാലാവാം.

മിഥില പുത്രി ഊർമ്മിള ലക്ഷ്മണ പത്നിയായി അയോദ്ധ്യയിലെത്തുന്നു. ഈ ദമ്പതിമാർക്ക് അംഗദൻ, ധർമ്മകേതു എന്നു രണ്ടു പുത്രന്മാർ ജനിക്കുന്നു. നല്ല ജ്ഞാനിയും ചിത്രകാരിയുമായി ഊർമ്മിള അറിയപ്പെടുന്നു. സീതാദേവി പറഞ്ഞുണ്ടായ അറിവ് മുൻനിർത്തി ഊർമ്മിള രാവണരൂപം വരച്ചതായി വായിച്ചൊരറിവുണ്ട്. വനവാസത്തിനായി പുറപ്പെടുന്ന ലക്ഷ്മണകുമാരൻ ഒരിക്കൽ പോലും പ്രിയപത്നിയെ ഒന്നാശ്വസിപ്പിക്കുന്നതായി കാണുന്നില്ല. ചില പാഠങ്ങലിൽ ഊർമ്മിള തന്നെ കൂടെ കൊണ്ടുപോകണമെന്നാവശ്യപ്പെടുകയും അതു സാധ്യമല്ല എന്ന ലക്ഷ്മണ വാക്യം കേട്ട് മോഹിച്ചു ഭൂമിയിൽ പതിച്ചു എന്നെല്ലാം കാണുന്നുണ്ട്. മോഹാലസ്യം വിട്ടുണർന്ന കുമാരിയെ മാതാപിതാക്കളുടെ പരിചരണത്തിനായി നിയുക്തയാക്കുകയാണ്. ലക്ഷ്മണൻ ചെയ്യുന്നത്. എന്നാൽ പതിമൂന്നു വത്സരവും ഊർമ്മിള മോഹാലസ്യത്തിലായിരുന്നു എന്നും രാമലക്ഷ്മണൻമാർ തിരിച്ചു വന്നതിനുശേഷം മാത്രമാണ് ഊർമ്മിള സ്വബോധത്തിലേക്ക് തിരിച്ചു വന്നതെന്നും ഒരു പാഠം കാണുന്നുണ്ട്. ഈ സമയം ശ്രീരാമചന്ദ്രൻ അതീവ ദു:ഖിതയായ അനുജത്തിയെ ആശ്വസിപ്പിച്ച് യാത്രാവചനം ചൊല്ലുവാനായി സമീപിക്കുമ്പോൾ അവൾ ഒരു വരം താതതുല്യനായ ജ്യേഷ്ടനോട് ആവശ്യപ്പെടുന്നു. ഭർതൃവിരഹചിന്ത അനുഭവപ്പെടാതെ ഭർതൃസാമിപ്യാനുഭവം എപ്പോഴും തനിക്കുണ്ടാകണമെന്നാണ് ആ സതീരത്നം ശ്രീരാമചന്ദ്രനോട് ആവശ്യപ്പെടുന്നത്. രാമദേവൻ ആ വരം നൽകി അവളെ അനുഗ്രഹിക്കുന്നു. ഇത് മറ്റൊരു പാഠഭേദമായി കാണുന്നു. തന്നെയുമല്ല രാജധാനിയിൽ തിരിച്ചെത്തിയ രാമരാജാവ് അർദ്ധനിശീഥിനിയിൽ ഊർമ്മിളാഗ്രഹത്തിലേക്കു പോകുന്നു. ഏകാന്തത്തിലെ ഈ പോക്കു കണ്ട ലക്ഷ്മണ കുമാരൻ പുറകെ ചെന്ന് എന്താണവിടെ നടക്കുന്നതെന്നു നിരീക്ഷിക്കുന്നു. അവിടെ കണ്ട കാഴ്ച അത്യന്തം വിചിത്രമായിരുന്നു. സ്വസ്ഥമായി ഉറങ്ങുന്ന ഊർമ്മിളയുടെ പാദങ്ങൾ അവളറിയാതെ മൃദുവായി സ്പർശിച്ച് തന്റെ മൂർദ്ധാവിൽ ചേർത്ത് വണങ്ങുകയാണ് ശ്രീരാമൻ ചെയ്യുന്നത്. സ്പർശനമാത്രയിൽ ഉണർന്ന ഊർമ്മിള ശ്രീരാമചന്ദ്രനെ കൈകൂപ്പി വണങ്ങി നമസ്കരിക്കുന്നു. അപ്പോൾ ഭഗവാൻ പറയുന്ന വാക്കുകൾ എത്രയും മഹനീയമാണ്. എന്റെ നമസ്കാരം ഏൽക്കാൻ നിന്നോളം അർഹയായി ഭൂമിയിൽ ആരും തന്നെയില്ല. അത്രയും ഉത്തമയായ ത്യാഗിനിയാണ് ഊർമ്മിള എന്നാണ് രാമവചസ്സ്. ഇതൊരു പാഠഭേദം.

മറ്റേതൊരു മഹത്കൃതിയിലുമെന്നപോലെ ആദിമകാവ്യമായ രാമായണത്തിലും അനേകം പോഷക കഥാപാത്രങ്ങൾ അണി നിരക്കുന്നുണ്ട്. കഥാഗതി നിയന്ത്രിക്കലും സാരോപദേശങ്ങൾ നൽകലും ഉപകഥകളെ കൂട്ടിയിണക്കലുമെല്ലാം ചെയ്യുന്നത് ഈ കഥാപാത്രങ്ങളാണ്. സംസ്കൃതരും അസംസ്കൃതരുമായി സ്ത്രീപുരുഷഭേദമെന്യേ അനേകം കഥാപാത്രങ്ങൾ രാമായണത്തിലുടനിളം പ്രാധാന്യത്തോടെ തന്നെ നിലകൊള്ളുന്നു. പ്രാധാന്യം കൊടുക്കേണ്ട ആദ്യസ്ത്രീകഥാപാത്രം രത്നാകര പത്നിയായ ആ കാട്ടാള സ്ത്രീ തന്നെയാണ്. ശ്രേഷ്ഠ കഥാപാത്രങ്ങൽക്കിടയിൽ പേരുകൊണ്ടു പോലും സൂചിപ്പിക്കപ്പെടാത്ത ഇവർ വായനക്കാരുടെ ദൃഷ്ടിയിൽ അജ്ഞാനിയും അപരിഷ്കൃതയുമാണ്. കേവലമൊരു കാട്ടാള സ്ത്രീ. എങ്കിലോ ചിന്തിച്ചാൽ ഏതു പരിഷ്കൃതർക്കും മാതൃകയാക്കാൻ തക്ക യോഗ്യതയുള്ള സ്ത്രീരത്നമാണിവർ. സ്വഭർത്താവിനെ ആത്യന്തികമായി സ്നേഹിച്ചു വിശ്വസിക്കുന്ന,സത്യസന്ധമായി കാര്യങ്ങൾ പറയുന്ന കാപട്യമേശാത്ത ശുദ്ധ മനസ്കയാണിവർ. ഇതിൽ പരം എന്തു ഗുണമാണ് ഒരു മനുഷ്യസ്ത്രീക്കു വേണ്ടത്. സത്യം മറച്ച് ഒരു വാക്കിവർ പറഞ്ഞിരുന്നെങ്കിൽ വാല്മീകി എന്ന മഹർഷിയോ രാമായണ കാവ്യമോ ഉണ്ടാകുമായിരുന്നോ എന്നത് ചിന്തനീയം.

യാഗ രക്ഷാർത്ഥം വിശ്വാമിത്രമഹർഷിക്കൊപ്പം വനത്തിൽ പ്രവേശിക്കുന്ന രാമലക്ഷ്ണൻമാർ ആദ്യമായി അഭിമുഖീകരിക്കുന്ന രാക്ഷസസ്ത്രീയാണ് താടക. ബാലകാണ്ഡത്തിലെ ആദ്യ രാക്ഷസി. ബ്രഹ്മദേവനെ പ്രാർത്ഥിച്ച് സുകേതു എന്ന യക്ഷന് ലഭിച്ച സന്താനം. ഇവൾക്ക് ആയിരം ആനകളുടെ ശക്തിയും അനേകം മായാവിദ്യകളും ബ്രഹ്മാവ് അനുഗ്രഹിച്ച് നൽകി. ഝർഝര പുത്രൻ സുന്ദനായിരുന്നു താടകയുടെ ഭർത്താവ്. മാരീചനും സുബാഹുവും പുത്രൻമാരും. ഒരിക്കൽ അഗസ്ത്യാശ്രമം ആക്രമിച്ച സുന്ദനെ മഹർഷി തപ :ശക്തിയാൽ ഭസ്മമാക്കി. ഇതറിഞ്ഞ താടകയും പുത്രന്മാരും അകസ്ത്യാശ്രമം ആക്രമിച്ചു. കോപിഷ്ടനായ മഹർഷി ഇവരെ ശപിച്ച് നിശാചരരാക്കി പാതാളത്തിലേക്ക് അയച്ചു രാമബാണത്താൽ എപ്പോൾ വധിക്കപ്പെടുന്നോ അന്ന് ശാപമോക്ഷം സിദ്ധിച്ച് സ്വരൂപം പ്രാപിക്കും എന്നതായിരുന്നു അഗസ്ത്യൻ നൽകിയ സമാധാന വാക്ക്. ശാപഗ്രസ്തയായ താടകയും പുത്രനും പാതാളത്തിൽ നിന്ന് ലങ്കയിലും അതു കഴിഞ്ഞ് അയോദ്ധ്യക്കടുത്ത് കരൂഷമെന്ന വനത്തിലും താമസമാക്കി. ഇവളെപ്പേടിച്ചാരും നേർവഴി നടപ്പീല - ഭുവന വാസിജനം ഭുവനേശ്വര പോറ്റി എന്നാണ് കവി ഇവളെ പറ്റി പറയുന്നത്. ഇവരുടെ ക്രൂരതയാൽ വശം കെട്ട വിശ്വാമിത്ര മഹർഷി യാഗരക്ഷാർത്ഥം രാമലക്ഷ്മണ കുമാരന്മാരെ ഈ വനത്തിലൂടെ ആനയിക്കുന്നു. മുൻധാരണയായി താടകയുടെ ക്രൂരതകളും കുമാരന്മാരെ ധരിപ്പിക്കുന്നു. കൊന്നു ഭക്ഷിക്കാനായി ആർത്തടുത്ത രാക്ഷസിയെ രാമബാണം നിർജീവമാക്കുന്നു. അപ്പോൾ കാണുന്നതോ ഘോരരൂപിണിയായ താടക സുന്ദരിയായ അപ്സരസ്സായി മാറുന്നതാണ്. അവൾ ഭഗവാനെ ആവോളം സ്തുതിച്ചു പാടുന്നു. രാവണമാതാവായ കൈകസി താടകപുത്രിയാണ്.

മറ്റൊരു പ്രധാന സ്ത്രീകഥാപാത്രമാണ് വാനരരാജാവായ ബാലിയുടെ പത്നി താര താരയുടെ ജന്മത്തെക്കുറിച്ച് രണ്ടു തരത്തിൽ പറഞ്ഞു കാണുന്നു. സുഷേണൻ എന്ന വാനരന്റെ പുത്രിയാണ് താര എന്നത് ഒരു കഥ. അതല്ല പാലാഴി മഥനത്തിൽ ആഴിയിൽ നിന്ന് ഉത്ഭവിച്ചതാണെന്ന് ഒരു കഥ. അംഗതന്റെ മാതാവാണ് താര. ബാലി നിഗ്രഹത്തിനുശേഷം സുഗ്രീവനെ താര വരിക്കുന്നുണ്ട്. വിവേകവതിയാണ് താര. അനുഭവ പാഠത്വമുള്ള വ്യക്തിത്വമാണ് താരയുടേത്. ബാലി സുഗ്രീവ യുദ്ധ സമയത്ത് ഇതു വ്യക്തമായി കാണാം. യുദ്ധത്തിൽ നിന്ന് പിൻതിരിയുവാൻ താര ബാലിയെ ഉപദേശിക്കുന്നുണ്ട്. നിർബന്ധിക്കുന്നുണ്ട്. അതുപോലെ സീതാന്വേഷണം മന്ദഗതിയിലായോ എന്ന് സംശയിച്ച് ശ്രീരാമൻ സുഗ്രീവന്റെ സമീപത്തേക്ക് ലക്ഷ്മണനെ അയക്കുന്ന സന്ദർഭമുണ്ട്. കോപിഷ്ടനായി എത്തുന്ന ലക്ഷ്മണനെ അനുനയിപ്പിച്ച് സമാധാനത്തിലാക്കുവാൻ സുഗ്രീവൻ താരയെയാണ് നിയോഗിക്കുന്നത്. ഇത്രയും പറഞ്ഞത് രാമായണത്തിലെ താരയെക്കുറിച്ചാണ്.

എന്നാൽ ആദിപരാശക്തിയുടെ പത്തു ഭാവങ്ങളായ ദശമഹാവിദ്യയിലെ പ്രധാന ഭഗവതിയാണ് താരാദേവി എന്നു കാണുന്നു. ദുർഗ്ഗ, പാർവ്വതി, മഹാകാളി, എന്നീ പരാശക്തിരൂപങ്ങളുടെ താന്ത്രിക ഭാവങ്ങളിൽ ഒന്നാണ് താരാദേവി. താരിണി എന്ന നാമത്തിലും ദേവി അറിയപ്പെടുന്നു. സംരക്ഷിക്കുന്നവൾ എന്നത്രെ ഈ ദേവിനാമത്തിനർത്ഥം. താർ എന്നാൽ സംസ്കൃതത്തിൽ സംരക്ഷിക്കുക എന്നാണ് . ഇതിന്റെ തത്ഭവപദമാണ് താര എന്നു പറയുന്നു. താർ എന്ന വാക്കിന് നക്ഷത്രം എന്നാണ് പലേ ഭാഷകളിലും അർത്ഥം. സ്വയം സുന്ദരവും ശക്തിയുക്തവും എല്ലാ ജീവവസ്തുക്കൾക്കും ആധാരവുമാണ് താര എന്നു ചുരുക്കം. കാളീശക്തിക്ക് സമാനരൂപത്തിലാണ് താരാദേവിയെ ആരാധിക്കുന്നത്. പ്രകൃതി ദുരന്തങ്ങളെ നിയന്ത്രിക്കുവാനും അവയിൽ നിന്നു രക്ഷ നേടുവാനും താരാദേവിയെ ഉപാസിക്കണമെന്നും പറയപ്പെടുന്നു.

(തുടരും )

# അഭിനന്ദനങ്ങൾ



